# യൂണിറ്റി


സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്) SUCI [C] സംസ്ഥാന കമ്മിറ്റി മുഖപത്രം

ജനുവരി 2014 വാല്യം 40 ലക്കം 10 *ചീഫ് എഡിറ്റർ : സി. കെ. ലൂക്കോസ്* പേജ് 16 വില 5.00 രൂപ


# ഇക്കഴിഞ്ഞ അസംബ്ലി തെരഞ്ഞെടുപ്പുകൾ സൂചിപ്പിക്കുന്നതെന്ത് ?

**നവംബർ 11 മുതൽ ഡിസംബർ 4 വരെ ഡൽഹി, ഛത്തീസ്ഗഢ്, മദ്ധ്യപ്രദേശ്, രാജസ്ഥാൻ, മിസോറം എന്നീ അഞ്ച് സംസ്ഥാനങ്ങളിലെ നിയമസഭാ തിരഞ്ഞെടുപ്പുകൾ നടന്നു. അവയുടെ ഫലവും വന്നുകഴിഞ്ഞു. രണ്ട് കാര്യങ്ങൾ ശ്രദ്ധേയമാണ്. ഒന്നാമതായി കുത്തക മുതലാളിമാരുടെ പ്രസിദ്ധീകരണങ്ങൾ ഏർപ്പാടാക്കിയ വിവിധ ഏജൻസികൾ തെരഞ്ഞെടുപ്പിന് മുൻപ് സർവ്വേ നടത്തി മുന്നോട്ടു വച്ച പ്രവചനങ്ങൾ പൊതുവേ ശരിവക്കുന്ന തരത്തിലാണ് ഫലങ്ങൾ വന്നത്. ഡൽഹിയിൽ മാത്രം അണ്ണാഹസാരെ പ്രസ്ഥാനത്തിൽ നിന്ന് പിളർന്ന് പുതുതായി രൂപംകൊണ്ട ആം ആദ്മി പാർട്ടി (എ.എ.പി ) 72 സീറ്റിൽ 28 ഉം സ്വന്തമാക്കി അത്ഭുതം സൃഷ്ടിച്ചു. മോഡി തരംഗം എന്ന പ്രചാരണവും വളർന്നു വരുന്ന കോൺഗ്രസ്സ്‌വിരുദ്ധ വികാരവും മുതലാക്കി ഈ നഗര സംസ്ഥാനത്തിന്റെ ഭരണം തിരിച്ചുപിടിക്കാം എന്ന് സ്വപ്നം കണ്ടിരുന്ന ബി.ജെ.പിയുടെ പദ്ധതിയെ അത് തകിടം മറിച്ചു. രണ്ടാമതായി പ്രചാരണ സമയത്തുടനീളം കുത്തക മുതലാളിമാരും വ്യവസായ കുടുംബങ്ങളും നിയന്ത്രിക്കുന്ന പ്രബലമായ ഒരു വിഭാഗം മാധ്യമങ്ങൾ 2014-ൽ വരാൻപോകുന്ന പാർലമെന്റ് തിരഞ്ഞെടുപ്പിന്റെ ഡ്രസ്സ് റിഹേഴ്സലായി അസംബ്ലി തിരഞ്ഞെടുപ്പിനെ ചിത്രീകരിച്ചുകൊണ്ടിരുന്നു. ഈ വാർത്തകളുടെയും വിശകലനങ്ങളുടെയും കേന്ദ്രബിന്ദു, തെരഞ്ഞെടുപ്പ് കണക്കുകൂട്ടലുകളായിരുന്നു. മൽസരിക്കുന്ന പ്രധാന മുഖ്യധാരാ പാർട്ടികൾക്ക് കിട്ടാൻ സാധ്യതയുള്ള സീറ്റുകളും ആരൊക്കെ ആരെ ഉപേക്ഷിച്ച് ആരുടെ കൂടെ കൂടും തുടങ്ങിയ അഭ്യൂഹങ്ങളും, സർവ്വോപരി, പ്രധാനമന്ത്രി പദത്തിന് വേണ്ടി നരേന്ദ്രമോഡിയും രാഹുൽ ഗാന്ധിയും തമ്മിൽ നടത്തുന്ന അളന്നുകുറിച്ചുള്ള വാക്പയറ്റുമായിരുന്നു അവരുടെ വിഷയം.**

**ജ**നജീവിതത്തിലെ നീറുന്ന പ്രശ്നങ്ങൾ ഉൾപ്പടെ മറ്റെല്ലാ വിഷയങ്ങളും അപ്രധാനമായി. ജനങ്ങളുടെ ചോരയൂറ്റുന്ന കഠിനമായ ജീവിതസാഹചര്യങ്ങളിൽ നിന്നുള്ള ആശ്വാസം ലഭിക്കുന്നത് ആരു തെരഞ്ഞെടുപ്പിൽ ജയിച്ച് സർക്കാർ രൂപീകരിക്കും എന്നതിനെ ആശ്രയിച്ചാണ് എന്ന മട്ടിലായിരുന്നു കാര്യങ്ങൾ. പിന്നീട് തെരഞ്ഞെടുപ്പ് എന്ന ഒരൊറ്റവിഷയം വാർത്തയാക്കിക്കൊണ്ടുള്ള കോലാഹലമാണ് നടന്നത്. ഗതികെട്ട ജനങ്ങളെ വീണ്ടും തെരഞ്ഞെടുപ്പ് അഭ്യാസത്തിലേയ്ക്ക് ആകർഷിച്ച്, ഒന്നല്ലെങ്കിൽ മറ്റൊരു പാർട്ടിയോ മുന്നണിയോ അധികാരത്തിൽ വന്നാൽ ഭാവിയിലെങ്കിലും കാര്യങ്ങൾ മെച്ചപ്പെടുമെന്ന ഒരു വ്യാമോഹം ജനപ്പിക്കും വിധമായിരുന്നു പ്രചാരണങ്ങൾ. അങ്ങിനെ വളരെ വിദഗ്ദ്ധമായി ആസൂത്രണം ചെയ്യുന്ന സംഘടിത മാധ്യമ പ്രവർത്തനത്തിലൂടെ ജനങ്ങൾ തുടർന്നും വഞ്ചിതരാകുംതോറും അവരുടെ ദാരിദ്ര്യവും കഷ്ടപ്പാടുകളും കുറയുന്നതിന് പകരം പലമടങ്ങായി വർദ്ധിക്കും. അതുകൊണ്ട് കഴിഞ്ഞ അസംബ്ലി തിരഞ്ഞെടുപ്പ് ഫലങ്ങളെക്കുറിച്ച് ഒരു ഉൾക്കാഴ്ച ആവശ്യമാണ്. ഒപ്പം തന്നെ പ്രസക്ത വിഷയങ്ങളിൽ നിന്ന് ജനശ്രദ്ധയകറ്റാനും ബൂർഷ്വാ വോട്ട് രാഷ്ട്രീയത്തിൽ അവരെ കുരുക്കാനുമുള്ള മുതലാളിവർഗ്ഗത്തിന്റെ ദുഷ്ടലാക്ക് മനസ്സിലാക്കുകയും വേണം.

**വോട്ടെടുപ്പിന് മുമ്പ് ബൂർഷ്വാ തെരഞ്ഞെടുപ്പ് ക്യാമ്പിലെ ദൃശ്യങ്ങൾ**

പ്രചരണത്തിന്റെ തുടക്കത്തിൽത്തന്നെ ഒരു കാര്യം വ്യക്തമായി. കോൺഗ്രസ്സ് നയിക്കുന്ന കേന്ദ്ര യു.പി.എ സർക്കാരിന്റെ ജനവിരുദ്ധ നയങ്ങളും നടപടികളും മൂലം കോൺഗ്രസ്സിനെതിരെ വീശുന്ന ഒരു കാറ്റ് രാജ്യമെമ്പാടും ശക്തിപ്പെടുന്നുണ്ടായിരുന്നു. വൻ കുംഭകോണങ്ങളും അഴിമതിയും വെട്ടിപ്പും തൊഴിലാക്കിയ ഭരണമുന്നണി നേതാക്കളെയും മന്ത്രിമാരെയും നിർലജ്ജം വളർത്തി സംരക്ഷിക്കുന്നതിനുള്ള ബഹുമതിയും അവർക്കവകാശപ്പെട്ടതാണ്. ഒരു വർഷം മുൻപ് നിർഭയ-ദാമിനിയുടെ ക്രൂരമായ ബലാൽസംഗത്തിനും കൊലയ്ക്കും എതിരെ ഡൽഹിതെരുവുകളിൽ അണപൊട്ടിയൊഴുകിയ ജനരോഷത്തിന് ശേഷം സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരെ പെരുകുന്ന ലൈംഗിക അതിക്രമങ്ങളെയും ആക്രമണങ്ങളെയും കർശനമായി കൈകാര്യം ചെയ്യുമെന്ന് വലിയ വാഗ്ദാനങ്ങൾ

(ശേഷം പേജ് 12-ൽ)



**ജനുവരി 21**

**ലെനിൻ അനുസ്മരണദിനം**

**ലോക തൊഴിലാളിവർഗ്ഗത്തിന്റെ മഹാനായ വിപ്ലവ ആചാര്യന് ലാൽസലാം.**

"പരിഷ്കരണവാദപരമായ മാർഗ്ഗം സാദ്ധ്യമാണെന്ന് പറഞ്ഞ് ബൂർഷ്വാസിയെ വെള്ള പൂശി മോടിപിടിപ്പിച്ച് അവതരിപ്പിക്കുന്നവർ; ഇത്തരം സംസാരത്തിലൂടെ ജനങ്ങളുടെ കണ്ണിൽ പൊടിയിടുകയും പരിഷ്കരണവാദപരമായ പാതയുടെ മനോഹാരിതയും സാദ്ധ്യതയും വർണ്ണിച്ച് അവരെ വിപ്ലവപാതയിൽ നിന്ന് വ്യതിചലിപ്പിക്കുകയും ചെയ്യുന്നവർ; തൊഴിലാളിവർഗ്ഗത്തിൽ ഒരു വിഭാഗത്തിന്റെ വിശ്വാസമാർജ്ജിച്ചുകൊണ്ട് ഈ പ്രവൃത്തിയിലേർപ്പെടുന്ന പിണിയാളന്മാരെ ബൂർഷ്വാസിക്ക് ആവശ്യമുണ്ട്." -ലെനിൻ

സമാഹൃത കൃതികൾ Vol.29, p 508)

# നിർഭയ ദാമിനിയുടെ ഭീകരാന്ത്യം ഒരു വർഷം പിന്നിടുമ്പോൾ

## ശരിയായ പാഠങ്ങൾ ഉൾക്കൊള്ളുക, ശരിയായ പരിഹാരമാർഗ്ഗങ്ങൾ അവലംബിക്കുക

**രാ**ജ്യത്തിന്റെ തലസ്ഥാനത്ത് നഗരമദ്ധ്യത്തിലൂടെ ഓടിക്കൊണ്ടിരുന്ന ബസ്സിൽവച്ച് നിർഭയ എന്ന പേരിലും ദാമിനി എന്ന പേരിലും പിന്നീട് അറിയപ്പെട്ട ധീരയായ ആ പെൺകുട്ടി 6 മാംസദാഹികളാൽ അതിക്രൂരമായി പീഡിപ്പിക്കപ്പെട്ടത് 2012 ഡിസംബർ 16-നാണ്. അതേ തുടർന്ന് ജനങ്ങൾ, വിശേഷിച്ചും ആൺകുട്ടികളും പെൺകുട്ടികളും പോലീസിന്റെ ലാത്തിയേയും ജലപീരങ്കിയേയും മറ്റ് മർദ്ദനമുറകളെയും തൃണവൽഗണിച്ചുകൊണ്ട് സ്വമേധയാ ആയിരങ്ങളായി തെരുവിൽ അണിനിരന്നു. കുറ്റവാളികൾക്ക് കടുത്ത ശിക്ഷ നൽകുക, സ്ത്രീകൾക്കെതിരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾക്ക് തടയിടുവാൻ ഫലപ്രദമായ പരിഹാര നടപടികൾ കൈക്കൊള്ളുക എന്നീ ആവശ്യങ്ങൾ അവർ ഒറ്റക്കെട്ടായി ഒരേ സ്വരത്തിൽ സർക്കാരിനോട് ആവശ്യപ്പെട്ടു. ഡൽഹിയിലെ ജനങ്ങൾ പ്രദർശിപ്പിച്ച ധീരതയും



ഡിസംബർ 30ന് നിർഭയ 'ദാമിനി' അനുസ്മരണ ദിനത്തോടനുബന്ധിച്ച് ഡൽഹി ജന്തർമന്ദറിൽ നടന്ന വൻ റാലിയുടെ ഒരു ദൃശ്യം

സാഹസികതയും രാജ്യത്തെയൊന്നാകെ തട്ടിയുണർത്തുകയും രാജ്യമെമ്പാടും പ്രതിഷേധത്തിന്റെ അലകൾ ഉയർന്നുപൊങ്ങുകയും ചെയ്തു. മർദ്ദനവും വിരട്ടലുകളും ഭീഷണികളും യഥാർത്ഥ വിഷയത്തിൽനിന്ന് ശ്രദ്ധ വ്യതിചലിപ്പിക്കാനുള്ള തന്ത്രങ്ങളുമെല്ലാം ഫലിക്കാതെവന്നപ്പോൾ സർക്കാരിന് പത്തി മടക്കേണ്ടിവന്നു. കുറ്റവാളികളെ ഉടനടി അറസ്റ്റ് ചെയ്യുമെന്നും ബലാൽസംഗവും കൊലയും ചെയ്യുന്നവർക്ക് കടുത്ത ശിക്ഷ ഉറപ്പാക്കുവാൻ നിലവിലുള്ള നിയമത്തിൽ ഭേദഗതി നിർദ്ദേശിക്കുവാനും സ്ത്രീകളുടെ സുരക്ഷിതത്വം മെച്ചപ്പെടുത്തുവാനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുവാനുമായി ഒരു ഉന്നതാധികാര ജുഡീഷ്യൽ കമ്മീഷനെ നിയോഗിക്കുമെന്നും സർക്കാരിന് ഉറപ്പ് നൽകേണ്ടിവന്നു. ഈ സ്വഭാവത്തിലുള്ള കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുവാൻ കർശനമായ നിയമമില്ലെന്നും അതിനാൽ അർഹിക്കുന്ന ശിക്ഷ നൽകുന്നതിൽ സർക്കാർ അശക്തമാണെന്നുമുള്ള ഒരു പ്രതീതി സൃഷ്ടിക്കപ്പെട്ടു. സ്ത്രീകൾക്കെതിരെ ലൈംഗികാതിക്രമം നടത്തുന്നവർക്ക് കടുത്ത ശിക്ഷ, വേഗതയിൽ ഉറപ്പാക്കുവാൻ നിർദ്ദേശങ്ങൾ സമർപ്പിക്കുവാനും നിലവിലുള്ള നിയമത്തിൽ ഭേദഗതി നിർദ്ദേശിക്കുവാനായി മുൻ സുപ്രീം കോടതി ജഡ്ജി ജസ്റ്റിസ് ജെ.എസ് വർമ്മയുടെ നേതൃത്വത്തിലുള്ള ഒരു കമ്മീഷനെ സർക്കാർ നിയോഗിക്കുകയുണ്ടായി. അതേത്തുർന്നാണ് രാജ്യമാകെ അലയടിച്ചുയർന്ന പ്രതിഷേധം ക്രമേണ കെട്ടടങ്ങിയത്.

വർമ്മ കമ്മീഷൻ ചുരുങ്ങിയ സമയംകൊണ്ട് വിലപ്പെട്ട നിർദ്ദേശങ്ങളടങ്ങുന്ന റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയുണ്ടായി. നിർദ്ദേശങ്ങളിൽ ചിലത് ഉൾക്കൊള്ളിച്ചുകൊണ്ട് നിലവിലുണ്ടായിരുന്ന ക്രിമിനൽ നിയമം സർക്കാർ ഭേദഗതി ചെയ്തു. കുറ്റവാളികൾക്ക് ജീവപര്യന്തം ശിക്ഷ നൽകുക, മരണശിക്ഷ നൽകുക തുടങ്ങിയ നിരവധി ഭേദഗതികൾ ക്രിമിനൽ നിയമത്തിൽ ഉൾപ്പെടുത്തി. ശിക്ഷാനടപടികൾ കൂടുതൽ കുറ്റമറ്റതാക്കുന്നതിനും കുറ്റകൃത്യങ്ങൾ തടയുന്ന

(ശേഷം പേജ് 5-ൽ)

# ജനസമ്പർക്ക വഞ്ചനയും പ്രതിപക്ഷ പാപ്പരത്തവും

**മു**ഖ്യമന്ത്രി കേരളത്തിൽ പലപ്പോഴായി നടത്തിയ ജനസമ്പർക്കപരിപാടിയും അതേക്കുറിച്ച് അദ്ദേഹം തന്നെ അഭിമാനപൂർവ്വം അവതരിപ്പിച്ച ആശയങ്ങളും സ്വന്തം സർക്കാരിന്റെ കെടുകാര്യസ്ഥതയും അഴിമതിയും പരോക്ഷമായി അംഗീകരിക്കുന്നതായിരുന്നു. സർക്കാർ സംവിധാനത്തിൽനിന്ന് ന്യായമായി ജനങ്ങൾക്ക് ലഭിക്കേണ്ട സേവനം ലഭിക്കുന്നില്ല എന്ന് വ്യക്തമാക്കി, പൊതുഖജനാവിൽ നിന്ന് കോടികൾ ചെലവഴിച്ചുള്ള ഈ മാമാങ്കം. ചെറിയ കാര്യങ്ങൾപോലും സാധിക്കാനും അർഹതയുള്ള ആനുകൂല്യങ്ങൾ നേടാനും ഒരു ഭരണാധികാരിയുടെ മുന്നിൽ മണിക്കൂറുകളോളം ക്യൂ നിന്ന് മുഖം കാണിക്കണമെന്നുവരുന്നത് ഒരു ജനാധിപത്യ സംവിധാനത്തിന് അപമാനകരമാണ്. അഹോരാത്രം പണിയെടുക്കുന്ന ഒരു ജനനേതാവിന്റെ പരിവേഷത്തോടെ മുഖ്യമന്ത്രി നടത്തുന്ന ചെപ്പടിവിദ്യകൾ പാർലമെന്ററി രാഷ്ട്രീയനേട്ടം മുൻനിർത്തിയുള്ള കസർത്തുമാത്രമല്ല സംഘടനയ്ക്കുള്ളിൽ അനിഷേധ്യനാകാനുള്ള കുറുക്കുവഴി കൂടിയാണ്. സമൂഹത്തിന്റെ രാഷ്ട്രീയ ബോധത്തെ പരിഹസിക്കുന്ന ഈ പ്രഹസനത്തിലൂടെ അഴിമതിയാരോപണങ്ങളിൽനിന്ന് ജനശ്രദ്ധ തിരിക്കാമെന്നും കണക്കുകൂട്ടുന്നുണ്ടാകാം.

ഉത്തരവാദിത്തമുള്ള ഒരു പ്രതിപക്ഷത്തിന്റെ അഭാവമാണ് ഇത്തരം കപടവേഷങ്ങൾക്ക് അരങ്ങൊരുക്കുന്നതെന്ന കാര്യവും വിസ്മരിക്കാനാവില്ല. അവകാശങ്ങളുന്നയിക്കാനും അത് നേടിയെടുക്കാനും ഇടതെന്നവകാശപ്പെടുന്നവർ ജനങ്ങളോടൊപ്പമുണ്ടായിരുന്നെങ്കിൽ ഭിക്ഷാപാത്രവുമായി ജനങ്ങൾക്ക് മന്ത്രി പുംഗവന്മാരുടെ മുന്നിൽ ഓച്ഛാനിച്ച് നിൽക്കേണ്ടിവരുമായിരുന്നില്ല. സമൂഹത്തെ ആവുംവിധമെല്ലാം അരാഷ്ട്രീയവൽക്കരിച്ചും സമരപാത വിട്ടൊഴിഞ്ഞും ജനങ്ങളിൽ വിധേയത്വമനോഭാവം വളർത്തിയത് ഈ ഇടതുവേഷധാരികളാണ്. വിലക്കയറ്റം ഉൾപ്പെടെയുള്ള ജനദ്രോഹ നയങ്ങൾക്കൊണ്ട് ജനങ്ങൾ പൊറുതിമുട്ടിയപ്പോഴും സോളാർ വിഷയമുന്നയിച്ച് അശ്ലീല പ്രചാരണവുമായി കാലം കഴിക്കുകയായിരുന്നു ഇക്കൂട്ടർ.

നയപരമായ വിഷയങ്ങൾ സ്പർശിക്കാതെയുള്ള ഇത്തരം കപടസമരങ്ങൾ ഭരണപ്രതിപക്ഷങ്ങൾ ഒരേ നയം പിന്തുടരുന്നവരാണെന്നുള്ളതുകൊണ്ടു സംഭവിക്കുന്നതാണ്. മാസങ്ങൾ കൊണ്ടാടിയ സോളാർ സമരം പൊടുന്നനെ മടക്കിക്കെട്ടിയതിലൂടെ, ജീവൽപ്രധാനങ്ങളായ വിഷയങ്ങളിലുള്ള സമരങ്ങൾ ഒഴിവാക്കുക മാത്രമായിരുന്നു ഉദ്ദേശ്യമെന്ന് വ്യക്തമായി. മുതലാളിത്ത വാഴ്ചയ്ക്കെതിരെ വളർന്നുവരാനിടയുള്ള ജനരോഷത്തെ ഇതിലൂടെ ഫലപ്രദമായി ചാലുതിരിച്ചുവിടുകയാണ്.

ഭരണപ്രതിപക്ഷ കക്ഷികൾക്കിടയിലെ ഈ മനപ്പൊരുത്തം, ഈ അവിശുദ്ധ കൂട്ടുകെട്ട് നാടിന്റെ ദുര്യോഗമാണ്. ഇരുകൂട്ടരും ഇതിൽനിന്ന് നേട്ടം കൊയ്യുമ്പോൾ ജനദ്രോഹനയങ്ങൾക്കിരയാകുന്ന ജനങ്ങൾ നിസ്സഹായരാകുന്നു.

സ്വന്തം ഡിമാന്റുകൾ ഉന്നയിച്ചുകൊണ്ട് മുന്നോട്ടുവരികയേ ഇനി ജനങ്ങളുടെ മുന്നിൽ പോംവഴിയുള്ളൂ. ഉയർന്ന രാഷ്ട്രീയപ്രബുദ്ധതയും ദിശാബോധവും ഈ സമരങ്ങളിൽ അന്തർധാരയായി വർത്തിക്കണം. ഒരു നേതൃത്വത്താലും വഞ്ചിക്കപ്പെടാതെ, വ്യാമോഹങ്ങൾക്കും ഭീഷണികൾക്കും അടിപ്പെടാതെ നിലകൊള്ളാനും ഡിമാന്റുകൾ നേടിയെടുക്കുംവരെ മുന്നേറാനും ജനങ്ങൾക്കു കഴിയണം. ■

# സിപിഐ(എം) പ്ലീനവും കമ്മ്യൂണിസ്റ്റുപാർട്ടിയുടെ ദൗത്യവും

“**കോ**ൺഗ്രസ്സിന്റെ ജനവിരുദ്ധ സാമ്രാജ്യത്വാനുകൂല നയങ്ങൾക്കും സംഘപരിവാറടക്കമുള്ള വർഗ്ഗീയ തീവ്രവാദ ശക്തികൾ ഉയർത്തുന്ന വിപത്തിനും എതിരായ വിശാല ഐക്യത്തിന്റെ അനിവാര്യതയാണ് പ്ലീനം മുന്നോട്ടുവയ്ക്കുന്ന രാഷ്ട്രീയ സന്ദേശം” എന്ന് നവംബർ 30ന്റെ ദേശാഭിമാനി മുഖപ്രസംഗം പറയുന്നു.എന്നാൽ കോൺഗ്രസ്സിന്റെ ജനവിരുദ്ധ നയങ്ങളോടുള്ള സിപിഐ(എം)ന്റെ സമീപനം നാളിതുവരെ എന്തായിരുന്നു. ബംഗാൾ, ത്രിപുര എന്നിങ്ങനെ അധികാരത്തിൽ വന്നിട്ടുള്ള സംസ്ഥാനങ്ങളിലെല്ലാം ആ നയങ്ങൾ തുടരുന്ന നിലപാടാണ് ഈ പാർട്ടി സ്വീകരിച്ചിട്ടുള്ളത്. കേരളത്തിൽ വിദ്യാഭ്യാസരംഗത്ത് നടപ്പിലാക്കിയ ഡിപിഇപി പദ്ധതി ആഗോളീകരണത്തിന്റെ അന്താരാഷ്ട്ര നടത്തിപ്പുകാരായ ലോകബാങ്ക് മുന്നോട്ടുവച്ചതായിരുന്നു. അത് കോൺഗ്രസ്സിനെക്കാൾ ഭംഗിയായി നടപ്പിലാക്കിയത് സിപിഐ(എം) സർക്കാരുകളായിരുന്നു. ഇതിന്റെ ഫലമായി കേരളത്തിന്റെ സുദൃഢമായ പൊതുവിദ്യാഭ്യാസ അടിത്തറ ഏറെ ദുർബലമാകുകയും ലോകബാങ്ക് വിഭാവന ചെയ്തതുപോലെതന്നെ സ്വാകാര്യ മൂലധനശക്തികളുടെ പിടിയിൽ നമ്മുടെ വിദ്യാഭ്യാസമേഖല അമരുകയും ചെയ്തു. എപിഎൽ-ബിപിഎൽ വിഭജനം വഴി റേഷൻ ആനുകൂല്യങ്ങൾ നിഷേധിക്കൽ, എൻആർഎച്ച്എം പദ്ധതിവഴി ആരോഗ്യരംഗത്തെ സ്വകാര്യവൽക്കരണത്തെ പാകപ്പെടുത്തൽ, വൈദ്യുതി ബോർഡിനെ ലാഭകേന്ദ്രങ്ങളായി വിഭജിച്ച് സ്വകാര്യവൽക്കരണത്തിന് അടിത്തറയൊരുക്കൽ, കുടിവെള്ളത്തിന്റേതടക്കമുള്ള ചാർജ്ജ് വർദ്ധനവുകൾ തുടങ്ങി സർവ്വമേഖലകളിലും സിപിഐ(എം) ഭരണം നടപ്പിൽവരുത്തിയത് കോൺഗ്രസ്സ് ഗവൺമെന്റ് ആവിഷ്ക്കരിച്ച ആഗോളീകരണ നയങ്ങൾ തന്നെയായിരുന്നു.

ദേശീയതലത്തിൽതന്നെ തൊഴിലാളിവിരുദ്ധമായ പ്രത്യേകസാമ്പത്തികമേഖലയ്ക്കുവേണ്ടി സിപിഐ(എം) നിലകൊണ്ട് മാനേജുമെന്റിൽ തൊഴിലാളിപങ്കാളിത്തം എന്ന മുതലാളിത്ത കുതന്ത്രവും സ്വാഗതംചെയ്തു. പൊതുമേഖലയെ സംരക്ഷിക്കാനെന്നപേരിൽ കെഎസ്ആർടിസി തൊഴിലാളികളുടെപോലും അവകാശങ്ങൾ നിഷേധിച്ചു. ആഗോളീകരണ നയങ്ങൾകൊണ്ട് പൊറുതിമുട്ടിയ തൊഴിലാളിവിഭാഗങ്ങളുടെ സമരങ്ങൾ പടുത്തുയർത്തി ആ നയങ്ങളെ പരാജയപ്പെടുത്താൻ തയ്യാറായില്ല. പലപ്പോഴും അധികാരത്തിലിരുന്നുകൊണ്ട് തൊഴിലാളി സമരങ്ങളെ നിരുത്സാഹപ്പെടുത്തുകയോ, ചിലപ്പോഴെങ്കിലും അടിച്ചമർത്തുകയോ ചെയ്തു.

ജനകീയാസൂത്രണംപോലെ സമൂഹത്തെയാകെ അരാഷ്ട്രീയവൽക്കരിക്കുന്ന മുതലാളിത്ത പദ്ധതികൾ വീറോടെ നടപ്പിലാക്കി. അവകാശബോധം നഷ്ടപ്പെട്ട് ആനുകൂല്യങ്ങൾക്കുവേണ്ടി നിലകൊള്ളുന്ന ദയനീയ സ്ഥിതിയിലേക്ക് സമൂഹത്തെ കൊണ്ടെത്തിക്കുന്നതിൽ ജനകീയാസൂത്രണം വലിയ പങ്കുവഹിച്ചു. ഒരു മുതലാളിത്ത സമൂഹത്തിൽ സമ്പത്തിനോടൊപ്പം അധികാരവും കേന്ദ്രീകരിക്കപ്പെടുന്നുവെന്ന അടിസ്ഥാന തത്വംപോലും വിസ്മരിച്ച് മുതലാളിത്തം, അധികാരം ജനങ്ങൾക്ക് വീതിച്ച് നൽകുമെന്ന വ്യാമോഹം പടർത്തി. തൊഴിലാളിവർഗ്ഗത്തെ നിരായുധീകരിക്കുന്നതിൽ ജനകീയാസൂത്രണം വഹിച്ച പങ്ക് ചെറുതല്ല.

കേന്ദ്രത്തിലെ യുപിഎ സർക്കാരിനെ പിന്താങ്ങിയതുവഴി ആഗോളീകരണ നയങ്ങൾ ഇന്ത്യൻ ജനതയ്ക്കുമേൽ അടിച്ചേൽപ്പിക്കാൻ ദേശീയതലത്തിൽതന്നെ ഒത്താശ ചെയ്യുന്ന സ്ഥിതിയിലേക്ക് തരംതാഴുകയായിരുന്നു സിപിഐ(എം). നിരവധിതവണ തികച്ചും അന്യായമായി പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് വില വർദ്ധിപ്പിച്ചപ്പോൾപോലും ആ ജനദ്രോഹ നടപടിയിൽനിന്ന് സർക്കാരിനെ പിന്തിരിപ്പിക്കാൻ ഇവർക്കു കഴിഞ്ഞില്ല. എന്നുമാത്രമല്ല, വിലവർദ്ധനവിന്റെ സംസ്ഥാന വിഹിതം പറ്റി ജനങ്ങളുടെ കഷ്ടപ്പാടുകൾ അധികരിപ്പിക്കുന്ന നിലപാടാണ് ഇവർ സ്വീകരിച്ചത്. പൊതുമേഖലയുടെ സ്വകാര്യവൽക്കരണം യുപിഎ സർക്കാർ തകൃതിയായി നടത്തി. സാമ്പത്തികരംഗത്ത് വൻ പ്രത്യാഘാതമുണ്ടാക്കുന്ന തരത്തിൽ പെട്രോളിയം നിക്ഷേപംപോലും സ്വകാര്യവൽക്കരിച്ചു. അപ്പോഴെല്ലാം യുപിഎ സർക്കാരിന്റെ സുരക്ഷിതത്വം ഉറപ്പാക്കുകയായിരുന്നു സിപിഐ(എം). ബിജെപിയെ അധികാരത്തിൽനിന്ന് അകറ്റി നിർത്താനെന്നായിരുന്നു ന്യായീകരണം. ഇതിനെ വർഗ്ഗീയ വിരുദ്ധ നിലപാടായി അണികൾ സ്വീകരിച്ചുകൊള്ളും എന്നവർ കരുതി. എന്നാൽ യഥാർത്ഥത്തിൽ സിപിഐ(എം)ന് വർഗ്ഗീയ വിരുദ്ധ നിലപാടുണ്ടോ? തെരഞ്ഞെടുപ്പ് നേട്ടങ്ങൾക്കു വേണ്ടി ജാതിമതശക്തികളെ പ്രീണിപ്പിക്കുകയും ജാതിതിരിച്ച് സംഘടനകൾ രൂപീകരിക്കുകയും ജനാധിപത്യ സമരപാത ഒഴിവാക്കുകയും ചെയ്യുന്നവർ വർഗ്ഗീയതയുടെ വളർച്ചയ്ക്ക് ഒത്താശചെയ്യുന്നവരാണ്. സംഘപരിവാർ ഉൾപ്പെടെയുള്ള വർഗ്ഗീയ ശക്തികൾക്കെതിരെയുള്ള സമരം ശക്തിപ്പെടുത്തുമെന്ന് പ്ലീനം പ്രഖ്യാപിക്കുന്നു. ബിജെപി കേവലം ഒരു വർഗ്ഗീയ പ്രസ്ഥാനമല്ലെന്നും വർഗ്ഗീയതയെ ഫലപ്രദമായി ഉപയോഗപ്പെടുത്തി മുതലാളിത്ത സേവ നടത്തുന്ന ഒരു മുതലാളിത്തപ്രസ്ഥാനമാണെന്നുമുള്ള യാഥാർത്ഥ്യം ഇവർ ബോധപൂർവ്വം മറച്ചുവയ്ക്കുകയാണ്. ബിജെപി ഇന്ത്യ ഭരിച്ചപ്പോഴെല്ലാം അവർ കറതീർന്ന മുതലാളിത്ത ഭരണമാണ് കാഴ്ചവച്ചത്. അതുകൊണ്ടുതന്നെ ബിജെപിയെ ഒഴിവാക്കാൻ കോൺഗ്രസ്സിനെയോ, കോൺഗ്രസ്സിനെ ഒഴിവാക്കാൻ ബിജെപിയെയോ അധികാരത്തിലെത്തിക്കുന്നതുകൊണ്ട് ജനങ്ങൾക്ക് ഒരു ഗുണവുമുണ്ടാകുന്നില്ല. ബിജെപിക്കും കോൺഗ്രസ്സിനും ബദലായി ഇടതു-ജനാധിപത്യ-മതേതര ശക്തികളുടെ യോജിച്ച മുന്നേറ്റം രാജ്യവ്യാപകമായി വളർത്തിയെടുക്കുകയാണ് തൊഴിലാളി വർഗ്ഗപാർട്ടിയുടെ ഇന്നത്തെ കടമ.

ഈ ദിശയിൽ ഒരു ചെറുവിരലനക്കാൻ പോലും ഇവർക്കായിട്ടില്ല. വിവിധ സംസ്ഥാനങ്ങളിൽ വിഭാഗീയ, പിന്തിരിപ്പൻ ശക്തികളുടെ കൂട്ടുപിടിച്ച് എവ്വിധവും ചില സീറ്റുകൾ തരപ്പെടുത്തുന്ന തികച്ചും അവസരവാദ രാഷ്ട്രീയമാണ് ഇവർ അനുവർത്തിക്കുന്നത്. ആഗോളീകരണ നയങ്ങൾ ജനജീവിതം താറുമാറാക്കുമ്പോഴും അതിനെതിരെ ഒരു സമര മുന്നണി കെട്ടിപ്പടുക്കാൻ ഇവർ മെനക്കെടുന്നില്ല. സമരരാഷ്ട്രീയത്തിന്റെ പാതതന്നെ ഉപേക്ഷിച്ച് പാർലമെന്ററി രാഷ്ട്രീയത്തിന്റെ ചളിക്കുണ്ടിലേക്ക് ആഴ്ന്നിറങ്ങുകയാണിവർ.

സിപിഐ(എം)ന്റെ ഈ നിലപാടിന് അവിഭക്ത സിപിഐയുടെ ചരിത്രത്തോളം തന്നെ പഴക്കമുണ്ട്. നെഹ്റു, ഇന്ദിരാഗാന്ധി, രാജീവ് ഗാന്ധി, നരസിംഹറാവു, മൻമോഹൻസിംഗ് എന്നിവരുടെയെല്ലാം സർക്കാരുകളെ നിർണ്ണായക സന്ദർഭങ്ങളിൽ പിന്താങ്ങി ഇന്ത്യൻ മുതലാളിത്തത്തിന്റെ ദൃഢീകരണത്തിൽ അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിയും അത് പിളർന്നുണ്ടായ സിപിഐ(എം) ഉം കാര്യമായ ഒത്താശ ചെയ്തിട്ടുണ്ട്. ഇന്ത്യൻ മുതലാളി വർഗ്ഗത്തിൽ ഒരു വിഭാഗത്തെ പുരോഗമനകാരിയായി ചിത്രീകരിക്കുകയും അവരോട് സഖ്യം സ്ഥാപിച്ച് നിലകൊള്ളുകയും ചെയ്യുന്നതിന് അവസരമൊരുക്കുന്ന ജനകീയ ജനാധിപത്യ വിപ്ലവ ലൈൻ ഈ അവസരവാദ രാഷ്ട്രീയത്തിന് സൈദ്ധാന്തികമായ ന്യായീകരണം നൽകുന്നുണ്ട്.

മാർക്സിസം ശരിയായി ഗ്രഹിക്കാനോ അത് ഇന്ത്യൻ സാഹചര്യം കൃത്യമായി വിലയിരുത്തി പ്രാവർത്തികമാക്കാനോ കഴിയാതെ പോയതാണ് ഈ പ്രസ്ഥാനത്തിന്റെ അപചയത്തിന്റെ മുഖ്യഹേതു. ശാസ്ത്രത്തിന്റെ വളർച്ചയോടൊപ്പം വളരുകയും അനുഭവങ്ങൾ മുതൽക്കൂട്ടാക്കി സമ്പന്നമാക്കുകയും ചെയ്യുന്ന മാർക്സിസത്തെ ജഡമായ തത്വങ്ങളായി മനസ്സിലാക്കിയതാണ് അടിസ്ഥാനപരമായ തെറ്റ്. ഇത് രാഷ്ട്രീയ രംഗത്തുമാത്രമല്ല, സമസ്തമേഖലകളിലും പ്രത്യാഘാതങ്ങൾ സൃഷ്ടിച്ചു.

പാർട്ടിയിൽ തുടക്കംമുതൽ നിലനിൽക്കുന്ന ഗ്രൂപ്പിസംപോലുള്ള പ്രവണതകൾ ഇതിനുദാഹരണമാണ്.

“പാർട്ടിയുടെ അടിസ്ഥാനഘടകമായ ബ്രാഞ്ചുമുതൽ സംസ്ഥാന കമ്മിറ്റിവരെ ബാധിച്ച ദൗർബല്യങ്ങൾ തിരിച്ചറിയാനും പരിഹരിക്കാനും” പ്ലീനം ലക്ഷ്യം വയ്ക്കുന്നതായി സിപിഐ(എം) അവകാശപ്പെടുന്നുണ്ട്.

“കേരളത്തിലെ സിപിഐ(എം)ൽ വിഭാഗീയതയുടെ തരിമ്പുപോലും അവശേഷിക്കില്ല എന്നുറപ്പിക്കുന്ന, ഐക്യത്തിന്റെയും കെട്ടുറപ്പിന്റെയും പുതിയ തലങ്ങളിലേക്ക് പാർട്ടിയെ ഉയർത്തുന്ന ചരിത്രപ്രധാനമായ സമ്മേളന” മെന്നാണ് സിപിഐ(എം) പ്ലീനത്തെ വിശേഷിപ്പിക്കുന്നത്.

നിരന്തരവും അവൈയക്തികവുമായ സത്യാന്വേഷണത്തിന്റെ രീതി അവലംബിക്കുന്ന ഒരു കമ്മ്യൂണിസ്റ്റുപാർട്ടിയിൽ വ്യത്യസ്താഭിപ്രായങ്ങൾ ഉണ്ടാകാം. പക്ഷേ, ഗ്രൂപ്പുണ്ടാകില്ല. ഗ്രൂപ്പിസം വ്യക്തിവാദത്തിന്റെ, അതായത് മുതലാളിത്ത സംസ്കാരത്തിന്റെ സൃഷ്ടിയാണ്. അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പാരമ്പര്യം അവകാശപ്പെടുന്ന പ്രസ്ഥാനങ്ങളിലെല്ലാം പലപ്പോഴായി ഉണ്ടായിട്ടുള്ള പിളർപ്പുകളുടെ അടിസ്ഥാനകാരണം മുതലാളിത്ത സംസ്കാരത്തിന്റെ സ്ഥാനത്ത് തൊഴിലാളിവർഗ്ഗ സംസ്കാരം ആർജ്ജിച്ചെടുത്ത നേതൃത്വത്തെ സൃഷ്ടിക്കാൻ കഴിഞ്ഞില്ല എന്നതുതന്നെയാണ്. കേരളത്തിലെ സംഘടനയിലടക്കം ഇപ്പോഴും നിലനിൽക്കുന്ന വിഭാഗീയ പ്രവണതകളും അന്തമില്ലാതെ തുടർന്നുകൊണ്ടിരിക്കുന്ന അച്ചടക്ക നടപടികളും ഈ വസ്തുത അടിവരയിടുന്നു. എത്ര പ്ലീനങ്ങൾ ചേർന്നാലും എത്ര തവണ ആവർത്തിച്ച് പ്രഖ്യാപിച്ചാലും കമ്മ്യൂണിസ്റ്റ് സ്വഭാവമാർജിക്കാനുള്ള സമരം ഒഴിവാക്കിയ ഒരു പാർട്ടിക്കും പിളർപ്പിന്റെയും ഗ്രൂപ്പിസത്തിന്റെയും പിടിയിൽനിന്ന് മോചനമില്ല.

നിരവധി സമരങ്ങളുടെ ചരിത്രം അവകാശപ്പെടുമ്പോളും നിരവധി സേവനങ്ങൾ സമൂഹത്തിനു ചെയ്തതായി അഭിമാനിക്കുമ്പോഴും ഒരു ശരിയായ കമ്മ്യൂണിസ്റ്റ് പാർട്ടിയായി വികസിച്ചുവരാൻ അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് കഴിഞ്ഞില്ല എന്ന വസ്തുത അവശേഷിക്കുകയാണ്. അതുകൊണ്ട് തന്നെ ആത്യന്തിക വിശകലനത്തിൽ, വിപ്ലവത്തിനു മുന്നിൽ പ്രതിബന്ധങ്ങൾ സൃഷ്ടിക്കുന്ന ഒരു സോഷ്യൽ ഡെമോക്രാറ്റിക് സംഘടനയുടെ ദൗത്യമേ സിപിഐ(എം) അടക്കമുള്ള ഇടതെന്നവകാശപ്പെടുന്ന പാർട്ടികൾക്ക് നിർവ്വഹിക്കാനുള്ളൂവെന്ന് മാർക്സിസ്റ്റ് വിശകലന രീതി അവലംബിക്കുന്ന ഏതൊരാൾക്കും കണ്ടെത്താൻ കഴിയൂ.

ഗ്രൂപ്പിസം മാത്രമല്ല ജീർണ്ണിച്ച മുതലാളിവർഗ്ഗ സംസ്കാരത്തിന് നേതാക്കളും അണികളും ഇരയായി തീരുന്ന പ്രവണത സിപിഐ(എം)ൽ വർദ്ധിച്ചുവരികയാണ്. പാർട്ടി ഏർപ്പെടുത്തുന്ന നിയന്ത്രണങ്ങൾ കൊണ്ട് ിതിനു പരിഹാരം കണ്ടെത്താൻ കഴിയില്ലെന്ന് അനേകം സംഭവങ്ങൾ ആവർത്തിച്ച് ബോധ്യപ്പെടുത്തുന്നു. സംഘടനയുടെ ദൗർബല്യങ്ങൾ പരിഹരിക്കാനെന്ന പേരിൽ നടത്തുന്ന പ്ലീനങ്ങളല്ല അടിമുടിയുള്ള ഒരു ആത്മ പരിശോധന ഒരുപക്ഷേ എന്തെങ്കിലും ഗുണം ചെയ്തേക്കും. സിപിഐ(എം) അടക്കമുള്ള ഇടതെന്നവകാശപ്പെടുന്ന പാർട്ടികളുടെ തകർച്ച ആഹ്ലാദകരമായ കാര്യമല്ല. മുതലാളിത്ത ആഗോളവൽക്കരണ നയങ്ങൾക്കെതിരെ ഇടതു-ജനാധിപത്യ-മതേതരത്വ ശക്തികളുടെയാകെ യോജിച്ച പോരാട്ടം രാജ്യവ്യാപകമായി വളർന്നുവരേണ്ട സന്ദർഭമാണിത്. മുതലാളിത്ത അനുകൂല നിലപാടുകൾ

(ശേഷം പേജ് 6-ൽ)

# ഇറാനും സിറിയയ്ക്കുംമേലുള്ള സമാധാന ഉടമ്പടി ചെറിയ രാജ്യങ്ങൾക്കുമേൽ കുരുക്ക് മുറുക്കുന്ന സാമ്രാജ്യത്വ പദ്ധതി

'മദ്ധ്യപൂർവ്വദേശത്തിന്റെയും ഗൾഫ്മേഖലയുടെയും ദക്ഷിണേഷ്യയുടെയും രാഷ്ട്രീയ ഭൂപടം മാറ്റിവരയ്ക്കാൻ പോന്നത്ര പ്രാധാന്യമുള്ള' രണ്ട് കരാറുകളിൽ സിറിയയെയും ഇറാനെയും ഒപ്പുവയ്പ്പിക്കാൻ കഴിഞ്ഞതിന്റെ പേരിൽ അമേരിക്കൻ പ്രസിഡന്റ് ബാരാക്ക് ഒബാമ അടുത്തയിടെ ഏറെ പ്രശംസിക്കപ്പെടുകയുണ്ടായി. അമേരിക്ക, റഷ്യ, ഫ്രാൻസ്, ചൈന, ബ്രിട്ടൺ, ജർമ്മനി എന്നിവയടങ്ങുന്ന ശക്തന്മാരുടെ സഖ്യവുമായി (പി5+1) ഇറാൻ ഒപ്പുവച്ച ആണവകരാറാണ് ഒന്ന്. റഷ്യയും അമേരിക്കയുമായി ഉണ്ടാക്കിയ ഒരു കരാറിന്റെയടിസ്ഥാനത്തിൽ സിറിയയിലെ രാസായുധങ്ങൾ നശിപ്പിക്കാൻ 15 അംഗ ഐക്യരാഷ്ട്രസഭാ സെക്യൂരിറ്റി കൗൺസിൽ ഏകകണ്ഠമായി കൈക്കൊണ്ട തീരുമാനമാണ് മറ്റൊന്ന്. രണ്ടിന്റെയും മുഖ്യ സൂത്രധാരൻ ഒബാമയാണത്രെ. "കൂടുതൽ സുരക്ഷിതമായ ഒരു ഭാവിലോകത്തേയ്ക്കുള്ള പാത നയതന്ത്രംവഴി വെട്ടിത്തെളിച്ചെടുക്കപ്പെട്ടിരിക്കുന്നുവെന്നും ഇറാൻ ഭാവിയിൽ ആണവായുധങ്ങൾ ഉണ്ടാക്കില്ലെന്നും ഇറാന്റെ ആണവപദ്ധതികൾ സമാധാന ആവശ്യങ്ങൾക്കുവേണ്ടിയുള്ളതായിരിക്കുമെന്നും ഉറപ്പുവരുത്താൻ കഴിയുന്ന ഒരു ഭാവിയായിരിക്കും അതെന്നും" അമേരിക്കൻ പ്രസിഡന്റ് അവകാശപ്പെട്ടു.

'മദ്ധ്യപൂർവ്വദേശത്തിന്റെയും ഗൾഫ്മേഖലയുടെയും ദക്ഷിണേഷ്യയുടെയും രാഷ്ട്രീയ ഭൂപടം മാറ്റിവരയ്ക്കാൻ പോന്നത്ര പ്രാധാന്യമുള്ള' രണ്ട് കരാറുകളിൽ സിറിയയെയും ഇറാനെയും ഒപ്പുവയ്പ്പിക്കാൻ കഴിഞ്ഞതിന്റെ പേരിൽ അമേരിക്കൻ പ്രസിഡന്റ് ബാരാക്ക് ഒബാമ അടുത്തയിടെ ഏറെ പ്രശംസിക്കപ്പെടുകയുണ്ടായി. അമേരിക്ക, റഷ്യ, ഫ്രാൻസ്, ചൈന, ബ്രിട്ടൺ, ജർമ്മനി എന്നിവയടങ്ങുന്ന ശക്തന്മാരുടെ സഖ്യവുമായി (പി5+1) ഇറാൻ ഒപ്പുവച്ച ആണവകരാറാണ് ഒന്ന്. റഷ്യയും അമേരിക്കയുമായി ഉണ്ടാക്കിയ ഒരു കരാറിന്റെയടിസ്ഥാനത്തിൽ സിറിയയിലെ രാസായുധങ്ങൾ നശിപ്പിക്കാൻ 15 അംഗ ഐക്യരാഷ്ട്രസഭാ സെക്യൂരിറ്റി കൗൺസിൽ ഏകകണ്ഠമായി കൈക്കൊണ്ട തീരുമാനമാണ് മറ്റൊന്ന്. രണ്ടിന്റെയും മുഖ്യ സൂത്രധാരൻ ഒബാമയാണത്രെ. "കൂടുതൽ സുരക്ഷിതമായ ഒരു ഭാവിലോകത്തേയ്ക്കുള്ള പാത നയതന്ത്രംവഴി വെട്ടിത്തെളിച്ചെടുക്കപ്പെട്ടിരിക്കുന്നുവെന്നും ഇറാൻ ഭാവിയിൽ ആണവായുധങ്ങൾ ഉണ്ടാക്കില്ലെന്നും ഇറാന്റെ ആണവപദ്ധതികൾ സമാധാന ആവശ്യങ്ങൾക്കുവേണ്ടിയുള്ളതായിരിക്കുമെന്നും ഉറപ്പുവരുത്താൻ കഴിയുന്ന ഒരു ഭാവിയായിരിക്കും അതെന്നും" അമേരിക്കൻ പ്രസിഡന്റ് അവകാശപ്പെട്ടു. "രാസായുധങ്ങൾ മനുഷ്യരാശിക്ക് അംഗീകരിക്കാൻ കഴിയാത്തതാണെന്ന് നേരത്തെതന്നെ നിർണ്ണയിക്കപ്പെട്ടിട്ടുള്ളതാണെന്നും ഏതുസാഹചര്യത്തിൽ, എവിടെ, എപ്പോൾ പ്രയോഗിച്ചാലും അത് ലോക സമാധാനത്തിനും സുരക്ഷയ്ക്കും ഭീഷണിയായിരിക്കുമെന്നും നമ്മൾക്ക് ഒറ്റക്കെട്ടായി പ്രഖ്യാപിക്കാൻ കഴിഞ്ഞിരിക്കുന്നു"വെന്ന് ഒബാമയുടെ വലംകൈയായ അമേരിക്കൻ സ്റ്റേറ്റ് സെക്രട്ടറി ജോൺ കെറി അഭിപ്രായപ്പെട്ടു. യുദ്ധവെറിയൻ അമേരിക്കൻ സാമ്രാജ്യത്വം, സമാധാനത്തിന്റെ കൈത്തിരിയുമായി പ്രത്യക്ഷപ്പെടുമ്പോൾ ബൂർഷ്വാലോകം പ്രശംസകൊണ്ടു മൂടുന്നത് സ്വാഭാവികമാണ്. എന്നാൽ, ഇറാന്റെ ആണവപദ്ധതികൾക്ക് കടിഞ്ഞാണിട്ടതുകൊണ്ടോ സിറിയയുടെ പക്കലുള്ള രാസായുധങ്ങൾ നശിപ്പിച്ചതുകൊണ്ടോ ലോകം എത്രത്തോളം സുരക്ഷിതമായിരിക്കുമെന്നത് കണ്ടറിയേണ്ട കാര്യമാണ്.

### യുദ്ധ–വിനാശപദ്ധതികൾക്ക് അമേരിക്കൻ സാമ്രാജ്യത്വം കാർമ്മികത്വം വഹിച്ചതിന്റെ 'അസൂയാവഹമായ' ചരിത്രം.

സമാധാനനീക്കങ്ങൾ നടത്തുന്ന അമേരിക്കൻ പ്രസിഡന്റിന്റെ ചരിത്രമൊന്ന് പരിശോധിച്ചാൽ അത് 'അസൂയാവഹ'മാണെന്ന് ആർക്കും കണ്ടെത്താൻ കഴിയും. അഫ്ഗാനിസ്ഥാനിലെ സൈനിക നടപടിക്ക് ആക്കംവർദ്ധിപ്പിച്ചതും ഇറാഖിന്റെ മേലുള്ള കയ്യടക്കം തുടർന്നതും ഇദ്ദേഹമാണ്. മുൻഗാമിയുടെ പാത പിന്തുടർന്ന് ഇറാന്റെമേലുള്ള ക്രൂരമായ ഉപരോധം ഇദ്ദേഹം തുടർന്നു. ഐക്യരാഷ്ട്രസഭയുടെ അംഗീകാരം തരപ്പെടുത്തി, ജനാധിപത്യ സംരക്ഷണത്തിനെന്നപേരിൽ, നാറ്റോയുടെ കുപ്പായമണിഞ്ഞുകൊണ്ട്, "മാനുഷിക" ദൗത്യമെന്ന നാട്യവുമായി ലിബിയക്കുമേൽ സൈനിക കടന്നാക്രമണം നടത്തിയതും ഇദ്ദേഹം തന്നെ.

വഴങ്ങുക അല്ലെങ്കിൽ ഒടുങ്ങുക എന്ന ഭീഷണിയുമായി സിറിയയെ നിരന്തരം വിരട്ടിക്കൊണ്ടിരുന്നതും സോഷ്യലിസ്റ്റ് ഉത്തരകൊറിയയെ സൈനികമായി വളഞ്ഞതും ഇതേ ഒബാമയുടെ നേതൃത്വത്തിൽ ആയിരുന്നു. സമാധാനം കൊലചെയ്യപ്പെട്ട ഈ 'സമാധാന ദൗത്യ'ങ്ങളുടെ പേരിലാണ് അദ്ദേഹത്തിന് നോബൽസമ്മാനവും നൽകപ്പെട്ടത്. പ്രധാനമായും സാമ്രാജ്യത്വത്തിന്റെ കുഴലൂത്തുകാരായ മാദ്ധ്യമങ്ങൾ അമേരിക്കൻ പ്രസിഡന്റിനെ സമാധാന സ്ഥാപകനായി കൊണ്ടാടുകയാണ്. എന്നിട്ടും വലിയ ഉത്സാഹമൊന്നും ഉണ്ടാക്കിയെടുക്കാൻ അവർക്ക് കഴിയുന്നില്ല. ഒബാമയുടെ സമാധാനദൗത്യങ്ങളിൽ വലിയ ഔത്സുക്യമൊന്നും ലോകത്ത് കാണുന്നില്ല.

### ഇറാൻ ഉടമ്പടി

"ആറുമാസത്തേക്കുള്ള പ്രാഥമിക ഉടമ്പടി" എന്നാണ് ഇതിനെ വിശേഷിപ്പിക്കുന്നത്. ഇതുപ്രകാരം, പരിശോധനയ്ക്ക് കൂടുതൽ അവസരമുണ്ടാക്കാമെന്നും ആണവായുധത്തിന് ഉപയോഗിക്കാവുന്ന അഞ്ചുശതമാനത്തിനപ്പുറത്തേയ്ക്കുള്ള യുറേനിയം സമ്പുഷ്ടീകരണ പദ്ധതികളിൽ ചിലത് നിർത്തിവയ്ക്കാമെന്നും ഇതിനകം ഇപ്രകാരം സമ്പുഷ്ടീകരിച്ച് വച്ചിട്ടുള്ളതിന്റെ അളവ് കുറയ്ക്കാമെന്നും ഇറാൻ സമ്മതിച്ചിട്ടുണ്ട്. ആണവായുധത്തിൽ ഉപയോഗിക്കാവുന്ന പ്ലൂട്ടോണിയത്തിന്റെ ഉൽപ്പാദനവും കുറയ്ക്കും. എന്നാൽ, ആണവായുധമുണ്ടാക്കാനുള്ള അവകാശം നിലനിർത്തുമെന്ന് അവർ അടിവരയിടുന്നുണ്ട്. ഇതിനുപകരമായി, ആണവപദ്ധതികളുടെ പേരിൽ ഇറാന്റെമേൽ ഏർപ്പെടുത്തിയിരുന്ന ഉപരോധം ആറുമാസത്തേയ്ക്ക് പിൻവലിക്കും. എന്നുമാത്രമല്ല, ആശ്വാസനിധിയായി 7 ബില്ല്യൻ ഡോളറും ലഭിക്കും. ഇതേ അമേരിക്കൻ സാമ്രാജ്യത്വമാണ് ആണവപദ്ധതിയുടെ പേരിൽ ഇറാനെ ക്യൂബയോടും ഉത്തരകൊറിയയോടുമൊപ്പം തിന്മയുടെ അച്ചുതണ്ട് എന്ന് വിശേഷിപ്പിച്ചിരുന്നത് എന്ന കാര്യം ആരും മറന്നിട്ടില്ല. മദ്ധ്യപൂർവ്വദേശത്തിനും ലോകത്തിനുതന്നെയും ഭീഷണിയാണ് ഇറാൻ എന്നാണവർ പ്രഖ്യാപിച്ചത്. ഇറാന്റെമേൽ സാമ്പത്തിക ഉപരോധമേർപ്പെടുത്തി ശ്വാസംമുട്ടിച്ചതും ഇതേ അമേരിക്കൻ സാമ്രാജ്യത്വം തന്നെ. മുതലാളിത്ത ചൂഷണം കൊണ്ട് ഇറാനിയൻ ജനത അനുഭവിച്ചിരുന്ന ദുരിതങ്ങൾ ഇതുമൂലം ഇരട്ടിച്ചു. 1979 മുതൽ ഇറാൻഭരിക്കുന്നത് മതമൗലികവാദികളായ ഷിയ സർക്കാരാണ്. മതമൗലികവാദംകൊണ്ട് ജനങ്ങളെ മയക്കി അവർക്കുമേൽ നിർദ്ദയമായ മുതലാളിത്ത ചൂഷണവാഴ്ചയാണ് ഇവർ അടിച്ചേൽപ്പിച്ചിരുന്നത്. അടിസ്ഥാന ജനാധിപത്യാവകാശങ്ങളും പ്രതിഷേധ ശബ്ദങ്ങളുമെല്ലാം അടിച്ചമർത്തിയാണ് ഇവർ ഭരണം നടത്തിയത്. ഇതോടൊപ്പം ഉപരോധം കൂടിയായപ്പോൾ ജീവിതം ദുരിതമയമായി. തൊഴിലില്ലായ്മ രണ്ടക്കം കടന്നു. എണ്ണയും പ്രകൃതിവാതകവും പോലുള്ള പ്രകൃതി വിഭവങ്ങൾപോലും വികസനാവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്താൻ പണമില്ലാത്ത സ്ഥിതിയായി. രാജ്യത്തിന്റെ സാമ്പത്തിക അടിത്തറ തകർത്ത് അമേരിക്കയുടെ കാൽക്കീഴിലാക്കുക എന്നതായിരുന്നു അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ പദ്ധതി. ഇതിനെതിരായ ശക്തമായ ജനവികാരം മതമൗലികവാദികളായ ഭരണാധികാരികൾക്കുപോലും അവഗണിക്കാനായില്ല. ഒപ്പം അവരുടെ അധികാരമോഹവുംകൂടിയായപ്പോൾ അമേരിക്കൻ സാമ്രാജ്യത്വത്തിനെതിരെ അവർ ശക്തമായ ചെറുത്തുനിൽപ്പ് നടത്തി. എന്നാൽ ആഗോളീകരണത്തിന്റെ ഈ കാലഘട്ടത്തിൽ മറ്റു മുതലാളിത്ത രാജ്യങ്ങളെപ്പോലെ ഉദാരീകരണത്തിന്റെ പാത പിന്തുടരാൻ ഇറാനും നിർബ്ബന്ധിതമായി. പ്രതിസന്ധി മറികടക്കാനുള്ള ഒരു പോംവഴിയായി അവർ കണ്ടത് ഇതായിരുന്നു. കഴിഞ്ഞ ജൂണിൽ അധികാരമേറ്റെടുത്ത പുതിയ പ്രസിഡന്റ് മതത്തിന്റെ പ്രതിനിധിയായിരുന്നെങ്കിലും കൂടുതൽ ഉദാരീകരണ നടപടികൾ വാഗ്ദാനം ചെയ്തു. ജനങ്ങൾക്ക് കൂടുതൽ അഭിവൃദ്ധി വാഗ്ദാനം ചെയ്യുന്നതോടൊപ്പം മുതലാളിവർഗ്ഗത്തിന് ലാഭവേട്ടയ്ക്കായി സുഗമമായ മാർഗ്ഗം അവലംബിക്കുക എന്നതായിരുന്നു ഉദ്ദേശം. മതമേധാവിയുടെ ഒത്താശയോടെയായിരുന്നു ഈ നീക്കം. ഈ പശ്ചാത്തലത്തിലാണ് അവർ ആണവ ഉടമ്പടിക്ക് തയ്യാറാകുന്നത്. ഒരുവശത്ത്, നിലനിൽപ്പിനുവേണ്ടി ഉഴറുന്ന ഒരു ദുർബ്ബലരാജ്യവും മറുവശത്ത്, അനുസരിക്കുക അല്ലെങ്കിൽ നശിക്കുക എന്നാക്രോശിച്ചുകൊണ്ട് ഒരു പറ്റം ശക്തന്മാരെ നയിച്ചുകൊണ്ട് ഒരു പ്രമാണിയും എന്ന നിലയിലല്ലേ ഈ ഉടമ്പടിയെ കാണാനാകൂ?.

### അമേരിക്ക–ആണവായുധ കൂമ്പാരത്തിന്റെ ഉടമയും പ്രയോക്താവും

ഇറാനെ നിരന്തരം ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുന്ന അമേരിക്കൻ സാമ്രാജ്യത്വം ഇപ്പോൾ സഹായവാഗ്ദാനവുമായി അവതരിച്ചിരിക്കുന്നത് യുദ്ധമാർഗ്ഗം വെടിഞ്ഞ് സമാധാനപാത സ്വീകരിച്ചിരിക്കുന്നു എന്ന് ബോദ്ധ്യപ്പെടുത്താനാവില്ലേ? ഈ ഉടമ്പടികൊണ്ട് ലോകം എത്രത്തോളം സുരക്ഷിതമാകും? ആണവഭീഷണിയുമായി ബന്ധപ്പെടുത്തി ഈ വമ്പന്മാരുടെ, വിശേഷിച്ച് അമേരിക്കയുടെ ചരിത്രം പരിശോധിച്ചാൽ വ്യക്തമാകുന്നത് എന്താണ്? ഇറാന്റെ ആണവശേഖരം ഭീഷണിയാണെങ്കിൽ അതിനേക്കാൾ വളരെ വലിയ ആണവായുധശേഖരമുള്ള, വിഭവങ്ങളും അനുബന്ധ സൗകര്യങ്ങളുമുള്ള, പുതിയ ആയുധങ്ങൾ വികസിപ്പിച്ചെടുക്കാൻ പാകത്തിൽ ഗവേഷണങ്ങൾ നടത്താൻ കഴിയുന്ന, അമേരിക്ക നയിക്കുന്ന സാമ്രാജ്യത്വശക്തികളുയർത്തുന്ന ഭീഷണിയെത്ര വലുതാണ്? ജനവികാരം ഭയന്ന് തൽക്കാലം ആണവപദ്ധതികൾ വേണ്ടെന്നുവയ്ക്കുന്നതുകൊണ്ടുമാത്രം എന്തു കാര്യം? താഴെക്കൊടുത്തിരിക്കുന്ന കാര്യങ്ങൾ പരിശോധിച്ചാൽ യഥാർത്ഥ വസ്തുത വെളിപ്പെടും.

അമേരിക്കൻ ആണവ മേധാവിത്വം നിലനിർത്താൻ ഉതകുംപടി ഒബാമ ഭരണം കയ്യാളുന്നത് 8,000 ആറ്റംബോംബുകളാണ്. ഇതിൽ 2150 എണ്ണം വിന്യസിക്കപ്പെട്ടിരിക്കുന്നതാണ്. അതായത് മിസൈൽ ഉപയോഗിച്ചോ ബോംബർ വിമാനങ്ങൾ വഴിയോ തൊടുത്തുവിടാൻ സജ്ജമാക്കിയിട്ടുള്ളതാണ്. ബാക്കിയുള്ളവ വേഗത്തിൽ പ്രവർത്തനസജ്ജമാക്കാൻ കഴിയുന്നതാണ്. റഷ്യ 1800 എണ്ണമാണ് സജ്ജമാക്കി നിർത്തിയിരിക്കുന്നത്. അമേരിക്കയും റഷ്യയും തമ്മിലുണ്ടാക്കിയ പുതിയ കരാർപ്രകാരം പ്രവർത്തനസജ്ജമായ ആറ്റംബോംബുകളുടെ എണ്ണം നിയന്ത്രിക്കാൻ വ്യവസ്ഥയില്ല. എന്നുമാത്രമല്ല, ആണവശക്തിയുടെ ഗുണനിലവാരം മെച്ചപ്പെടുത്താനുള്ള സാദ്ധ്യതയും തുറന്നിട്ടിരിക്കുകയാണ്. ഇതിന്റെ ഭാഗമായാണ്, ഇറാനിൽ നിന്ന് ഉണ്ടായേക്കാവുന്ന (ഇന്നത്തെ സാഹചര്യത്തിൽ അസാദ്ധ്യം) ആണവ ആക്രമണത്തെ നിർവ്വീര്യമാക്കാനെന്നപേരിൽ അമേരിക്ക യൂറോപ്പിൽ ഒരു മിസൈൽവേധ 'കവചം' തീർക്കുന്നത്. ഇത് യഥാർത്ഥത്തിൽ റഷ്യയേക്കാൾ ഈ രംഗത്ത് മേധാവിത്വം നേടുന്നതിനുവേണ്ടിയുള്ള നടപടിയാണ്. റഷ്യയാകട്ടെ ഇതിന് പ്രതിവിധിയും ഒരുക്കുന്നുണ്ട്. അമേരിക്കയുടെ നേതൃത്വത്തിലുള്ള നാറ്റോ സഖ്യത്തിനാകട്ടെ 800 ഫ്രഞ്ച് ആറ്റംബോംബുകളും 225 ബ്രിട്ടീഷ് ആറ്റംബോംബുകളും പ്രവർത്തന സജ്ജമായുണ്ട്. മദ്ധ്യപൂർവ്വദേശത്തെ ഏക ആണവശക്തി അമേരിക്കയുടെ ഉറ്റചങ്ങാതിയായ ഇസ്രയേൽ ആണ്. ഇറാനെപ്പോലെയല്ല, ആണവ നിർവ്യാപന കരാറിൽ ഒപ്പുവയ്ക്കാത്ത ഇവരുടെ കയ്യിൽ 100 മുതൽ 300 വരെ അണുബോംബുകളുണ്ട്. അമേരിക്ക നാഗസാക്കിയിൽ ഇട്ടതുപോലെയുള്ള പത്തുപതിനഞ്ചുബോംബുകൾ വർഷംതോറും ഉണ്ടാക്കാൻ കഴിയുന്നത്ര പ്ലൂട്ടോണിയം ഇവർ ഉൽപ്പാദിപ്പിക്കുന്നുമുണ്ട്. ചൈനയുടെ കയ്യിൽ ഏതാണ്ട് 250 ബോംബുകളും 60 ഭൂഖണ്ഡാന്തര മിസൈലുകളും ഉണ്ട്. ഇന്ത്യയ്ക്ക് 110 ആറ്റംബോംബുകളും പാകിസ്ഥാന് 120 എണ്ണവും ഉണ്ട്. ഉത്തരകൊറിയയുടെ കൈയ്യിലും ഏതാനും ബോംബുകളുണ്ട്. ഇതുകൂടാതെ ഒരു ലക്ഷം ആറ്റംബോംബുകളുണ്ടാക്കുവാനുള്ള സമ്പുഷ്ട യുറേനിയവും പ്ലൂട്ടോണിയവും ലോകത്ത് ഇതിനകം സംഭരിച്ചിട്ടുണ്ട്. ഇത് തുടരുകയുമാണ്. '130'ലേറെ 'സിവിലിയൻ' റിയാക്ടറുകൾ ബോംബുണ്ടാക്കുവാൻ പര്യാപ്തമായ സമ്പുഷ്ട യുറേനിയം ഉൽപ്പാദിപ്പിച്ചുകൊണ്ടിരിക്കുന്നു.

ഇറാൻ ആണവപദ്ധതികൾ നിർത്തിവയ്ക്കുന്നതുകൊണ്ടുമാത്രം ലോകം എത്ര സുരക്ഷിതമാകും എന്ന് ഇതിൽനിന്നും മനസ്സിലാക്കാമല്ലോ? എന്നാൽ ഇതിന് ഒരു സുനിശ്ചിതഫലമുണ്ട്. മദ്ധ്യപൂർവ്വദേശത്ത്

(ശേഷം പേജ് 4-ൽ)




ലണ്ടനിൽ നടന്ന അന്തർദേശീയ യുദ്ധവിരുദ്ധ സമ്മേളനത്തിൽ എസ്‌യുസിഐ(സി) പോളിറ്റ്ബ്യൂറോ അംഗവും ഇന്റർനാഷണൽ ആന്റി-ഇംപീരിയലിസ്റ്റ് കോ-ഓർഡിനേറ്റിംഗ് കമ്മിറ്റി ജനറൽ സെക്രട്ടറിയുമായ സഖാവ് മണിക്‌മുഖർജി പ്രസംഗിക്കുന്നു

# അമേരിക്ക-ആണവായുധക്കൂമ്പാരത്തിന്റെ ഉടമയും പ്രയോക്താവും

(3-ാം പേജിൽ നിന്ന്)

അമേരിക്കയുടെ അതിക്രമങ്ങൾക്കെതിരെ ഉറച്ചനിലപാടെടുക്കുന്ന അപൂർവ്വം രാജ്യങ്ങളിലൊന്ന് എന്ന നിലയിലും അറബ് ലോകത്തെ നിരന്തരം വിരട്ടുന്ന ഇസ്രായേലിന്റെ ഭീഷണിയെ ചെറുക്കുന്ന രാജ്യം എന്ന നിലയിലുമുള്ള ഇറാന്റെ പ്രഹരശേഷി ഇതോടെ നഷ്ടമാകും. സ്വസ്ഥം, സുരക്ഷിതം എന്നൊക്കെ അമേരിക്ക ഉദ്ദേശിക്കുന്നത് ഇതു തന്നെയല്ലേ?

### സിറിയൻ കരാർ

ഇങ്ങനെ ഇറാനെ നിർവ്വീര്യമാക്കുന്ന അമേരിക്ക സിറിയയുടെ കാര്യത്തിൽ എന്താണ് ചെയ്തതെന്ന് നോക്കാം. പ്രസിഡന്റ് ബാഷർ അൽ അസാദിന്റെ നേതൃത്വത്തിലുള്ള സിറിയൻ ഗവൺമെന്റ് സേനയും ഫ്രീസിറിയൻ ആർമി എന്ന പേരിലുള്ള വിമതരുമായി 2011 മുതൽ രൂക്ഷമായ സായുധ പോരാട്ടം നടന്നുവരികയാണ്. വിമതർക്ക് അമേരിക്കയിൽ നിന്നും പടിഞ്ഞാറൻ ചായ്‌വുള്ള സൗദി അറേബ്യപോലുള്ള അയൽരാജ്യങ്ങളിൽനിന്നും അൽഖ്വെയ്ദ പോലുള്ള കടുത്ത മതമൗലികവാദികളിൽനിന്നും പണവും ആയുധങ്ങളും പരിശീലനവുമൊക്കെ നിർലോഭം ലഭിച്ചുവരുന്നു. അസദ് ഗവൺമെന്റിനെ പുറത്താക്കുക എന്ന അവരുടെ മുദ്രാവാക്യത്തിൽ പ്രതിഫലിക്കുന്നത് സ്‌പോൺസറായ അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ ആവശ്യം തന്നെയാണ്. അസദ് ഗവൺമെന്റ് മുതലാളിത്ത ചൂഷണ ഭരണം തന്നെയാണ് നടത്തുന്നത്. എന്നാൽ അമേരിക്കൻ സാമ്രാജ്യത്വത്തിനെതിരായ ഉറച്ചനിലപാടുമൂലവും ഇസ്രായേലിന്റെ മേധാവിത്വനീക്കങ്ങൾക്കെതിരായ ചെറുത്തുനിൽപ്പുമൂലവും സിറിയ ഇവരുടെ കണ്ണിലെ കരടാണ്. ജനങ്ങളിലുള്ള കടുത്ത സാമ്രാജ്യത്വ വിരുദ്ധ, സയണിസ്റ്റ് വിരുദ്ധ നിലപാടാണ് ഇതിന്റെ അടിസ്ഥാനം. അസദ് ഗവൺമെന്റിന്റെ ഭാവി തീരുമാനിക്കാനുള്ള അവകാശം അമേരിക്കൻ സാമ്രാജ്യത്വത്തിനല്ല, സിറിയൻ ജനതയ്ക്കു മാത്രമുള്ളതാണ്. എന്തായാലും ആഭ്യന്തര സംഘർഷം രൂക്ഷമായി തുടരവെ, നൂറുകണക്കിന് സ്ത്രീകളെയും കുട്ടികളെയുമടക്കം കൊന്നൊടുക്കിയ രാസായുധ പ്രയോഗം നടന്നിട്ടുണ്ടാകാമെന്ന് കഴിഞ്ഞ ആഗസ്റ്റിൽ കണ്ടെത്തുകയുണ്ടായി. ആരാണ് ഈ പാതകം ചെയ്തതെന്ന കാര്യത്തിൽ തർക്കം നിലനിൽക്കുന്നു. വൻതോതിൽ ആയുധം ലഭിക്കുന്ന വിമതരാകാമെന്ന ശക്തമായ അഭിപ്രായം നിലനിൽക്കുമ്പോഴാണ് സാമ്രാജ്യത്വാനുകൂല മാദ്ധ്യമങ്ങൾ സിറിയൻ ഗവൺമെന്റിനെ പ്രതിക്കൂട്ടിൽ നിർത്തി പ്രചാരണം ആരംഭിക്കുന്നത്. അമേരിക്കൻ പ്രസിഡന്റാകട്ടെ, രാസായുധ പ്രയോഗത്തിന്റെപേരിൽ സിറിയയ്ക്കെതിരെ ആക്രമണം നടത്തുമെന്നുവരെ പ്രഖ്യാപിച്ചു. തന്റെ മുൻഗാമി, കൂട്ട സംഹാരായുധങ്ങൾ ഉണ്ടെന്ന കള്ളത്തരം പ്രചരിപ്പിച്ച് സദ്ദാംഹുസൈനെ വകവരുത്താൻ ഇറാഖിന്റെമേൽ സൈനികാക്രമണം നടത്തിയ അതേ ശൈലിയിൽ.

എന്തായാലും പോർവിളികൾ അധികം മുന്നോട്ടുപോയില്ല. തൽസ്ഥാനത്ത് ശാന്തിമന്ത്രങ്ങൾ ഉയർന്നു. രക്തദാഹികൾ പൊടുന്നനെ സാത്വികരായി മാറിയതുകൊണ്ടല്ല, കൃത്യമായ ലക്ഷ്യങ്ങളോടെയായിരുന്നു ഈ ചുവടുമാറ്റം. അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ അധിനിവേശങ്ങൾക്കും യുദ്ധങ്ങൾക്കുമെതിരായ ജനവികാരം ലോകത്തെവിടെയുമെന്നപോലെ അമേരിക്കയിലും ശക്തിപ്രാപിച്ചുവരികയായിരുന്നു. പരമാധികാരരാജ്യങ്ങളെ കടന്നാക്രമിച്ച് നിരപരാധികളെ കൊന്നൊടുക്കി, നഗരങ്ങളും ജനപഥങ്ങളും തകർത്ത് എന്തിനാണ് അമേരിക്ക യുദ്ധങ്ങൾ നടത്തുന്നതെന്ന ചോദ്യം അവർ ഉന്നയിച്ചു. ഈ യുദ്ധങ്ങളിൽ രാസായുധങ്ങളും റേഡിയോ ആക്ടീവ് വസ്തുക്കളും വരെ ഉപയോഗിക്കപ്പെടുന്നുണ്ട്. അമേരിക്കയുടെ കൂട്ടാളികൾക്കുപോലും ഈ ജനവികാരത്തെ അവഗണിക്കാൻ കഴിയാതായപ്പോൾ അവരെ അമേരിക്കൻ ഹീനപദ്ധതികളിൽ പങ്കാളികളായി കിട്ടാതായി. മുന്തിയ മുതലാളിത്ത-സാമ്രാജ്യത്വ രാജ്യങ്ങളുടെ കൂട്ടുകെട്ടായ ജി-20 ഉച്ചകോടിയിൽ ഇത് പ്രകടമാകുകയും ചെയ്തു. അവിടെ റഷ്യയും ചൈനയും മാത്രമല്ല, അമേരിക്കയുടെ സ്ഥിരം യുദ്ധപങ്കാളികളായ ബ്രിട്ടണും നാറ്റോരാജ്യങ്ങളുംവരെ സിറിയയ്ക്കുമേലുള്ള സൈനിക നടപടിയെ എതിർത്തു. പ്രഥമമായും സിറിയയിലെ എണ്ണ നിക്ഷേപവുമായി ബന്ധപ്പെട്ട കമ്പോള താൽപ്പര്യങ്ങളാണ് അവരുടെ നിലപാടിന്റെ പിന്നിലെങ്കിലും ലോകാഭിപ്രായം അവഗണിച്ച് അമേരിക്കയോടൊപ്പം നിൽക്കാൻ അവർക്ക് കഴിയുമായിരുന്നില്ല. സ്വാഭാവികമായും തന്റെ യജമാനന്മാരായ കുത്തകകളുടെ ഇംഗിതം മാനിച്ച് അമേരിക്കൻ പ്രസിഡന്റ് സമാധാന ശ്രമങ്ങളിലേക്ക് ചുവടുമാറ്റിച്ചവിട്ടുകയായിരുന്നു. ഇപ്പോൾ സിറിയയ്ക്കുമേൽ ഒരു യുദ്ധം അഴിച്ചുവിടുന്നത് അഭികാമ്യമായി സാമ്രാജ്യത്വം കാണുന്നില്ല. അതുകൊണ്ട് നയതന്ത്ര മാർഗ്ഗം അവലംബിച്ചു. ഈ ശ്രമങ്ങൾക്കിടയിലാണ്, മേധാവിത്വമോഹങ്ങൾ വച്ചുപുലർത്തുന്ന അമേരിക്കയും മറ്റുരാജ്യങ്ങളുമായുള്ള വൈരുദ്ധ്യം മുതലെടുക്കാൻ ഉന്നം പാർത്തിരിക്കുന്ന, മുതലാളിത്ത റഷ്യ നിലപാടുമാറ്റി അമേരിക്കയുമായി ഒരു കരാറിലേർപ്പെട്ടത്. ഈ കരാറിന്റെ ബലത്തിലാണ് സിറിയയുടെ രാസായുധശേഖരം നശിപ്പിക്കാൻ ഐക്യരാഷ്ട്രസഭ പ്രമേയം പാസ്സാക്കിയത്. സിറിയയുടെ പക്കലുള്ള എല്ലാ രാസായുധങ്ങളും രാസായുധം വികസിപ്പിച്ചെടുക്കാൻ കഴിയുന്ന സംവിധാനങ്ങളും ആറുമാസത്തിനുള്ളിൽ നശിപ്പിക്കണമെന്നാണ് ഐക്യരാഷ്ട്രസഭ രക്ഷാസമിതി ആവശ്യപ്പെട്ടത്. ഒപ്പം, സിറിയയുടെ നേതൃത്വത്തിലുള്ള സമാധാന ശ്രമങ്ങൾക്കും അനുമതിനൽകി. രാസായുധ നിരോധനത്തിനായുള്ള സംഘടനയുടെ (ഒ.പി.സി.ഡബ്ല്യു) മാനദണ്ഡങ്ങൾക്കനുസരിച്ചും റഷ്യയുടെയും അമേരിക്കയുടെയും സമ്മതപ്രകാരവുമായിരിക്കണം ഈ പ്രക്രിയ മുന്നോട്ടുകൊണ്ടുപോകാനെന്നും ഐക്യരാഷ്ട്ര സഭ നിർദ്ദേശിച്ചു. ഇത് പാലിക്കാതിരിക്കുകയോ രാസായുധം അനധികൃതമായി കടത്തുകയോ സിറിയയ്ക്കുള്ളിൽ ആരെങ്കിലും അത് പ്രയോഗിക്കുകയോ ചെയ്താൽ ഐക്യരാഷ്ട്രസഭ നിബന്ധനകൾപ്രകാരം രക്ഷാസമിതി കർശനമായ നടപടി സ്വീകരിക്കുമെന്നും മുന്നറിയിപ്പുനൽകി.

### അമേരിക്കയുടെ ഗൂഢ അജണ്ട

ഇറാൻകരാറുപോലെ സിറിയൻ ഉടമ്പടിയും ചില സുപ്രധാന വിഷയങ്ങൾ ഉയർത്തുന്നുണ്ട്. ഒന്ന്, ഇതിന്റെ യഥാർത്ഥ ലക്ഷ്യമെന്ത് എന്നതാണ്. സിറിയയുടെ പക്കലുള്ള രാസായുധങ്ങൾ നശിപ്പിച്ച് മാനവരാശിയെ രക്ഷിക്കുക എന്നതാണോ ഉദ്ദേശം? സിറിയയുടെ രാസായുധങ്ങളാണോ ഇന്ന് ഏറ്റവും വലിയ യുദ്ധഭീഷണി ഉയർത്തുന്നത്? അതോ ഒരു ചെറിയ രാജ്യത്തെ അടിയറവ് പറയിച്ച് വൻശക്തികളുടെ കാൽക്കീഴിൽ അമർത്തുവാനുള്ള കുത്സിത നീക്കമാണോ ഇത്? സദ്ദാംഹുസൈന്റെ കൊലപാതകവും ഇറാഖിനെ നിലംപരിശാക്കിയതും ഒരു ആസൂത്രിത നീക്കമായിരുന്നുവെന്ന് ഇപ്പോൾ എല്ലാവർക്കുമറിയാം. സാമ്പത്തികമായി താരതമ്യേന ഭദ്രവും പൊതുവെ മതമൗലികവാദികളായ അറബ് രാഷ്ട്രങ്ങളിൽവച്ച് സാംസ്കാരികമായി മതേതരവുമായിരുന്നു ഇറാഖ്. സദ്ദാംഹുസൈൻ മനുഷ്യാവകാശങ്ങൾ ലംഘിക്കുന്നുവെന്നും ഇറാഖിന്റെ കയ്യിലുള്ള കൂട്ടസംഹാരായുധങ്ങൾ അനഭിമതരായ അയൽരാജ്യങ്ങൾക്കുമേൽവരെ പ്രയോഗിക്കപ്പെട്ടേക്കാം എന്നും മറ്റുമായിരുന്നു അന്ന് അമേരിക്കൻ സാമ്രാജ്യത്വം മുന്നോട്ടുവച്ച വാദഗതികൾ.

എന്നാൽ ഇറാഖിന്റെ കയ്യിൽ കൂട്ടസംഹാരായുധങ്ങൾ ഉണ്ടെന്നത് ലോകജനതയെ കബളിപ്പിക്കാൻ പെന്റഗൺ മെനഞ്ഞെടുത്ത ഒരു കള്ളക്കഥയായിരുന്നുവെന്ന് പിന്നീട് ലോകം മനസ്സിലാക്കി. അന്ന് അമേരിക്കൻ കടന്നാക്രമണത്തിൽ ഇറാഖിന് അനുഭവിക്കേണ്ടിവന്നത് ചരിത്രത്തിലെ ഏറ്റവും ഹീനമായ അദ്ധ്യായങ്ങളിലൊന്നായി അവശേഷിക്കുന്നു. ഒരു രാഷ്ട്രത്തിന്റെ പരമാധികാരം പിച്ചിച്ചീന്തപ്പെട്ടതോടൊപ്പം ഏറ്റവും വലിയ മനുഷ്യാവകാശ ലംഘനങ്ങളും അരങ്ങേറി. അമേരിക്കയുടെ ഈ മുൻകാല ചരിത്രത്തിന്റെ പശ്ചാത്തലത്തിൽവേണം സിറിയയ്ക്കുമേലുള്ള ആരോപണത്തെയും പരിശോധിക്കാൻ. സിറിയൻ ഗവൺമെന്റ് സ്വന്തം ജനതയെ കൊന്നൊടുക്കിയതായി അമേരിക്ക ആരോപിക്കുന്നു. എന്നാൽ എന്തുകൊണ്ടാണ് ഇങ്ങനെയൊരാക്രമണം സിറിയയ്ക്ക് നടത്തേണ്ടിവന്നത് എന്ന് ലോകം ചോദിക്കുന്നു. സാമ്രാജ്യത്വശക്തികളുടെയും മതമൗലികവാദികളുടെയുമൊക്കെ ഒത്താശയോടെ, ജനാധിപത്യസ്ഥാപനത്തിനെന്നപേരിൽ, വിമതന്മാരെന്നവകാശപ്പെടുന്നവർ, അസദ് രാജിവയ്ക്കണമെന്നാവശ്യപ്പെട്ട് അഴിച്ചുവിട്ട ആക്രമണങ്ങളെ നേരിടാനല്ലായിരുന്നോ ആ നടപടി? സിറിയയിൽ അസദ് ഭരണം തുടരണമോ വേണ്ടയോ, അവിടെ ഭരണമാറ്റം വേണോ? അതല്ല അവിടുത്തെ മുതലാളിത്തവാഴ്ചതന്നെ അവസാനിപ്പിച്ച് വിപ്ലവം നടത്തണോ എന്നൊക്കെ തീരുമാനിക്കാനുള്ള അവകാശം സിറിയൻ ജനതയ്ക്ക് മാത്രമല്ലേ? അതിൽ അമേരിക്കൻ സാമ്രാജ്യത്വത്തിന് എന്തുകാര്യം? എന്തുകൊണ്ടാണ് അമേരിക്കയും കൂട്ടാളികളും സിറിയയിൽ ചാവേർ സംഘങ്ങളെ പാലൂട്ടി വളർത്തുന്നത്? അവിടെ കൊലപാതകപരമ്പരകൾ തുടരുന്നത്? ഇപ്പോൾ അവിടെ ജനങ്ങൾ കൊല്ലപ്പെടുന്നതിൽ ഇക്കൂട്ടർ ആശങ്ക രേഖപ്പെടുത്തുന്നു. സ്വന്തം മേധാവിത്വം സ്ഥാപിച്ചെടുക്കാനും സ്വന്തം ഹീനപദ്ധതികൾ നടപ്പിൽവരുത്താനുമായി എത്ര നിരപരാധികളെയാണ് അമേരിക്കൻ സാമ്രാജ്യത്വം രണ്ടാംലോകയുദ്ധാനന്തരം കൊന്നുതള്ളിയത്, എത്രപേരെയാണ് അനാഥരാക്കിയത്? വിലപ്പെട്ട അനേകായിരം മനുഷ്യജീവനാണ് ഇവ്വിധം കവർന്നെടുക്കപ്പെട്ടത്. ഒന്നരലക്ഷം പേരെ അരുംകൊല ചെയ്ത, അവശേഷിച്ചവരുടെ തലമുറകളെപ്പോലും മാറാരോഗികളാക്കിയ ആറ്റംബോംബുകൾ ജപ്പാനിലെ ഹിരോഷിമയിലും നാഗസാക്കിയിലും വർഷിച്ചത് ആരാണ്? അമേരിക്കൻ സാമ്രാജ്യത്വംതന്നെ. ഇറാക്കിലെ കൂട്ടസംഹാരായുധങ്ങളുടെ കെട്ടുകഥപോലെ ഇപ്പോഴവർ മെനഞ്ഞെടുത്തിരിക്കുന്ന വാദഗതി, ജപ്പാനിൽ ആറ്റംബോംബിട്ടില്ലായിരുന്നുവെങ്കിൽ അവർ അമേരിക്കയെ ആക്രമിക്കുമായിരുന്നു എന്നാണ്. എന്നാൽ, ജപ്പാൻ യുദ്ധത്തിൽ തകർന്ന് പരാജയം സമ്മതിക്കാൻ ഒരുങ്ങുമ്പോഴായിരുന്നു അമേരിക്ക ആറ്റംബോംബിട്ടത് എന്ന വസ്തുത ഇന്ന് ഏവർക്കുമറിയാം. രണ്ടാംലോകയുദ്ധാനന്തരം ഏതാണ്ട് 70 യുദ്ധങ്ങൾ അമേരിക്കൻ സാമ്രാജ്യത്വം നടത്തിക്കഴിഞ്ഞിരിക്കുന്നു എന്ന സത്യംകൂടി നമ്മൾ മനസ്സിലാക്കുക.

### രാസായുധങ്ങളുടെ ഈറ്റില്ലം

ആരാണ് രാസായുധങ്ങൾ കണ്ടുപിടിച്ചത്-വികസിപ്പിച്ചത്-സൂക്ഷിക്കുന്നത്-ഉപയോഗിക്കുന്നത്? ഏതെങ്കിലും ചെറിയ രാജ്യമാണോ അതോ സാമ്രാജ്യത്വ-മുതലാളിത്ത പ്രമാണിമാരാണോ? യുദ്ധത്തിൽ ആദ്യമായി രാസായുധം പ്രയോഗിക്കപ്പെടുന്നത് ഒന്നാം ലോകയുദ്ധകാലത്താണ്. 1915 ഏപ്രിൽ 22 ന് ബൽജിയത്തിലെ തന്ത്രപ്രധാനമായ വൈപ്രസ് നഗരത്തിൽ ജർമ്മൻസേന ലിക്വിഡ് ക്ലോറിൻ പ്രയോഗിച്ച് സഖ്യസേനയിലെ 5000 പേരെ കൊന്നൊടുക്കി. 1917-ൽ അവർ വീണ്ടും മസ്റ്റാർഡ് ഗ്യാസ് പ്രയോഗിച്ചു. ഒന്നാംലോകയുദ്ധാനന്തരം ലോകവ്യാപകമായി ഉയർന്നുവന്ന ജനാഭിപ്രായത്തെ തുടർന്ന് 1925-ൽ ജനീവ കരാർ നിലവിൽവന്നു. ഇതുപ്രകാരം രാസായുധ പ്രയോഗം നിരോധിക്കപ്പെട്ടെങ്കിലും അത് ഉണ്ടാക്കുന്നതും സംഭരിക്കുന്നതും നിരോധിക്കപ്പെട്ടില്ല. ജർമ്മനിയെ നേരിടാനായി ബ്രിട്ടണും ഫ്രാൻസും മസ്റ്റാർഡ് ഗ്യാസ് വികസിപ്പിച്ചെടുത്തു. 1936-ൽ ആയിരക്കണക്കിന് നിരപരാധികളായ ജൂതന്മാരെ ഗ്യാസ്ചേമ്പറിലടച്ച് അരുംകൊലചെയ്യാൻ ജർമ്മനി താബൂൺ, സൈക്ലോൺ ബി തുടങ്ങിയ മാരകവിഷവാതകങ്ങൾ പ്രയോഗിച്ചു. ''അപകടകാരികളെ രാസായുധപ്രയോഗത്തിലൂടെ നേരിടണ്ണ''മെന്നും 'വിഷവാതകമെന്നുകേൾക്കുമ്പോൾ ഉടനെ മനംപുരട്ടലുണ്ടാകേണ്ട''കാര്യമില്ലെന്നുമായിരുന്നു അന്നത്തെ ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്ന വിൻസ്റ്റൺ ചർച്ചിലിന്റെ അഭിപ്രായം. ഇന്ത്യയുടെ വടക്കുപടിഞ്ഞാറൻ അതിർത്തി മേഖലയിലെ ആദിവാസി കലാപകാരികൾക്കുമേൽ രാസായുധം പ്രയോഗിക്കുന്നതിന് അനുകൂല നിലപാടായിരുന്നു ചർച്ചിലിന്. അന്നുവരെ വികസിപ്പിച്ചെടുത്തതിലേക്കുംവച്ച് ഏറ്റവും മാരകമായ എംഡിവൈസ് എന്ന വിഷവാതകം ബോൾഷെവിക്കുകളുടെ മേൽപ്രയോഗിക്കാനും അതിന്റെ അനന്തരഫലം നിരീക്ഷിക്കാനും റെഡ് ആർമിക്ക് വൻതോതിൽ നാശമുണ്ടാക്കാനുമുദ്ദേശിച്ച് ചർച്ചിൽ അനുമതി നൽകിയിരുന്നു. ബ്രിട്ടീഷ് ശാസ്ത്രജ്ഞന്റെ കുറിപ്പിൽനിന്നാണ് വിവരം ലഭിച്ചത്. ബ്രിട്ടീഷ് നാഷണൽ ആർക്കൈവ്സിൽ നിന്ന് ലഭിച്ച ഈ രേഖ പറയുന്നത് അന്ന് ചർച്ചിൽ പ്രതീക്ഷിച്ച ഫലം കിട്ടിയില്ല എന്നാണ്.

രണ്ടാംലോകയുദ്ധാനന്തരം ആഗോളമേധാവിത്വം നേടിയെടുക്കുന്നതിനായി നടത്തിയ യുദ്ധപരിശ്രമങ്ങളിൽ അമേരിക്കവ്യാപകമായി രാസായുധങ്ങൾ പ്രയോഗിച്ചു. യാതൊരു മനഃസാക്ഷിക്കുത്തുമില്ലാതെ നടത്തിയ ഈ ആക്രമണങ്ങളിൽ ഏറ്റവും പൈശാചികം വിയറ്റ്നാംയുദ്ധത്തിൽ അമേരിക്ക നടത്തിയ നാപാംബോംബാക്രമണമായിരുന്നു. ഒരു ചെറിയ രാജ്യമായ വിയറ്റ്നാമിലെ പോരാളികൾ നടത്തിയ ഐതിഹാസികമായ ചെറുത്തുനിൽപ്പിനുമുന്നിൽ അമേരിക്കൻ ആക്രമണം നിഷ്പ്രഭമായപ്പോൾ ലോകത്തെ ഞെട്ടിച്ചുകൊണ്ട് അവർ നാപാംബോംബ് പ്രയോഗിച്ചു. തങ്ങളുടെ പ്രിയങ്കരനായ നേതാവ് ഹോചിമിന്റെ നേതൃത്വത്തിൽ വിയറ്റ്നാമീസ് ഗറില്ലകൾ നടത്തിയ പോരാട്ടം അക്ഷരാർത്ഥത്തിൽ അമേരിക്കയെ വെള്ളംകുടിപ്പിച്ചു. എല്ലാം ചുട്ട് ചാമ്പലാക്കാൻ പോന്ന നാപാം ബോംബാക്രമണം ജനങ്ങളുടെ ശരീരത്തിൽ മാരകമായ പൊള്ളലേൽപ്പിച്ചു. ഗറില്ലകളുടെ പ്രകൃതിദത്തമായ സംരക്ഷണകവചം തകർക്കുന്നതിനായി അവർ വനങ്ങളിലും ഗ്രാമപ്രദേശങ്ങളിലും ഏജന്റ് ഓറഞ്ച് എന്ന വിഷവാതകം പ്രയോഗിച്ചു. ഇത് ഇലകളെല്ലാം കൊഴിയുന്നതിനിടയാക്കി. അങ്ങനെ ഒളിപ്പോരാളികളെ പിടികൂടാൻ ശ്രമിച്ചു. 'കമ്മ്യൂണിസത്തിൽനിന്ന് ലോകത്തെ രക്ഷിക്കുക' എന്ന മഹത്തായ ദൗത്യം ഏറ്റെടുത്ത അമേരിക്കൻ സാമ്രാജ്യത്വം ഒരു വിയറ്റ്നാം യുദ്ധത്തിൽ മാത്രം കൊന്നൊടുക്കിയത് നാലുലക്ഷം പേരെയാണ്. അഞ്ചുലക്ഷം കുട്ടികൾ വികലാംഗരായി ജനിക്കുന്നതിനും ഈ മാരക വിഷപ്രയോഗങ്ങൾ ഇടയാക്കി.

തുടർന്ന് 1992-ൽ രാസായുധ കൺവെൻഷൻ ചേർന്ന് രാസായുധങ്ങളുടെ പ്രയോഗം നിരോധിച്ചു. എന്നാൽ, മറ്റുരാജ്യങ്ങൾ രാസായുധങ്ങൾ ഉണ്ടാക്കാൻ ശ്രമിക്കുകയോ പ്രയോഗിക്കാൻ തുനിയുകയോ ചെയ്താൽ അതിനെതിരെ കോലാഹലമുണ്ടാക്കുന്ന അമേരിക്കൻ സാമ്രാജ്യത്വം, കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാന ദശകങ്ങളിൽ ഇത് പലവട്ടം, പലരാജ്യങ്ങൾക്കുമേൽ പ്രയോഗിച്ചു. പരമ്പരാഗതമായ രാസായുധങ്ങൾക്കുപുറമെ വലിയ അളവിൽ അണുവികിരണമുണ്ടാക്കുന്ന ഡിപ്ലീറ്റഡ് യുറേനിയം ബോംബുകളും അവർ ഇറാക്കിലും കൊസോവയിലുമൊക്കെ പ്രയോഗിച്ചു. ഇന്നും ഇറാക്കിലെ ഫലൂജയിൽ കുട്ടികൾ ജനിക്കുന്നത് വൈകല്യങ്ങളോടെയാണ്. അണുപ്രസരണം ആക്രമണത്തിന് ഇരയാകുന്ന രാജ്യത്തെ ജനങ്ങളെ മാത്രമല്ല, ആക്രമണം നടത്തുന്ന അമേരിക്കൻ പട്ടാളക്കാരെയും ബാധിക്കുന്നുണ്ട്. ആഗോളഗുണ്ടായിസത്തിൽ അമേരിക്കയുടെ പശ്ചിമേഷ്യയിലെ കാര്യസ്ഥന്മാരായ സയണിസ്റ്റ് ഇസ്രായേൽ അതിന്റെ ജൈവായുധ പരീക്ഷണശാലയിൽ കൂടുതൽ വികസിതമായ രാസായുധങ്ങൾ ഉണ്ടാക്കിയെടുക്കാനുള്ള പരീക്ഷണങ്ങൾ നടത്തുന്നതായി വിദേശകാര്യ മാസികയിൽ വന്ന ഒരു റിപ്പോർട്ടിൽനിന്നും മനസ്സി

(ശേഷം പേജ് 6-ൽ)

## നിർഭയ സ്മരണ സ്ത്രീപീഡനങ്ങൾക്കെതിരായ നിരന്തരപോരാട്ടമാക്കി മാറ്റാൻ ആഹ്വാനം ചെയ്ത്

# ഡൽഹിയിൽ ദേശീയ കൺവൻഷനും റാലിയും

**ഡി**സംബർ 29, 30 തീയതികളിൽ രാജ്യതലസ്ഥാനം മറ്റൊരു വനിതാ മുന്നേറ്റത്തിന് സാക്ഷ്യം വഹിക്കുകയായിരുന്നു. 'നിർഭയ' യുടെ ഓർമ്മയുമായി രാജ്യത്തിന്റെ നാനാഭാഗങ്ങളിൽനിന്നായി ആയിരക്കണക്കിന് വനിതകൾ, വിദ്യാർത്ഥികൾ, യുവാക്കൾ തലസ്ഥാനനഗരിയിൽ ഒത്തുകൂടി. അഖിലേന്ത്യ മഹിളാ സാംസ്കാരിക സംഘടന, ആൾ ഇന്ത്യ ഡെമോക്രാറ്റിക് യൂത്ത് ഓർഗനൈസേഷൻ, ആൾ ഇന്ത്യ ഡെമോക്രാറ്റിക് സ്റ്റുഡന്റ്സ് ഓർഗനൈസേഷൻ എന്നീ സംഘടനകളാണ് ഈ ഒത്തുചേരലിന് കളമൊരുക്കിയത്.


രാജ്യമാകമാനം സ്ത്രീകൾക്കും കുട്ടികൾക്കും നേരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങളിൽ നടുക്കം രേഖപ്പെടുത്തിക്കൊണ്ട് സാവിത്രിമാരെയല്ല ദ്രൗപതിമാരെയാണ് നമുക്ക് വേണ്ടത് എന്ന് അഭിപ്രായപ്പെട്ടു. ജനങ്ങളുടെ പ്രതിഷേധം ശക്തമായിരിക്കുന്നതോടെ കേസ് രജിസ്റ്റർ ചെയ്തേ മതിയാകൂ എന്ന അവസ്ഥയിലേയ്ക്ക് പോലീസ് എത്തിച്ചേർന്നിട്ടുണ്ട്. ആത്യന്തിക വിജയം നമ്മോടൊപ്പമാണ് എന്നതിന്റെ തെളിവാണ് ഇ വിടെ തിങ്ങിക്കൂടിയിരിക്കുന്ന ജനാവലി.

കൺവൻഷനിൽ പങ്കെടുത്ത മറ്റൊരു പ്രമുഖ വ്യക്തിയാണ് മുംബൈ ഹൈക്കോടതിക്കുമേൽ വർദ്ധിച്ചുവരുന്ന അതിക്രമങ്ങളുടെ അടിസ്ഥാന കാരണമെന്നും അദ്ധ്യക്ഷതവഹിച്ചുകൊണ്ട് മഹിളാ സാംസ്കാരിക സംഘടനയുടെ അഖിലേന്ത്യ പ്രസിഡന്റും കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ കൺവീനറുമായ ഛായാ മുഖർജി അഭിപ്രായപ്പെട്ടു.

ജസ്റ്റിസ് ജെ.എസ്.വർമ്മ കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ സർക്കാർ അടിയന്തരമായി നടപ്പിലാക്കണം എന്ന് അഖിലേന്ത്യ മഹിളാ സാംസ്കാരിക സംഘടന ജനറൽ സെക്രട്ടറി ഡോ.എച്ച്.ജി.ജയലക്ഷ്മി ആവശ്യപ്പെട്ടു.

സുപ്രീംകോടതിയുടെ മുൻചീഫ് ജസ്റ്റിസ്ച്ചുകൂടിയ ആയിരങ്ങളോട് പുതിയൊരു സമൂഹത്തിന്റെ നിർമ്മിതിക്കായുള്ള പോരാട്ടത്തിൽ അണിനിരക്കുവാൻ എസ്.യു.സി.ഐ കമ്യൂണിസ്റ്റ് പോളിറ്റ് ബ്യൂറോ അംഗം സഖാവ് കൃഷ്ണ ചക്രവർത്തി ആഹ്വാനം ചെയ്തു. ജന്തർ മന്തറിൽ നടന്ന പൊതുസമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

സ്ത്രീകൾക്കുനേരെയുള്ള അതിക്രമങ്ങൾക്കെതിരായ പോരാട്ടം ഉയർന്ന സദാചാര ധാർമ്മിക മൂല്യങ്ങളാൽ നയിക്കപ്പെടുന്ന ഒരു രാഷ്ട്രീയ-സാംസ്കാരിക മുന്നേറ്റമായി വളർന്നുവരണം. നിലനിൽക്കുന്ന മുതലാ




ദേശീയ കൺവൻഷൻ ജസ്റ്റിസ് ബി.എൻ.ശ്രീകൃഷ്ണ ഉദ്ഘാടനം ചെയ്യുന്നു. വേദിയിൽ ജസ്റ്റിസ് സുരേഷ് ഹോസ്ബറ്റ്, ജസ്റ്റിസ് രവീന്ദ്ര സച്ചാർ, ഛായാ മുഖർജി, ദീപ്തി നവൽ, ഡോ. എച്ച്.ജി. ജയലക്ഷ്മി തുടങ്ങിയവർ.




ജന്തർ മന്ദറിൽ നടന്ന പൊതുസമ്മേളനം എസ്‌യുസിഐ(സി) പോളിറ്റ് ബ്യൂറോ അംഗം സഖാവ് കൃഷ്ണ ചക്രവർത്തി ഉദ്ഘാടനം ചെയ്യുന്നു.

നവംബർ 29ന് മൗലങ്കർ ആഡിറ്റോറിയത്തിൽ നടന്ന ദേശീയ കൺവൻഷൻ മുംബൈ ഹൈക്കോടതിയുടെ മുൻചീഫ് ജസ്റ്റിസ് ബി.എൻ.ശ്രീകൃഷ്ണ ഉദ്ഘാടനം ചെയ്തു. സ്ത്രീകളോട് പൊതുസമൂഹം വച്ചുപുലർത്തുന്ന സമീപനം അടിമുടി മാറ്റിയാലല്ലാതെ സ്ത്രീകൾക്കും കുട്ടികൾക്കും നേരെ ഇന്നു നടക്കുന്ന അതിക്രമങ്ങൾക്ക് അറുതി വരുത്താനാകില്ല എന്ന് ജസ്റ്റിസ് ശ്രീകൃഷ്ണ അഭിപ്രായപ്പെട്ടു. സ്ത്രീകൾക്കുനേരെ നടക്കുന്ന അതിക്രമങ്ങൾ പൊതുസമൂഹത്തിന്റെയും വിശിഷ്യ പുരുഷസമൂഹത്തിന്റെയും മനോഘടനയുടെ പ്രതിഫലനമാണ്. പ്രാകൃത മനുഷ്യനും 2013 ലെ 'നാഗരിക' മനുഷ്യനും തമ്മിൽ ഇതിൽ വ്യത്യാസം കാണാനില്ല- അദ്ദേഹം ചൂണ്ടിക്കാട്ടി.

ഡൽഹി ഹൈക്കോടതിയുടെ മുൻചീഫ് ജസ്റ്റീസ് ആയിരുന്ന ജസ്റ്റിസ് രജീന്ദ്രസച്ചാർ, തിയുടെ ചീഫ് ജസ്റ്റിസായിരുന്ന ജസ്റ്റിസ് സുരേഷ് ഹോസ്ബറ്റ്. 1970കൾ മുതൽ 2012 വരെയുള്ള കാലഘട്ടത്തിൽ സ്ത്രീകൾക്കുനേരെയുള്ള അതിക്രമങ്ങൾ 900% വർദ്ധിച്ചിരിക്കുന്നുവെന്ന നാഷണൽ ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ കണക്ക് ഞെട്ടിപ്പിക്കുന്നതാണ് എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

കൺവൻഷനിൽ പങ്കെടുത്ത പ്രശസ്ത കലാകാരിയും സാമൂഹ്യപ്രവർത്തകയുമായ ദീപ്തി നവൽ രണ്ടു കവിതകൾ ആലപിച്ചു. എഐഡിഎസ്ഒയുടെയും എഐഡിവൈഒയുടെയും എഐഎംഎസ്എസിന്റെയും മുൻകൈയിൽ നടക്കുന്ന പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ് എന്നും അവർ അഭിപ്രായപ്പെട്ടു.

സ്ത്രീകൾക്ക് രണ്ടാംതരം പൗരന്റെ സ്ഥാനമാണ് സമൂഹത്തിൽ ഉള്ളത് എന്നും പുരുഷമേധാവിത്വസമീപനമാണ് സ്ത്രീകൾ എം.എൻ. വെങ്കിട ചെല്ലയ്യ, സുപ്രീംകോടതി മുൻ ജസ്റ്റിസ് സന്തോഷ് ഹെഗ്ഡെ തുടങ്ങിയവർ കൺവൻഷന് ആശംസകൾ അറിയിച്ചുകൊണ്ട് സന്ദേശങ്ങൾ അയച്ചു. ആൾ ഇന്ത്യ ഡെമോക്രാറ്റിക് യൂത്ത് ഓർഗനൈസേഷൻ പ്രസിഡന്റ് ഡോ.ബി.ആർ.മഞ്ജുനാഥ് സ്വാഗതം ആശംസിച്ചു. പ്രമുഖ പത്രപ്രവർത്തക ആരതി ധർ, അഖിലേന്ത്യ മഹിളാ സാംസ്കാരിക സംഘടനയുടെ നേതാക്കൾ ഷൈല കെ.ജോൺ, കേയ ദേ, റിത്തു കൗശിക്, സാധന മിശ്ര, ആൾ ഇന്ത്യ ഡെമോക്രാറ്റിക് യൂത്ത് ഓർഗനൈസേഷൻ നേതാക്കൾ രാമാനുഞ്ജപ്പ, എം.മന്നൻ, ആൾ ഇന്ത്യ ഡെമോക്രാറ്റിക് സ്റ്റുഡന്റ്സ് ഓർഗനൈസേഷൻ അഖിലേന്ത്യ പ്രസിഡന്റ് കമൽ സായ്ൻ, വോൾട്ടയർ, ചഞ്ചൽ ഘോഷ്, മുകേഷ്, റിമ്മി ബഘേല എന്നിവരും പ്രസംഗിച്ചു.

ഡിസംബർ 30 ന് ജന്തർ മന്തറിൽ തടിളിത്ത സമ്പദ്ക്രമത്തിന്റെ ജീർണ്ണതയാണ് സ്ത്രീകൾക്കുനേരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങളിലൂടെ വെളിവാക്കപ്പെട്ടുകൊണ്ടിരിക്കുന്നത്. ഇതിനെതിരെ നടക്കുന്ന പ്രക്ഷോഭങ്ങൾ മുതലാളിത്തത്തിനെതിരായ പോരാട്ടമായി വളർന്നുവരണം. മുതലാളിത്തത്തെ നിഷ്കാസനം ചെയ്തുകൊണ്ട് സോഷ്യലിസ്റ്റ് സമ്പദ്ക്രമം സ്ഥാപിക്കലിലൂടെയേ ആത്യന്തികമായി പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയുള്ളൂ- സഖാവ് കൃഷ്ണ ചക്രവർത്തി അഭിപ്രായപ്പെട്ടു.

മഹിളാ സാംസ്കാരിക സംഘടനയുടെ പ്രസിഡന്റ് ഛായ മുഖർജി, ജനറൽ സെക്രട്ടറി ഡോ.എച്ച്.ജി.ജയലക്ഷ്മി, ആൾ ഇന്ത്യ ഡെമോക്രാറ്റിക് സ്റ്റുഡന്റ്സ് ഓർഗനൈസേഷൻ അഖിലേന്ത്യ സെക്രട്ടറി അശോക് മിശ്ര തുടങ്ങിയവരും പ്രസംഗിച്ചു. ഡോ.ബി.ആർ. മഞ്ജുനാഥ് അദ്ധ്യക്ഷത വഹിച്ചു. ■

# നിയമംകൊണ്ട് മാത്രം സ്ത്രീയുടെ മേലുള്ള അതിക്രമം തടയാനാവില്ല

(1-ാം പേജിൽ നിന്ന്)

തിനും ആധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്നതിനുവേണ്ടി നിർഭയ ഫണ്ട് എന്നപേരിൽ 1000 കോടി നീക്കിവക്കുമെന്നും സർക്കാർ ഉദ്ഘോഷിക്കുകയുണ്ടായി. പിന്നീട് ഡൽഹി കൂട്ടബലാൽസംഗത്തിലെ 4 പ്രതികൾക്ക് ഡൽഹി ഹൈക്കോടതി വധശിക്ഷ വിധിച്ചു. വാഹനത്തിന്റെ ഡ്രൈവറായിരുന്ന 5-ാമത്തെ കുറ്റവാളി ജയിലിൽവച്ച് ആത്മഹത്യ ചെയ്തു. കൂട്ടത്തിൽ ഏറ്റവും പ്രായംകുറഞ്ഞ, എന്നാൽ ഏറ്റവും ക്രൂരമായി പീഡിപ്പിച്ച ആൾക്ക് പീഡനസമയത്ത് പ്രായപൂർത്തിയായിരുന്നില്ല എന്ന കാരണത്താൽ കേവലം 3 വർഷത്തെ ജയിൽ ശിക്ഷയാണ് ലഭിച്ചത്. 4 കുറ്റവാളികളെയും ശിക്ഷിച്ചതിൽ രാജ്യത്തെ ജനങ്ങൾ സന്തോഷം പ്രകടിപ്പിച്ചു. എന്നാൽ രാജ്യത്ത്, എന്തിന് ഡൽഹിയിൽപ്പോലും സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾക്ക് എന്തെങ്കിലും ശമനമുണ്ടായോ എന്നതാണ് ഏറ്റവും പ്രസക്തമായ ചോദ്യം.

ഇല്ലയെന്നതാണ് വ്യക്തമായ ഉത്തരം. ബലാൽസംഗങ്ങൾ, കൂട്ടബലാൽസംഗങ്ങൾ, കുട്ടികൾക്കെതിരായ പീഡനങ്ങൾ, സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ എന്നിവ ഭീഷണമായതോതിൽ വർദ്ധിച്ചിരിക്കുകയാണ്. ഞെട്ടിപ്പിക്കുന്ന പീഡനങ്ങളും കൊലപാതകങ്ങളും രാജ്യത്തിന്റെ വിവിധ കോണുകളിൽനിന്നും നിരന്തരം റിപ്പോർട്ട് ചെയ്യപ്പെടുന്നു. കഴിഞ്ഞ 25 വർഷത്തിനുള്ളിൽ ഏകദേശം 1 മുതൽ 4 ശതമാനംവരെ സ്ത്രീകൾ പീഡിപ്പിക്കപ്പെട്ടതായി ഒരു ലോക്കൽ സർവ്വെ വെളിപ്പെടുത്തുകയുണ്ടായി. ഇന്ത്യാ സർക്കാർ രേഖപ്പെടുത്തിയിട്ടുള്ളതിനേക്കാൾ 50 മടങ്ങ് മുതൽ 200 മടങ്ങുവരെ കൂടുതലാണിത്. ( ദി ഗാർഡിയൻ എക്സ്പ്രസ്സ്, 2013 സെപ്റ്റംബർ 2). കഴിഞ്ഞ ഡിസംബറിൽ നടന്ന ജനമുന്നേറ്റത്തിനുശേഷവും സ്ത്രീകളുടെ അവസ്ഥയ്ക്ക് പ്രകടമായ മാറ്റം ഡൽഹിയിൽ സംഭവിച്ചിട്ടില്ല. 2012 വർഷം 706 ബലാൽസംഗ കേസ്സുകളാണ് രാജ്യത്തിന്റെ തലസ്ഥാന നഗരിയിൽ രജിസ്റ്റർ ചെയ്യപ്പെട്ടതെങ്കിൽ 2013-ൽ അത് 1330 ആയി ഉയർന്നു. അതായത് തൊട്ടുമുമ്പത്തെ വർഷത്തെ അപേക്ഷിച്ച് ഇരട്ടി. 2012 വർഷം 727 കേസ്സുകളാണ് സ്ത്രീകൾ ഉപദ്രവിക്കപ്പെട്ടതായി രജിസ്റ്റർ ചെയ്യപ്പെട്ടതെങ്കിൽ 2013-ൽ അത് 2844 ആയി ഉയർന്നു. 2009-ൽ 1655 സ്ത്രീകളാണ് തട്ടിക്കൊണ്ട് പോകപ്പെട്ടതെങ്കിൽ 2013-ൽ അത് 2906 ആയി ഉയർന്നു. ഈ പച്ചയായ യാഥാർത്ഥ്യം കഴിഞ്ഞ ഒക്ടോബറിലാണ് അഡീഷണൽ സോളിസിറ്റർ ജനറൽ സുപ്രീം കോടതി മുമ്പാകെ വെളിപ്പെടുത്തിയത്. 2012-ൽ രാജ്യത്തെ നടുക്കിയ ഡൽഹി സംഭവത്തെത്തുടർന്ന് രാജ്യമാകെ ഉയർന്നുപൊങ്ങിയ പ്രതിഷേധത്തിന് ശേഷവും സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ വൻതോതിൽ ഉയർന്നതിന്റെ കണക്കുകൾകണ്ട് 3 അംഗ സുപ്രീംകോടതി ബഞ്ച് അത്ഭുതം രേഖപ്പെടുത്തി. യാത്രാവേളയിൽ ബസിൽവച്ച് പെൺകുട്ടികൾ ദിവസവും ഉപദ്രവിക്കപ്പെടുന്നു. രാജ്യത്തെ പ്രധാനപ്പെട്ട നഗരങ്ങളായ ഡൽഹിയും മുംബൈയും കോൽക്കത്തയും ഒന്നുംതന്നെ സ്ത്രീകളെ സംബന്ധിച്ചിടത്തോളം സുരക്ഷിതമല്ല. നഗരങ്ങൾ മാത്രമല്ല, പ്രാന്തപ്രദേശങ്ങളിലും ചെറുപട്ടങ്ങളിലും ഗ്രാമങ്ങളിലുമെല്ലാം സ്ത്രീകൾ അരക്ഷിതരാണ്. മാംസദാഹികൾ രണ്ട് വയസ്സ് പ്രായമുള്ള പെൺകുഞ്ഞുങ്ങൾ മുതൽ 70 വയസ്സുള്ള മുത്തശ്ശിമാരെ വരെ വെറുതെവിടുന്നില്ല. കർശനമായ നിയമം സ്വമേധയാ കുറ്റകൃത്യങ്ങൾക്ക് തടയിടുമെന്ന് കരുതിയ സാധാരണ ജനങ്ങൾ കടുത്ത ആശങ്കയിലും ഇച്ഛാഭംഗത്തിലുമാണ്. ജനങ്ങൾക്ക് ഉത്തരം നൽകുവാൻ സർക്കാർ ബാധ്യസ്ഥമല്ലേ? കപടവാഗ്ദാനങ്ങളും കണക്കുകളും നിരത്തി ജനങ്ങളെ നിരന്തരം വഞ്ചിക്കുന്ന മന്ത്രിമാരും ഉന്നതരാഷ്ട്രീയ നേതാക്കളും രാഷ്ട്രീയനിരീക്ഷകരും കോളമെഴുത്തുകാരുമെല്ലാം എവിടെപ്പോയി. സ്ത്രീപീഡനങ്ങൾക്കും സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾക്കും അനുകൂലമായ എല്ലാ ഘടകങ്ങളും യാതൊരു മാറ്റവുമില്ലാതെ നിലനിൽക്കുമ്പോൾ, കേവലം നിയമനിർമ്മാണത്തിലൂടെ പ്രശ്നങ്ങൾ പരിഹരിക്കാനാവില്ലെന്ന് കഷ്ടയതനുഭവിക്കുന്ന ജനങ്ങളും ഭീതിയിലാണ്ട രക്ഷിതാക്കളും ആശങ്കാകുലരായ ഭർത്താക്കൻമാരും സഹോദരങ്ങളുമെല്ലാം മനസ്സിലാക്കേണ്ടതുണ്ട്. എങ്കിൽമാത്രമേ പ്രശ്നത്തെ വേരോടെ പിഴുതെറിയാൻ എന്താണ് ചെയ്യേണ്ടതെന്ന തിരിച്ചറിവ് അവർക്ക് ലഭിക്കൂ.

കാര്യങ്ങൾ വ്യക്തമാകുവാൻ വർമ്മ കമ്മിറ്റിയുടെ രൂപീകരണത്തിന് ഇടയായ സാഹചര്യത്തിലേക്ക് നാം തിരിഞ്ഞുനോക്കേണ്ടതുണ്ട്. എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും ബഹുജനസംഘടനകളുടെയും ജനാധിപത്യ പ്രസ്ഥാനങ്ങളുടെയും അഭിപ്രായങ്ങൾ വർമ്മ കമ്മീഷൻ ആവശ്യപ്പെട്ടതനുസരിച്ച് നമ്മുടെ പാർട്ടിയും വ്യക്തമായ നിർദ്ദേശങ്ങൾ കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിരുന്നു. എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളും കർശനമായ ശിക്ഷ നിയമത്തിൽ വ്യവസ്ഥ ചെയ്യണമെന്ന് നിർദ്ദേശിച്ചപ്പോൾ നമ്മുടെ പാർട്ടി അതുകൊ

(ശേഷം പേജ് 10-ൽ)

# കേരളാ കൺസ്ട്രക്ഷൻ വർക്കേഴ്സ് യൂണിയൻ കോട്ടയം ജില്ലാ സമ്മേളനം

ആൾ ഇന്ത്യ യു.റ്റി.യു.സി യിൽ അഫിലിയേറ്റ് ചെയ്ത നിർമ്മാണ തൊഴിലാളികളുടെ യൂണിയനായ കേരളാ കൺസ്ട്രക്ഷൻ വർക്കേഴ്സ് യൂണിയന്റെ കോട്ടയം ജില്ലാ സമ്മേളനം ഡിസംബർ 29ന് ചങ്ങനാശ്ശേരി മുനിസിപ്പൽ മിനി ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. എ.ഐ.യു.റ്റി.യു.സിയുടെയും കേരളാ കൺസ്ട്രക്ഷൻ വർക്കേഴ്സ് യൂണിയന്റെയും ജില്ലാ സെക്രട്ടറിയായ സ. വി.പി.കൊച്ചുമോൻ അദ്ധ്യക്ഷത വഹിച്ചു. കേരളത്തിലെ സമുന്നത ട്രേഡ് യൂണിയൻ നേതാവും കേരളാ കൺസ്ട്രക്ഷൻ വർക്കേഴ്സ് യൂണിയന്റെ സ്ഥാപക ജനറൽ സെക്രട്ടറിയുമായിരുന്ന സഖാവ് കെ.പി.കോസലരാമദാസിന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തിക്കൊണ്ടുള്ള പ്രമേയം സ. കെ.എസ്.ചെല്ലമ്മ അവതരിപ്പിച്ചു. ശേഷം ഒരു മിനിറ്റ് മൗനം ആചരിച്ചുകൊണ്ടാണ് സമ്മേളന നടപടികൾ ആരംഭിച്ചത്.

സമ്മേളനം ഉദ്ഘാടനം ചെയ്യേണ്ടിയിരുന്ന യൂണിയൻ സംസ്ഥാന പ്രസിഡണ്ട് സഖാവ് പെരുങ്കുഴി എം. തങ്കപ്പന് കലശലായ പനിമൂലം സമ്മേളനത്തിന് എത്തിച്ചേരാൻ കഴിഞ്ഞില്ല. അദ്ദേഹത്തിന്റെ അഭാവത്തിൽ കേരളാ കൺസ്ട്രക്ഷൻ വർക്കേഴ്സ് യൂണിയൻ സംസ്ഥാന ജനറൽ സെക്രട്ടറിയും ആൾ ഇന്ത്യാ യു.റ്റി.യു.സി സംസ്ഥാന സെക്രട്ടറിയുമായ സഖാവ് വി. കെ. സദാനന്ദൻ സമ്മേളനം ഉദ്ഘാടനം ചെയ്തു.

സംസ്ഥാനത്തെ പ്രധാനപ്പെട്ട അസംഘടിത തൊഴിൽമേഖലയായ നിർമ്മാണ മേഖലയിൽ പണിയെടുക്കുന്ന കേരളത്തിലെയും മറുനാട്ടിലെയും എഴുപത് ലക്ഷത്തിലേറെ വരുന്ന തൊഴിലാളികളുടെ തൊഴിൽപ്രതിസന്ധിക്ക് പരിഹാരം കാണുന്നതിലും തൊഴിലവകാശങ്ങളും സാമൂഹ്യസുരക്ഷയും ഉറപ്പാക്കുന്നതിലും സർക്കാർ തികഞ്ഞ അലംഭാവമാണ് കാണിക്കുന്നതെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ആഗോളവൽക്കരണ നയത്തിന്റെ ഭാഗമായി നിർമ്മാണ മേഖലയിലും പ്രത്യക്ഷ വിദേശ നിക്ഷേപം അനുവദിച്ചതുവഴി വൻകിട സ്വദേശ-വിദേശ കോർപ്പറേറ്റുകൾ ഈ മേഖലയും കൈയ്യടക്കിയിരിക്കുന്നു. വൻകിട യന്ത്രസാമഗ്രികൾ ഉപയോഗിച്ചും വളരെ കുറഞ്ഞ കൂലിക്ക് അന്യസംസ്ഥാന തൊഴിലാളികളെ കൊണ്ട് പണിയെടുപ്പിച്ചും വൻലാഭം കൊയ്യുകയാണിവർ. നിർമ്മാണ വസ്തുക്കളുടെ കൃത്രിമമായ ദൗർലഭ്യവും വിലക്കയറ്റവും മൂലം ചെറുകിട നിർമ്മാണ പ്രവർത്തനം സ്തംഭനാവസ്ഥയിലാണ്. അതുകാരണം ഈ മേഖലയിലും തൊഴിൽ ലഭ്യത നന്നേ കുറഞ്ഞിരിക്കുന്നു. തൊഴിലാളി ക്ഷേമത്തിനെന്ന പേരിൽ രൂപീകരിച്ചിരിക്കുന്ന ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനവും കാര്യക്ഷമമല്ല. സെസ്സ് പിരിച്ചെടുക്കുന്നതിൽ പ്രതിവർഷം 50 കോടിയിലധികം രൂപ സർക്കാർ കുറവ് വരുത്തിയിട്ടും 1000 കോടിയിലേറെയുള്ള നിക്ഷേപം നിർമ്മാണ ക്ഷേമനിധി ബോർഡിനുണ്ട്. എന്നിട്ടും തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ കാലോചിതമായി വർദ്ധിപ്പിക്കുന്നില്ല - അദ്ദേഹം ചൂണ്ടിക്കാട്ടി.

ആൾ ഇന്ത്യ യു.റ്റി.യു.സി സംസ്ഥാന വൈസ് പ്രസിഡന്റ് സഖാവ് ഡി.സുന്ദരേശൻ മുഖ്യ പ്രഭാഷണം നടത്തി. സഖാവ് എ.ജി. അജയകുമാർ മുഖ്യ



കൺസ്ട്രക്ഷൻ വർക്കേഴ്സ് യൂണിയൻ കോട്ടയം ജില്ലാ സമ്മേളനം എഐയുടിയുസി സംസ്ഥാന സെക്രട്ടറി സഖാവ് വി.കെ.സദാനന്ദൻ ഉദ്ഘാടനം ചെയ്യുന്നു.

പ്രമേയം അവതരിപ്പിച്ചു. സംഘടനാ റിപ്പോർട്ട് സഖാവ് കെ.എൻ. രാജനും, നിർമ്മാണ മേഖലയിലെ പ്രതിസന്ധിയെ സംബന്ധിച്ച പ്രമേയം സഖാവ് ലിജിമോൻ ജോസഫും അവതരിപ്പിച്ചു. ഈ പ്രമേയങ്ങളെ സഖാവ് എം.കെ. കണ്ണൻ, സഖാവ് കെ.എ. സോമൻ, സഖാവ് ചാക്കോ പി.ജെ എന്നിവർ പിന്തുണച്ചു സംസാരിച്ചു. കുറഞ്ഞ പെൻഷൻ 2000 രൂപയെങ്കിലുമാക്കണമെന്നും എല്ലാ നിർമ്മാണ തൊഴിലാളികളെയും ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നും സമ്മേളനം ആവശ്യപ്പെട്ടു.

സമ്മേളനത്തിന് ആശംസകളർപ്പിച്ചുകൊണ്ട് എച്ച്. എൻ.എൽസി&സി വർക്കേഴ്സ് സെന്റർ ജനറൽ സെക്രട്ടറി സഖാവ് പി.എം.ദിനേശൻ, എസ്.യു.സി.ഐ (കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടേറിയറ്റ് അംഗം സഖാവ് റ്റി.ജെ.ജോണിക്കുട്ടി, ജില്ലാ കമ്മിറ്റി അംഗം സഖാവ് കെ.സദാനന്ദൻ, എന്നിവർ പ്രസംഗിച്ചു. സഖാവ് ബെന്നി ദേവസ്യ അവതരിപ്പിച്ച പുതിയ ജില്ലാ കമ്മിറ്റി പാനലിനെ സഖാവ് പി. കെ. രവീന്ദ്രൻ പിന്തുണച്ചു. പാനൽ സമ്മേളനം ഏകകണ്ഠേന അംഗീകരിച്ചു. ആൾ ഇന്ത്യ യു.റ്റി.യു.സി സംസ്ഥാന സെക്രട്ടേറിയറ്റ് അംഗവും കേരള മത്സ്യ സംസ്ക്കരണ തൊഴിലാളി യൂണിയൻ ജനറൽ സെക്രട്ടറിയുമായ സഖാവ് എസ്.സീതിലാൽ സമാപന സന്ദേശം നൽകി.

സഖാവ് കെ.എൻ. രാജൻ സ്വാഗതവും സഖാവ് കെ.എസ്.ചെല്ലമ്മ നന്ദിയും പറഞ്ഞു.

**പുതിയ ജില്ലാ ഭാരവാഹികൾ**

സഖാവ് വി.പി. കൊച്ചുമോൻ (പ്രസിഡന്റ്), സഖാവ് കെ.പി. വിജയൻ, സഖാവ് എൻ.വേണുഗോപാലൻ, സഖാവ് കെ.എസ്. ചെല്ലമ്മ, സഖാവ് ചാക്കോ പി.ജെ (വൈസ് പ്രസിഡന്റുമാർ), സഖാവ് കെ.എൻ. രാജൻ (സെക്രട്ടറി), സഖാവ് ബെന്നി ദേവസ്യ, സഖാവ് ലിജിമോൻ ദേവസ്യ, സഖാവ് പി.സി. മധു, സഖാവ് കെ.ഡി. ദേവസ്യ (ജോയിന്റ് സെക്രട്ടറിമാർ), സഖാവ് എ.ജി. അജയകുമാർ (ട്രഷറർ) ■

(2-ാം പേജിൽ നിന്ന്)

വെടിഞ്ഞ് ഇത്തരമൊരു പോരാട്ടം കെട്ടിപ്പടുക്കുവാൻ മുന്നോട്ടുവരികയാണ് സിപിഐ(എം) ചെയ്യേണ്ടത്.

ഏതൊരു രാജ്യത്തും വിപ്ലവം ഒരു യഥാർത്ഥ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ മാത്രമേ സാധ്യമാകൂ. ആ പാർട്ടിയെ അനുഭവത്തിലൂടെ തിരിച്ചറിയാൻ നാൾ ചെല്ലുന്തോറും കൂടുതൽ കൂടുതൽ ജനവിഭാഗങ്ങൾക്ക് പ്രാപ്തമാകും. ഈ പ്രക്രിയയെ ആത്യന്തികമായി തടയാൻ ഒരു ശക്തിക്കുമാവില്ല. കമ്മ്യൂണിസ്റ്റെന്നവകാശപ്പെടുന്ന പ്രസ്ഥാനങ്ങൾ പരസ്പരം തുറന്ന് വിമർശിക്കുന്നതിനെ സ്വാഗതം ചെയ്യുകയും ഒപ്പം യോജിക്കാവുന്ന മേഖലകളിലൊക്കെ യോജിച്ച് പ്രവർത്തിക്കുകയും ചെയ്യുകയാണ് വേണ്ടത്. തൊഴിലാളിവർഗ്ഗം അഭിലഷിക്കുന്നത് അതാണ്. പ്രത്യയശാസ്ത്രരംഗത്തെ വിട്ടുവീഴ്ചയില്ലാത്ത പോരാട്ടം സ്വന്തം പ്രസ്ഥാനത്തെ തിരിച്ചറിയാൻ ജനങ്ങൾക്ക് സഹായകരമാകുമെന്ന കാര്യം വിസ്മരിക്കാതിരിക്കുക. ■

## ലോകവ്യാപകമായ സാമ്രാജ്യത്വ വിരുദ്ധ പ്രസ്ഥാനം കെട്ടിപ്പടുക്കണം

( 4-ാം പേജിൽ നിന്ന്)

ലാക്കാം. ഇസ്രായേലിലെ ദിമോണയിലുള്ള നെഗെവ് മരുഭൂമിയിലെ ഈ രാസായുധ സംഭരണകേന്ദ്രത്തിൽ ആണവായുധങ്ങളും ഉണ്ടാക്കുന്നുണ്ടത്രെ. അപ്പോൾ സിറിയയുടെ രാസായുധത്തെക്കുറിച്ച് വിളിച്ചുകൂവാനും ആ രാജ്യത്തിനെതിരെ ഐക്യരാഷ്ട്ര രക്ഷാസമിതിയെക്കൊണ്ട് പ്രമേയം കൈക്കൊള്ളാനും അമേരിക്കയ്ക്ക് എന്തധികാരമാണുള്ളത്? സിറിയയുടെ രാസായുധശേഖരം നശിപ്പിക്കുകയും ഇറാനെ ആണവായുധങ്ങൾ ഉണ്ടാക്കുന്നതിൽനിന്ന് വിലക്കുകയും ചെയ്യുന്ന അമേരിക്ക രാസായുധങ്ങളും ആണവായുധങ്ങളും ഉൾപ്പെടെയുള്ള കൂട്ട സംഹാരായുധങ്ങളുടെ കൂമ്പാരത്തിനുമേൽ അടയിരിക്കുന്നത് എന്തുകൊണ്ട്? മറ്റു രാജ്യങ്ങളിലെ നിരപരാധികളായ ജനങ്ങളെ കൊന്നൊടുക്കാൻ അമേരിക്കയ്ക്ക് ആരാണ് ലൈസൻസ് നൽകിയത്? സിറിയയ്ക്ക് 1000 ടൺ രാസായുധശേഖരമുണ്ടെങ്കിൽ അമേരിക്കയുടെ പക്കൽ 25,000 മെട്രിക്ടൺ ഉണ്ടെന്നാണ് റിപ്പോർട്ടുകൾ പറയുന്നത്. ആരാണപ്പോൾ കൂടുതൽ അപകടകാരിയായ മരണവ്യാപാരി? ആരാണപ്പോൾ സമാധാനത്തിന് കൂടുതൽ ഭീഷണി? ഐക്യരാഷ്ട്ര രക്ഷാസമിതി ഇതിന് മറുപടി പറയണ്ടേ? എന്തായാലും, മദ്ധ്യപൂർവ്വദേശത്ത് അമേരിക്കയുടെ മാടമ്പിത്തരത്തിനും സയണിസ്റ്റ് ഇസ്രായേലിനുമെതിരെ ഉറച്ച നിലപാടെടുക്കുന്ന, എണ്ണ സമ്പന്നമായ സിറിയ ഈ പ്രമേയത്തിലൂടെ ആഘോഷപൂർവ്വം നിർവ്വീര്യമാക്കപ്പെട്ടു എന്നതാണ് സത്യം.

**അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ ഹീനപദ്ധതികളെ പരാജയപ്പെടുത്തുക**

ഈ രണ്ടുകരാറുകളും ഒരു പുതിയ അമേരിക്കൻ ഗൂഢപദ്ധതിയാണ് സൂചിപ്പിക്കുന്നത്. ദീർഘകാലം അമേരിക്ക അടിച്ചേൽപ്പിച്ച സാമ്പത്തിക ഉപരോധംകൊണ്ട് വലഞ്ഞ ഇറാന്റെമേൽവീണ്ടും വലിയ സമ്മർദ്ദമാണ് അമേരിക്ക ചെലുത്തുന്നത്. ആഗസ്റ്റ് മാസം സിറിയയിലുണ്ടായ രാസായുധ പ്രയോഗത്തിന് സിറിയൻ ഗവൺമെന്റാണ് ഉത്തരവാദി എന്ന് ഐക്യരാഷ്ട്രസഭയെക്കൊണ്ട് പ്രമേയം പാസ്സാക്കിയെടുത്ത് അതിന്റെ മറവിൽ സിറിയയുടെ രാസായുധശേഖരം നശിപ്പിക്കാനാണ് അമേരിക്ക ശ്രമിക്കുന്നത്. ഈ രണ്ട് വിഷയങ്ങളിലും ലോകവ്യാപകമായി ജനകീയാഭിപ്രായം അമേരിക്കക്കെതിരാണ്. പ്രത്യേകിച്ചും, സ്വന്തംരാജ്യത്തുതന്നെ അത് ഉയർന്നുവന്നിരിക്കുന്നു. അതുകൊണ്ടവർ തന്ത്രപൂർവ്വം യുദ്ധനീക്കങ്ങളിൽനിന്ന് പിന്തിരിഞ്ഞ്, സമാധാന തന്ത്രം പയറ്റി, സാഹചര്യം അനുകൂലമാക്കിയെടുക്കാൻ ശ്രമിക്കുകയാണ്. എണ്ണകൊണ്ട് സമ്പന്നവും തന്ത്രപ്രധാനവുമായ മദ്ധ്യപൂർവ്വദേശത്ത് തടസ്സം നിൽക്കുന്ന രണ്ട് രാജ്യങ്ങളെ വരുതിയിലാക്കി, മേധാവിത്വം സ്ഥാപിച്ചെടുക്കുന്നതിനുള്ള കരുനീക്കങ്ങളുമായി മുന്നേറുക എന്നതുതന്നെയാണ് ആത്യന്തിക ലക്ഷ്യം. എന്നാൽ ഈ ക്രൂരകൃത്യങ്ങളുമായി സുഗമമായി മുന്നേറാൻ ഇവർക്ക് കഴിയുന്നതെന്തുകൊണ്ട്? ലോകത്തെ യുദ്ധവിരുദ്ധരും സമാധാനപ്രേമികളുമായ ജനങ്ങളെയാകെ അസ്വസ്ഥരാക്കേണ്ട ചോദ്യമിതാണ്. യുദ്ധത്തിനും യുദ്ധസന്നാഹങ്ങൾക്കുമെതിരെ വ്യാപകമായ ജനാഭിപ്രായം ഉയർന്നുവന്നതിനാലാണ് ഈ രണ്ട് രാജ്യങ്ങൾക്കുംമേൽ ഉടനടി യുദ്ധമഴിച്ചുവിടാൻ പെന്റഗണിന് കഴിയാതെപോയതെന്ന കാര്യം മുമ്പു സൂചിപ്പിച്ചുവല്ലോ. ഇതുതന്നെയാണ് രക്ഷാ കവചം. യുദ്ധവിരുദ്ധ, സാമ്രാജ്യത്വവിരുദ്ധ സാമാധാനപ്രസ്ഥാനം ആഗോളമായി എത്ര ശക്തിപ്രാപിക്കുന്നുവോ അത്രത്തോളം സാമ്രാജ്യത്വശക്തികളുടെ യുദ്ധനീക്കങ്ങൾ പിന്നോട്ടടിക്കപ്പെടും. അത് എന്നന്നേയ്ക്കുമായി അവസാനിപ്പിക്കാൻ കഴിഞ്ഞില്ലെങ്കിൽപോലും. അതിനാൽ, യുദ്ധവിരുദ്ധരും സമാധാനപ്രേമികളുമായ ജനങ്ങളുടെ ഐക്യം ഊട്ടിയുറപ്പിച്ചുകൊണ്ട്, വിവിധ രാജ്യങ്ങളിൽ നടക്കുന്ന സാമ്രാജ്യത്വവിരുദ്ധ സമരങ്ങളെയാകെ ഏകോപിപ്പിച്ചുകൊണ്ട്, ആഗോളമായ ഒരു സാമ്രാജ്യത്വ യുദ്ധവിരുദ്ധ പ്രസ്ഥാനം കെട്ടിപ്പടുക്കുക എന്നതാണ് ഇന്നത്തെ കർത്തവ്യം. ■

## വിലക്കയറ്റത്തിനെതിരെ ജനകീയ സമരക്കമ്മിറ്റികളിൽ സംഘടിക്കുക



വൈക്കത്തുനടന്ന താലൂക്ക് ഓഫീസ് മാർച്ച്



കാഞ്ഞിരപ്പള്ളി താലൂക്ക് ഓഫീസ് മാർച്ച്



കായംകുളം മിനി സിവിൽസ്റ്റേഷൻ മാർച്ച്

# സഖാവ് പ്രതിഭാകുമാരി അനുസ്മരണയോഗം

**അവൈയക്തികമായ വേദന മനുഷ്യനെ നിസ്സഹായനാക്കുകയല്ല, മറിച്ച് വിപ്ലവസമരം മുന്നോട്ടുകൊണ്ടുപോകാനുള്ള പ്രചോദനം നൽകുകയാണ് ചെയ്യുന്നത്. മാതൃകായോഗ്യമായ വിപ്ലവ സ്വഭാവം ആർജ്ജിക്കാനും അത് സഹായിക്കുന്നു. -സഖാവ് കൃഷ്ണ ചക്രവർത്തി**

മനുഷ്യസമൂഹത്തിൽ മരണം പുതിയതല്ല. സമൂഹത്തിന്റെ തുടക്കം മുതൽ ജനനം ഉള്ളതുപോലെ മരണവുമുണ്ട്. ഒരോ മരണവും സമൂഹത്തിൽ ഒരു ശൂന്യത സൃഷ്ടിക്കുന്നു. ഓരോ ജനനവും ആ ശൂന്യത നികത്തുന്നു. പക്ഷേ ചിലപ്പോൾ ചില വിയോഗങ്ങൾ സൃഷ്ടിക്കുന്ന ശൂന്യത നികത്താൻ സമൂഹം ഏറെ സമയമെടുക്കുന്നു. അത്തരമൊരു മരണം നവംബർ 2 ന് ഉണ്ടായി, ഇടിത്തീ വീണതുപോലെ. സഖാവ് പ്രതിഭാകുമാരി അന്തരിച്ചു. സഖാവ് പാർട്ടിയുടെ ബാംഗ്ലൂർ ജില്ലാ കമ്മിറ്റിയംഗവും എ.ഐ.എം.എസ്.എസ് കർണാടക സംസ്ഥാന കമ്മിറ്റിയുടെ പ്രസിഡന്റുമായിരുന്നു. ഇടത്തീവീണതുപോലെ എന്ന പ്രയോഗത്തിന്റെ അർത്ഥം അന്ന് ആ മരണം കണ്ടവർക്ക്, അതെക്കുറിച്ച് കേട്ടവർക്ക് പോലും വ്യക്തമായി. അത്രമേൽ അപ്രതീക്ഷിതവും അവിശ്വസനീയവുമായിരുന്നു അത്.

മരിച്ചുകൊണ്ടിരിക്കുന്ന ഒരു നാഗരികതയിലാണ് നാമിന്ന് ജീവിക്കുന്നത്. ഇവിടെ ഉന്നതമായതെല്ലാം, മഹത്തായതെല്ലാം, പാവനമായതെല്ലാം, നശിക്കുകയാണ്. മാനുഷിക മൂല്യങ്ങൾ മരിക്കുകയാണ്. ഈ സമൂഹത്തിൽ തൊഴിലാളിവർഗ്ഗ വിപ്ലവ മൂല്യങ്ങളുടെ അകക്കാമ്പുള്ള മഹത്തായ ഒരു സ്വഭാവം സൃഷ്ടിക്കുക എന്നത് വളരെ ബുദ്ധിമുട്ടേറിയ സമരമാണ്. സഖാവ് പ്രതിഭാകുമാരി അത്തരമൊരു സമരത്തിന്റെ സൃഷ്ടിയായിരുന്നു. സത്യസന്ധയായ, ആത്മാർത്ഥതയുള്ള, അന്വേഷണമനസ്സുള്ള ഒരു സാധാരണ പെൺകുട്ടിയായിട്ടാണ് അവർ സംഘടനയിലേക്ക് വന്നത്. ഈ യുഗത്തിൽ ഏറ്റവും ഉയർന്ന അറിവ് ആർജ്ജിക്കാൻ മനുഷ്യനെ സഹായിക്കുന്ന, മനുഷ്യരാശിയുടെ ഏറ്റവും ഉന്നതമായ ചിന്തയായ മാർക്സിസം-ലെനിനിസം-സഖാവ് ശിബ്ദാസ് ഘോഷ് ചിന്തകളുമായി സമ്പർക്കത്തിൽ വന്ന അവർ, ഉയർന്ന മൂല്യങ്ങളുമായി പരിചയപ്പെടുകയും മനുഷ്യനെ ഉദാത്തമനസ്കനാക്കുന്ന ആ തൊഴിലാളിവർഗ്ഗ മൂല്യങ്ങൾ സ്വന്തം സമരത്തിലൂടെ ആർജ്ജിക്കുകയും ചെയ്തു.

അവരുടെ മരണം പാർട്ടിക്കുമാത്രമല്ല അത് സമൂഹത്തിനും വലിയൊരു നഷ്ടമാണ്. ഇന്ന് സമൂഹം വിപ്ലവത്തിന് വേണ്ടി ദാഹിക്കുന്നു. പക്ഷേ ആ വിപ്ലവത്തിന് വേണ്ട സാഹചര്യം ആര് സൃഷ്ടിക്കും? ആ വിപ്ലവകാരികൾ എവിടെ? വിപ്ലവത്തിന് വേണ്ടുന്ന സാമൂഹ്യ ആവശ്യകതയുമായി തട്ടിച്ചുനോക്കിയാൽ നമ്മൾ വിപ്ലവകാരികൾ എണ്ണത്തിൽ തീരെ കുറവാണ്. നമ്മുടെ പാർട്ടിയുമായി പരിചയപ്പെട്ട്, വിപ്ലവസമരങ്ങളിൽ പങ്കെടുത്ത്, വിപ്ലവ വ്യക്തിത്വങ്ങളെ സൃഷ്ടിക്കുന്ന പാർട്ടി പ്രക്രിയക്ക് വിധേയരായി, അത്തരം വിപ്ലവകാരികൾ ഉയർന്ന് വരുന്നുണ്ട് എന്നുള്ളത് വളരെ പ്രതീക്ഷ നൽകുന്ന കാര്യമാണ്. പക്ഷേ, വിപ്ലവത്തിന്റെ ഭീമമായ കർത്തവ്യബാഹുല്യത്തിന് അത് മതിയാകുന്നില്ല. അവരിൽ ഒരാൾ മരിക്കുമ്പോൾ അത് ഏറെ വലിയ ഒരു നഷ്ടമാണ്. സ.പ്രതിഭയെ അറിയാവുന്നവർ പലരും ഇവിടെയുണ്ട്, അവർക്കറിയാം, ഒരു ഗ്രാമാന്തരീക്ഷത്തിൽ നിന്ന് പോളിടെക്നിക് വിദ്യാഭ്യാസം പൂർത്തിയാക്കിയാണ് അവർ പാർട്ടിലേക്ക് കടന്നുവന്നത്. വലിയ വിദ്യാഭ്യാസവുമായല്ല, പക്ഷേ സമൂഹത്തിൽ നിന്ന് സ്വീകരിച്ച മൂല്യബോധവുമായി അവർ വന്നു. ചില മൂല്യങ്ങൾ ഉള്ളിലുണ്ടായിരുന്നതിനാൽ തൊഴിലാളിവർഗ്ഗ വിപ്ലവ ജീവിതത്തിന്റെ കൂടുതൽ ഉയർന്ന മൂല്യങ്ങൾ അവരെ ആകർഷിച്ചു,

വ്യക്തിപരമായ എല്ലാ കാര്യങ്ങളും തൊഴിലും ഉപേക്ഷിച്ചുകൊണ്ട് അവർ പാർട്ടിയിൽ ചേർന്നു. പിന്നെയവർ അവർ പിൻതിരിഞ്ഞു നോക്കിയതേയില്ല. വീട്ടുകാർ കരുതിയത് പ്രതിഭക്ക് കുടുംബസ്നേഹമില്ലെന്നാണ്. കാരണം സഖാവ് അവരെ കൂടെക്കൂടെ സന്ദർശിച്ചിരുന്നില്ല. പക്ഷേ മാതാപിതാക്കളോടും കുടുംബാംഗങ്ങളോടുമുള്ള ആഴമാർന്ന സ്നേഹവും വികാരങ്ങളുമാണ് സമൂഹത്തിലെ എല്ലാ മാതാപിതാക്കളുടെയും വേദനയും കഷ്ടപ്പാടുകളും കാണാൻ ഒരാളെ സഹായിക്കുന്നതെന്ന് നമ്മൾ അറിയണം. ഇതാകട്ടെ, ഇന്നത്തെ മനുഷ്യന്റെ കഷ്ടപ്പാടുകൾ മാറുന്ന ഒരു പുതിയ സംസ്കാരം പണിതുയർത്താനായി സമൂഹത്തിന്റെ അടിസ്ഥാന മാറ്റത്തിനു വേണ്ടിയുള്ള സാമൂഹ്യസമരത്തിന്റെ നീർച്ചുഴിയിലേക്ക് ഒരാളെ എത്തിക്കുന്നു. എല്ലാ മാതാപിതാക്കളെയും ജനങ്ങളെയും സ്നേഹിക്കുന്ന ഒരാളാണ് സ്വന്തം മാതാപിതാക്കളെയും ബന്ധുക്കളെയും യഥാർത്ഥത്തിൽ സ്നേഹിക്കുന്നത്. സഖാവ് പ്രതിഭാകുമാരി ഈ ഗണത്തിൽപെട്ട ഒരു വിപ്ലവകാരിയായിരുന്നു.

മുതലാളിത്തം അതിന്റെ പരമോന്നതഘട്ടത്തിലെത്തിയതോടെ, പിന്തിരിപ്പനും മരണാസന്നവുമായിരിക്കുന്നുവെന്ന് ലെനിൻ നൂറു വർഷം മുൻപ് ചൂണ്ടിക്കാട്ടി. അതേ സമയം സ്വയം ഇല്ലാതാകുന്നതിന് മുൻപ് ഒരു വ്യവസ്ഥിതി അതിന്റെ ഉദരത്തിൽ പുതിയതൊന്നിനു ജന്മം നൽകുന്നുവെന്നും അദ്ദേഹം സമർത്ഥിച്ചു. അതുകൊണ്ടാണ് ഇത് സാമ്രാജ്യത്വത്തിന്റെ യുഗമാണ് എന്ന് പറഞ്ഞ ലെനിൻ ഒപ്പം തന്നെ തൊഴിലാളി വർഗ്ഗ വിപ്ലവത്തിന്റെയും യുഗമാണ് എന്ന് പറഞ്ഞത്.

റഷ്യയിൽ തൊഴിലാളിവർഗ്ഗ വിപ്ലവം വിജയിപ്പിച്ചതിലൂടെ സോഷ്യലിസ്റ്റ് വിപ്ലവം ഒരുഭാവനയല്ല, യാഥാർത്ഥ്യമാണ് എന്നദ്ദേഹം ലോകത്തിന് കാണിച്ചുകൊടുത്തു. പ്രകൃതിയിൽ ഗുണപരമായ മാറ്റങ്ങൾ സ്വയമേവ സംഭവിക്കുമ്പോൾ സമൂഹത്തിൽ അതുപോലെ തന്നെയല്ല സംഭവിക്കുന്നത് എന്നദ്ദേഹം കാണിച്ചു. അവിടെ മനുഷ്യബോധം നേതൃത്വപരമായ ഒരു പങ്ക് വഹിക്കുന്നു. ബോധപൂർവ്വമായ പ്രവൃത്തിയില്ലാതെ, ബോധപൂർവ്വമായ സമരമില്ലാതെ സമൂഹത്തിൽ വിപ്ലവം വരുന്നില്ല. അതിന് നമുക്ക് വിപ്ലവകാരികളെ ആവശ്യമുണ്ട്. പക്ഷേ സൈദ്ധാന്തികമായി ഇത് മനസ്സിലാക്കുന്നതുകൊണ്ടുമാത്രം നമുക്ക് വിപ്ലവം സാധ്യമാക്കാൻ കഴിയില്ല. ആ വിപ്ലവ ജീവിതം നാം ധൈര്യപൂർവ്വം ഏറ്റെടുക്കണം. വിപ്ലവം നടന്ന എല്ലാ നാടുകളിലും, അത് റഷ്യയോ, ചൈനയോ, വിയറ്റ്നാമോ, ക്യൂബയോ മറ്റേതൊരു രാജ്യമോ ആവട്ടെ, വിപ്ലവകാരികൾ ജീവിതത്തെയും മൂല്യങ്ങളെയും കുറിച്ചുള്ള ഈ ധാരണ പിൻതുടർന്ന് കൊണ്ട് അവരുടെ പങ്ക് വഹിച്ചിട്ടുണ്ട്. ഇന്ത്യൻ സമൂഹത്തിൽ ഇത്തരമൊരു സമരം വളർത്തിയെടുത്തത് സഖാവ് ശിബ്ദാസ്ഘോഷ് ആണ്. പാർട്ടി എന്നാൽ കുറെ വ്യക്തികളുടെ ഒരു കൂട്ടമെന്നല്ല അർത്ഥം, അതൊരു പ്രക്രിയയാണ്. ചിന്തയുടെയും പ്രവർത്തനത്തിന്റെയും ഒരു പ്രക്രിയ. ഈ പ്രക്രിയക്ക് സസന്തോഷം സ്വമേധയാ, സമ്പൂർണ്ണമായി വിധേയരായിക്കൊണ്ടു മാത്രമേ നമുക്കതിന്റെ കുറ്റമറ്റ ഉൽപന്നങ്ങളായിത്തീരാൻ കഴിയൂ. ഇന്ന് തൊഴിലാളിവർഗ്ഗ വിപ്ലവത്തിന്റെ മൂല്യങ്ങൾ ആർജ്ജിച്ചുകൊണ്ട് മാത്രമേ ഒരാൾക്ക് ഉയർന്ന സ്വഭാവഗുണം ആർജിക്കാൻ കഴിയൂ.

ഇത്തരമൊരു സമര പ്രക്രിയയാണ് പ്രതിഭാകുമാരി അവലംബിച്ചത്. അവരുടെ സമരം ഏറെ നിശ്ചയദാർഢ്യത്തോടെയായിരുന്നു എന്നതിനാൽ വേഗം തന്നെ അവർ ആ സംസ്കാരം ആർജ്ജിക്കുകയും ഏറെ ഉയർന്ന ഒരു നിലവാരത്തിലെത്തിച്ചേരുകയും ചെയ്തു. കഴിഞ്ഞ സംസ്ഥാന സമ്മേളനത്തിൽ, അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടനയുടെ കർണാടക സംസ്ഥാന കമ്മിറ്റി പ്രസിഡന്റായി അവർ തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. പാർട്ടിയുടെ ബാംഗ്ലൂർ ജില്ലാ കമ്മിറ്റിയംഗവും കൂടിയായിരുന്നു അവർ. ആർദ്രവും മധുരവും എന്നാൽ നിശ്ചയദാർഢ്യമുള്ളതുമായിരുന്നു അവരുടെ സ്വഭാവം. തനിക്ക് ബോധ്യപ്പെടുകയും പാർട്ടിയുടെ മാർഗ്ഗ നിർദ്ദേശത്തിൻ കീഴിൽ തീരുമാനിക്കുകയും ചെയ്ത കാര്യങ്ങളിൽ അവർ ഉറച്ചുനിന്നു. എല്ലാ ഇടുങ്ങിയ മനോഭാവങ്ങൾക്കും അതീതയായിരുന്ന അവർ, എപ്പോഴും ജനസമരങ്ങളുടെ മുൻനിരയിൽ നിലകൊണ്ടു. പാർട്ടിയുടെ നിർദ്ദേശ പ്രകാരം യൂണിവേഴ്സിറ്റിയിലെ ഏറ്റവും ഉയർന്ന ബിരുദം കരസ്ഥമാക്കിയപ്പോഴും അവർ വിദ്യാർത്ഥിപ്രക്ഷോഭങ്ങൾ സംഘടിപ്പിക്കുന്നതിൽ സജീവ പങ്കുവഹിച്ചു.

അത്തരമൊരു വ്യക്തിത്വം നമ്മുടെ സമൂഹത്തിൽ വിശിഷ്യാ സ്ത്രീകൾക്കിടയിൽ അപൂർവ്വമാണ്. സ്ത്രീകളിൽ ബഹുഭൂരിപക്ഷവും അസ്വതന്ത്രരായി, വിധേയരായി കഴിയുന്ന, സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിലൂടെ ജന്മിത്ത ആശയങ്ങളെ പൊരുതി നിഷ്കാസനം ചെയ്തിട്ടില്ലാത്ത ഒരു രാജ്യമാണ് നമ്മുടേത്. ആ ജന്മിത്ത ആശയങ്ങൾ, ജന്മിത്ത സമ്പ്രദായങ്ങൾ, ജന്മിത്ത സംസ്കാരം, അതിലേറെ സ്ത്രീകളോടുള്ള ജന്മിത്ത സമീപനവും മനോഭാവവും ഇപ്പോഴും നിലനിൽക്കുന്നു. ജാതീയത, വർഗ്ഗീയത, പ്രാദേശിക വാദം, ഭാഷാസങ്കുചിതത്വം എല്ലാം ശക്തിപ്പെടുകയാണ്. ഈ സമൂഹത്തിൽ ജന്മിത്ത അവശേഷിപ്പുകൾക്കെതിരെ പോരാടുക എളുപ്പമല്ല. അത്തരമൊരു സമൂഹത്തിൽ ഒരു സ്ത്രീക്ക് വിപ്ലവകാരിയാകുക ദുഷ്കരമാണ്.സഖാവ് ശിബ്ദാസ്ഘോഷിന്റെ വിപ്ലവചിന്തകൾ മുറുകെപ്പിടിച്ചുകൊണ്ടു മാത്രമേ നമ്മുടെ നാട്ടിലെ സ്ത്രീകൾക്ക് അത്തരം വിപ്ലവ സ്വഭാവവും അഭിമാനബോധവും ആർജ്ജിക്കാനാവൂ. അതുകൊണ്ടാണ് നമ്മുടെ പാർട്ടിയിൽ മാത്രം ഇത്രയേറെ വനിതാ വിപ്ലകാരികളുള്ളത്.

അവരുടെ മരണത്തിനുശേഷം പത്രങ്ങളിൽ ആ വാർത്ത വന്നപ്പോൾ അവരെ അറിയാവുന്ന നിരവധിപേർ തങ്ങളുടെ ദുഃഖം പ്രകടപ്പിച്ചു. തങ്ങൾക്കും സമൂഹത്തിനൊന്നാകെയും അത് വലിയൊരു നഷ്ടമാണെന്ന്, അവർ മനസ്സിലാക്കി. എല്ലാ മനുഷ്യരുടെയും സമരം സാമൂഹ്യമാറ്റത്തിൽ പങ്ക് വഹിക്കുമെങ്കിലും, ഒരു പിന്നോക്ക രാജ്യത്ത് സ്ത്രീകൾ വിപ്ലവ പ്രസ്ഥാനത്തിലേക്ക് വരുമ്പോൾ അതുണ്ടാക്കുന്ന ചലനം ഏറെയാണ്. ഈ സംസ്ഥാനത്തു തന്നെ വന്നുകൊണ്ടിരിക്കുന്ന പലമാറ്റങ്ങളും, തീർച്ചയായും നമ്മുടെ സൃഷ്ടിയാണ്, നമ്മുടെ സമരത്തിന്റെ ഫലമാണ്. നിശ്ചയമായും അതിൽ നമ്മുടെ വനിതാസഖാക്കൾ അവരുടേതായ ഏറെ പ്രധാനപ്പെട്ട ഒരു പങ്ക് വഹിച്ചിട്ടുണ്ട്. ബാംഗ്ലൂരിൽ ഞാനാദ്യം വന്നത് 1965–66 ലാണ്. അന്നത്തെ ബാംഗ്ലൂർ എത്ര അരാഷ്ട്രീയമായിരുന്നുവെന്ന് ഇന്ന് നിങ്ങൾക്ക് സങ്കൽപ്പിക്കാനാവില്ല. അന്നത്തെയും ഇന്നത്തെയും ബാംഗ്ലൂരിന്റെ ചിത്രം താരതമ്യം ചെയ്താൽ നിങ്ങൾക്കീ വ്യത്യാസം കാണാം. ജനജീവിതത്തിന്റെ നിരവധി പ്രശ്നങ്ങളുടെ മേൽ ഇന്ന് സമരങ്ങൾ വളർന്നുവരുന്നുണ്ട്. അത് നമ്മുടെ പോരാട്ടഫലമായാണ്. ഒരുനാൾ ചരിത്രം ഈ വസ്തുത രേഖപ്പെടുത്തും, ഒപ്പം നമ്മുടെ വനിതാ സഖാക്കൾ അതിൽ വഹിച്ച വ്യതിരിക്തമായ പങ്കും അംഗീകരിക്കപ്പെടും. അവരിൽ ഒരുവളായിരുന്നു, പ്രതിഭാകുമാരി.

ജീവിതത്തിൽ മരണം സുനിശ്ചിതമാണ്. മനുഷ്യൻ ശരിയായ പാതയിൽ ശരിയായ പ്രക്രിയയിൽ ചരിത്രപരമായി നിർണ്ണയിക്കപ്പെട്ട ഒരു ലക്ഷ്യത്തിനുവേണ്ടി പോരാടുമെങ്കിൽ, വലിയ ചിന്താശേഷിയുള്ള മഹത്തായ ഒരു മനസ്സ് വളർത്തിയെടുക്കാൻ കഴിയും. മാർക്സിനെ പോലെ അത് നമുക്കും സാധ്യമാണ്. പക്ഷേ നാമിഷ്ടപ്പെടുന്നതുകൊണ്ടുമാത്രം ഏതെങ്കിലും വിധത്തിൽ പോരാടിയാൽ എനിക്ക് മാർക്സ് ആകാനാവുമോ? ഇല്ല. ഒരു ശരിയായ ദ്വന്ദാത്മക ഭൗതികവാദവീക്ഷണത്തോടെ വിപ്ലവത്തിനുവേണ്ടി പൂർണ്ണമായി സ്വയം സമർപ്പിച്ചുകൊണ്ട് മാർക്സ് നടത്തിയ പോരാട്ടത്തെ പിന്തുടർന്നുകൊണ്ട് മാത്രമേ ഒരാൾക്ക് നിശ്ചയമായും മാർക്സിനെപ്പോലെയാകാൻ കഴിയൂ. മാർക്സ് ,എംഗൽസ്, ലെനിൻ, സ്റ്റാലിൻ , മാവോ, ശിബ്ദാസ്ഘോഷ് ഇവരെല്ലാവരും ഈ സമരപ്രക്രിയയുടെ ഉൽപന്നങ്ങളായിരുന്നു.

സഖാക്കളേ, മനുഷ്യൻ ഒരു പ്രക്രിയയുടെ ഉൽപ്പന്നമാണ്. അവൻ ഒരു ശൂന്യതയിലല്ല ജീവിക്കുന്നത്. ഒരു മനുഷ്യനെ കമ്മ്യൂണിസ്റ്റാക്കുന്ന പ്രക്രിയ, ചിന്തയുടെയും പ്രവർത്തനത്തിന്റെയും പ്രക്രിയ പാർട്ടി വികസിപ്പിച്ചിട്ടുണ്ട്. പാർട്ടി പ്രക്രിയക്ക് നാം സസന്തോഷം സ്വമേധയാ സമ്പൂർണ്ണമായി വിധേയരാകുന്നില്ലെങ്കിൽ പാർട്ടിക്ക് പുറത്തുള്ള ഏതോ ഒരു പ്രക്രിയ നാം പിന്തുടർന്നേ പറ്റൂ, ചിന്തയുടെയും പ്രവർത്തനത്തിന്റെയും ബൂർഷ്വാപ്രക്രിയ. അതിന് ഒരു മനുഷ്യനെ ഒരു പൂർണ്ണ കമ്മ്യൂണിസ്റ്റ് ആക്കാൻ കഴിയില്ല. പ്രതിഭാകുമാരി ഇത് മനസ്സിലാക്കി, പാർട്ടി പ്രക്രിയക്ക് സന്തോഷപൂർവ്വം വിധേയയായിക്കൊണ്ട് അവരുടെ സമരം നടത്തുകയും വലിയ സാധ്യതകളോടെ വളർന്നുവരികയുമായിരുന്നു. നമുക്കവരെ നഷ്ടപ്പെട്ടിരിക്കുന്നു. അവരുടെ നിര്യാണം സൃഷ്ടിച്ച ശൂന്യത നികത്താൻ എത്രവേഗത്തിൽ പ്രവർത്തിക്കും എന്നത് നിങ്ങൾ സഖാക്കളെ ആശ്രയിച്ചാണിരിക്കുന്നത്. എത്ര വേഗത്തിൽ ചെറുപ്പക്കാരെ– ആൺകുട്ടികളെയും പെൺകുട്ടികളെയും ഈ സമര പ്രക്രിയയിൽ കൊണ്ടുവരാൻ കഴിയും, എത്രവേഗം നിങ്ങൾ നിങ്ങളെത്തന്നെ വളർത്തിയെടുക്കും– ഈ രണ്ട് സമരങ്ങളെയും ആശ്രയിച്ചാണ് നമ്മുടെ ഉയർച്ചയും വിപ്ലവപ്രസ്ഥാനത്തിന്റെ വികാസവും.

അവരുടെ വേർപാട് ഈ ആവശ്യകത സൃഷ്ടിച്ചിരിക്കുന്നു. നിരവധി ചെറുപ്രായക്കാരായ ആൺകുട്ടികളും പെൺകുട്ടികളും പാർട്ടിയിലേക്ക് വരുന്നുണ്ട്. തീർച്ചയായും പാർട്ടിയുടെ മഹത്തായ പ്രത്യയശാസ്ത്രത്തിലും ഉയർന്ന സംസ്കാരത്തിലും ആകൃഷ്ടരായി അവർ വരുന്നു, സമരങ്ങൾ നടത്തുന്നു. ഈ സമരം തുടർന്നാൽ പ്രതിഭാകുമാരിയെപ്പോലെ നിരവധി വിപ്ലവകാരികൾ തീർച്ചയായും സൃഷ്ടിക്കപ്പെടും. സമരം നടക്കുമ്പോൾ അത് തീർച്ചയായും സംഭവിക്കും. നാമീസമരം ഉപേക്ഷിച്ചാൽ അതുണ്ടാവില്ല. ഒരാൾ എന്തായിത്തീരുന്നുവെന്ന് നിശ്ചയിക്കുന്നത് സമരമാണ്. പ്രതിഭാകുമാരിയിൽ നിന്ന് എന്തെങ്കിലും പഠിക്കാനുണ്ടെങ്കിൽ അതവരുടെ സമരത്തിൽ നിന്നാണ് നിങ്ങൾ പഠിക്കേണ്ടത്. സമരത്തിലായതിനാൽ അവർക്ക് വലിയ കഴിവുകളും സാധ്യതകളുമുണ്ടായിരുന്നു, വളരെ നല്ല ഒരു സഖാവായി മാറാൻ അവർക്ക് കഴിഞ്ഞു. പൊടുന്നനെ മരണം അവരെ സമരത്തിൽ നിന്ന് പറിച്ചെടുത്തു. ഈ വിധത്തിൽ വേദനാകരമായ സംഭവങ്ങൾ ഇതിനുമുൻപും നമ്മുടെ പാർട്ടിയിൽ ഉണ്ടായിട്ടുണ്ട്. സഖാവ് രത്തൻ മുഖർജി, വളരെ മുന്നേറിയ ഒരു സഖാവ്, അദ്ദേഹത്തിന്റെ സമരത്തെ അംഗീകരിച്ചുകൊണ്ട് മരണാനന്തരം സ്റ്റാഫ് അംഗത്വം നൽകപ്പെട്ട സഖാവ്. അദ്ദേഹവും അടുത്തയിടെ ഈ വിധത്തിൽ അന്തരിച്ചു. അദ്ദേഹം ഒന്ന് വീണു അതോടെ എല്ലാം കഴിഞ്ഞു. കുറച്ച് വർഷങ്ങൾക്കുമുമ്പ് നിങ്ങളിൽ

(ശേഷം പേജ് 14–ൽ)

# ഡിസംബർ 16 "നിർഭയ ദിനം" വിവിധ പരിപാടികളോടെ സംസ്ഥാനമെമ്പാടും ആചരിച്ചു

**തിരുവനന്തപുരം:**




സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾക്ക് തടയിടുക, ജസ്റ്റിസ് ജെ. എസ് വർമ്മ കമ്മീഷൻ റിപ്പോർട്ട് ഉടൻ നടപ്പിലാക്കുക, മദ്യത്തിന്റെ കുത്തൊഴുക്ക് തടയുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് നിർഭയ സംഭവത്തിന്റെ ഒന്നാം വാർഷികമായ ഡിസംബർ 16 ന് സെക്രട്ടേറിയറ്റിനുമുന്നിൽ എ.ഐ.എം.എസ്.എസ്, എ.ഐ.ഡി.എസ്.ഒ, എ.ഐ.ഡി.വൈ.ഒ എന്നീ സംഘടനകളുടെ ആഭിമുഖ്യത്തിൽ നടന്ന പ്രതിഷേധ കൂട്ടായ്മ പ്രമുഖ മാധ്യമ പ്രവർത്തകൻ ബി.ആർ.പി ഭാസ്കർ ഉദ്ഘാടനം ചെയ്തു. സ്ത്രീ പീഡനങ്ങളിൽ കഴിഞ്ഞ വർഷത്തേക്കാൾ ഇരട്ടിയിലധികം വർദ്ധനവാണുണ്ടായിരിക്കുന്നതെന്നും സാംസ്കാരികമണ്ഡലത്തിൽ അനുനിമിഷം സംഭവിച്ചുകൊണ്ടിരിക്കുന്ന അധ:പതനമാണ് ഇതിന് കാരണമെന്നും ഈ സ്ഥിതി വിശേഷത്തിൽ മാറ്റമുണ്ടാക്കാൻ പ്രശ്നത്തിന്റെ ആഴങ്ങൾ മനസ്സിലാക്കിയുള്ള സത്വര നടപടിയാണ് അടിയന്തിരാവശ്യകതയെന്നും ബി.ആർ.പി. ഭാസ്കർ അഭിപ്രായപ്പെട്ടു.

അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടന സംസ്ഥാന സെക്രട്ടറി ഷൈല .കെ. ജോൺ അദ്ധ്യക്ഷത വഹിച്ചു. പ്രശസ്ത ചിത്രകാരന്മാരായ എൻ.എൻ റിംസൺ, ടെൻസിംഗ് ജോസഫ്, ചന്ദ്രാനന്ദൻ, എസ്.യു.സി.ഐ ജില്ലാ സെക്രട്ടറി ജി.എസ് പത്മകുമാർ, വിളപ്പിൽശാല സമരനേതാവ് ബുർഹാൻ, മാഗ്ലിൻ പീറ്റർ, ബി.ഗോപി, വെള്ളനാട് രാമചന്ദ്രൻ, എം. ഷാജർഖാൻ, പി.എസ് ഗോപകുമാർ, ഐ.ഇസഹാക്ക്, എം.എ സൂസി, എസ്.ശ്രീകുമാർ, എസ്.മിനി, എ..ഷൈജു, എന്നിവർ പ്രസംഗിച്ചു. ആർ.ബിജു സ്വാഗതവും എ.സബൂറ നന്ദിയും പറഞ്ഞു. പ്രതിഷേധ കൂട്ടായ്മയോടനുബന്ധിച്ച് പ്രശസ്ത ചിത്രകാരന്മാർ വരച്ച ചിത്രങ്ങളുടെ പ്രദർശനവും സംഘടിപ്പിച്ചിരുന്നു.

**കൊല്ലം:**




പ്രസ് ക്ലബ് മൈതാനിയിൽ നടന്ന സ്ത്രീസുരക്ഷാ കൂട്ടായ്മ കവിയും സാഹിത്യകാരനുമായ കുരീപ്പുഴ ശ്രീകുമാർ ഉദ്ഘാടനം ചെയ്തു. സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ തടയാൻ കക്ഷിരാഷ്ട്രീയം നോക്കാതെ വനിതാ പ്രസ്ഥാനങ്ങൾ ഒന്നിച്ചു നിൽക്കണം എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ദളിത് പിന്നാക്കവിഭാഗങ്ങളിലെ സ്ത്രീകളാണ് കൂടുതൽ പീഡനങ്ങൾക്കിരയാകുന്നത് എന്നും അദ്ദേഹം പറഞ്ഞു. ഡോ.ബി.എ.രാജകൃഷ്ണൻ, കെ.ഭാസ്കരൻ, പെരുമ്പുഴ ഗോപാലകൃഷ്ണപിള്ള, ഫാ.എബ്രഹാം ജോസഫ്, ഫാ.ഗീവർഗ്ഗീസ് തരകൻ, പ്രൊഫ.അനിതാ ശങ്കർ, പി.ബി.രാജൻ പിള്ള, എ.ജയിംസ്, കെ.ഒ മാത്യു പണിക്കർ, നജീം എ.ഖാദർ, ലത പയ്യാളിൽ, ഇരവിപുരം ഭാസി, ഡോ.വിജയലക്ഷ്മി, കുത്സുംബീവി, ഫാത്തിമ താജുദ്ദീൻ, സുരേഷ് കോയിവിള, ജയപ്രകാശ്, ടെന്നിസൺ , തൊടിയൂർ വസന്തകുമാരി, സിനി പൊന്നച്ചൻ, ഷൈലജകുമാരി, ടിങ്കിൾ പ്രഭാകരൻ തുടങ്ങിയവർ പ്രസംഗിച്ചു. ഷൈല കെ.ജോൺ അദ്ധ്യക്ഷത വഹിച്ച സംഗമത്തിൽ പി.പി.പ്രശാന്ത് കുമാർ സ്വാഗതവും മാനവ് ജെ.കൃതജ്ഞതയും രേഖപ്പെടുത്തി.

**പത്തനംതിട്ട:**




പത്തനംതിട്ട മിനി സിവിൽസ്റ്റേഷനു സമീപം നടന്ന സ്ത്രീ സുരക്ഷാ സംഗമം പ്രൊഫ. ഫിലിപ്പ് എൻ. തോമസ് ഉദ്ഘാടനം ചെയ്തു. കാലങ്ങളായി സ്ത്രീകളും കുട്ടികളും അനുഭവിക്കുന്ന ചൂഷണത്തിനു പുറമെ മുതലാളിത്ത ആഗോളവൽക്കരണ നയങ്ങൾ സൃഷ്ടിച്ച സാംസ്കാരിക ജീർണ്ണത സ്ഥിതിഗതികൾ രൂക്ഷമാക്കിയിരിക്കുകയാണ് എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഇതിനെതിരെ കരുത്തുറ്റ ജനകീയ പ്രസ്ഥാനം സ്ത്രീപുരുഷ ഭേദമെന്യേ വളർന്നുവരണമെന്നും ആ നിലയിൽ സ്ത്രീ സുരക്ഷാ സമിതി നടത്തുന്ന പ്രവർത്തനങ്ങൾ ശ്രദ്ധേയമാണെന്നും പ്രൊഫ. ഫിലിപ്പ് എൻ. തോമസ് പറഞ്ഞു. സ്ത്രീ സുരക്ഷാസമിതി ജില്ലാ കൺവീനർ എസ്. രാധാമണി അദ്ധ്യക്ഷതവഹിച്ചു. പത്തനംതിട്ട പൗരസമിതി ജനറൽസെക്രട്ടറി പി. രാമചന്ദ്രൻ നായർ, രാജൻ പടിയറ, ഗിരിജാ മോഹൻ, വിനോദ് ഇളകൊള്ളൂർ, ജനകീയ പ്രതിരോധ സമിതി ജില്ലാ വൈസ് പ്രസിഡന്റ് ജോർജ്ജ് മാത്യു കൊടുമൺ, എസ്.യു.സി.ഐ. (സി) ജില്ലാ സെക്രട്ടറി എസ്. രാജീവൻ, ജോൺ ജേക്കബ് അഗാപ്പെ, എസ്.വി.എസ്.വി. കൺവീനർ അയ്യപ്പൻ കൈതക്കര, സനിലാ ജോർജ്ജ്, ശാരദ ചെങ്ങറ, അനിൽകുമാർ കെ. ജി, സന്തോഷ് വി.ഡി., വിദ്യ ആർ ശേഖർ, സന്ധ്യാ സന്തോഷ്, അനിതാ സത്യൻ, ആനി ജേക്കബ് എന്നിവർ പ്രസംഗിച്ചു.

തിരുവല്ല വൈ.എം.സി.എ.യ്ക്കു സമീപം നടന്ന സ്ത്രീ സുരക്ഷാ സംഗമം ഡോ. സൈമൺ ജോൺ ഉദ്ഘാടനം ചെയ്തു. പ്രൊഫ. കെ.എം. തോമസ്, എസ്.രാധാമണി, ഏകലവ്യൻ, എം.വി. ചെറിയാൻ, ബാബു ജോസ്, ബിജി രാജ് കെ., രതീഷ് രാമകൃഷ്ണൻ, രാജേഷ് സി.ആർ., ബാബു ജോസഫ്, ശാന്താ ജോർജ്ജ് തുടങ്ങിയവർ പ്രസംഗിച്ചു.

**ആലപ്പുഴ:**




ഡിസംബർ 16ന് ആലപ്പുഴ നഗരത്തിൽ പ്രകടനവും പൊതുസമ്മേളനവും നടന്നു. എസ്.യു.സി.ഐ കമ്യൂണിസ്റ്റ് ജില്ലാ സെക്രട്ടറി ഡോ.വി.വേണുഗോപാൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. അഡ്വ.എം.എ.ബിന്ദുവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കെ.ബിമൽജി(AIDSO), കെ.ആർശശി(AIDYO), കെ.ജെ.ഷീല(AIMSS), ടി.ബി.വിശ്വനാഥൻ(ജനകീയ പ്രതിരോധ സമിതി), സി.വി.പീതാംബരൻ(കേരള സംസ്ഥാന മദ്യവിരുദ്ധ ജനകീയ സമരസമിതി) തുടങ്ങിയവർ പ്രസംഗിച്ചു.

മാവേലിക്കരയിൽ സ്ത്രീസുരക്ഷാ സമിതിയുടെ ആഭിമുഖ്യത്തിൽ സ്ത്രീശക്തി എക്സിബിഷനും സ്ത്രീസുരക്ഷാ സമ്മേളനവും നടന്നു. സ്ത്രീസുരക്ഷാ സമ്മേളനം അഡ്വ. കെ.അച്ചുതവാര്യർ ഉദ്ഘാടനം ചെയ്തു. ആർ.പാർത്ഥസാരഥി വർമ്മ, അഡ്വ. വി.അനിൽകുമാർ, അഡ്വ.എസ്. സീമ, കെ.ബിമൽജി തുടങ്ങിയവർ പ്രസംഗിച്ചു. കെ.ജെ.ഷീല അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ കെ.ആർ ഓമനക്കുട്ടൻ സ്വാഗതവും ടി.ആശ കൃതജ്ഞതയും രേഖപ്പെടുത്തി. സമ്മേളനത്തോടനുബന്ധിച്ച് നടന്ന കവിയരങ്ങ് സജിനി പവിത്രൻ ഉദ്ഘാടനം ചെയ്തു. വർഗീസ് ജോർജ്ജ് അദ്ധ്യക്ഷത വഹിച്ചു.

**കോട്ടയം:**



തിരുനക്കര പഴയ പോലീസ് സ്റ്റേഷൻ മൈതാനിയിൽ നടന്ന ഏകദിന സ്ത്രീസുരക്ഷാ സംഗമം ഡോ.ഗീവർഗ്ഗീസ് മാർ കുറിലോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. സ്ത്രീകളുടെയും കുട്ടികളുടെയും സാമൂഹ്യപദവിയും അന്തസ്സും സംരക്ഷിക്കാതെയുള്ള വികസന ചർച്ചകൾ പൊള്ളത്തരമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഫാ.ചെറിയാൻ രാമനാലിൽ കോർ എപ്പിസ്കോപ്പ, ലൂക്കോസ് നീലംപേരൂർ, കവിയും സാഹിത്യകാരനുമായ ആനിക്കാട് ഗോപിനാഥ്, ആർ.സലിംകുമാർ, കേരള സംസ്ഥാന മദ്യവിരുദ്ധ ജനകീയ സമരസമിതി ജില്ലാ പ്രസിഡന്റ് പി.കെ.കൃഷ്ണൻ, ഇ.വി.പ്രകാശ്, തുടങ്ങിയവർ പ്രസംഗിച്ചു. മിനി കെ.ഫിലിപ്പ് അദ്ധ്യക്ഷത വഹിച്ചു. എഐഎംഎസ്എസ് ജില്ലാ സെക്രട്ടറി ആശാരാജ് സ്വാഗതം ആശംസിച്ചു. എഐഡിഎസ്ഒ ജില്ലാ കമ്മിറ്റിയംഗം മേധാ സുരേന്ദ്രനാഥ് കൃതജ്ഞത രേഖപ്പെടുത്തി.

വൈകുന്നേരം നടന്ന സംഘ ചിത്രരചന പ്രശസ്ത ശിൽപ്പിയും ചിത്രകാരനുമായ കാനായി കുഞ്ഞിരാമൻ ഉദ്ഘാടനം ചെയ്തു. പിതനഞ്ച് ചിത്രകാരൻമാർ ചിത്രരചനയിൽ പങ്കെടുത്തു. തുടർന്നു നടന്ന സമാപനസമ്മേളനത്തിൽ ഡോ.എ.കെ.രാമകൃഷ്ണൻ, ഫാ. എബ്രഹാം വെള്ളാംതടത്തിൽ, പ്രൊഫ.സുജ സൂസൻ ജോർജ്ജ്, പ്രൊഫ.സി.മാമ്മച്ചൻ, അയ്യൻകാളി ആചരണ കമ്മിറ്റി ജില്ലാ പ്രസിഡന്റ് നൗഷാദ് എസ്.മുഹമ്മദ്, എഐഡിവൈഒ സംസ്ഥാന സെക്രട്ടറി എൻ.കെ.ബിജു, തപസ്യ സാംസ്കാരിക വേദി പ്രസിഡന്റ് വേണു പരമേശ്വരം, സലീമ ജോസഫ്, എഐഡിഎസ്ഒ ജില്ലാ സെക്രട്ടറി മുഹമ്മദ് ഷഹസാദ്, എഐഎംഎസ്എസ് ജില്ലാ പ്രസിഡന്റ് കെ.എസ്.ശശികല, ചെല്ലമ്മ കെ.എസ്, കെ.കെ.ഗി

# സ്ത്രീപീഡനങ്ങൾക്കറുതിവരുത്താൻ സാംസ്കാരിക മുന്നേറ്റം അനിവാര്യം

രിജ തുടങ്ങിയവർ പ്രസംഗിച്ചു. പ്രശസ്ത നാടകസംവിധായകൻ അനീഷ് കെ.തമ്പിയുടെ ഏകാഭിനയം, എഐഎംഎസ്എസ് ജില്ലാ ഗായകസംഘത്തിന്റെ ഗാനാലാപനം, നയനൻ നന്ദിയോട്, മാത്യു ചിങ്ങവനം, ആനിക്കാട് ഗോപിനാഥ് തുടങ്ങിയവരുടെ കവിതാ അവതരണം തുടങ്ങിയവയും സംഗമത്തോടനുബന്ധിച്ച് സംഘടിപ്പിക്കപ്പെട്ടു.

**എറണാകുളം**




നിർഭയ ദിനത്തോടനുബന്ധിച്ച് ജില്ലാ സ്ത്രീ സുരക്ഷാ സമിതിയുടെയുടെ ആഭിമുഖ്യത്തിൽ എറണാകുളത്ത് വിപുലമായ പരിപാടികൾ സംഘടിപ്പിക്കപ്പെട്ടു. ഹൈക്കോടതി ജംഗ്ഷനിൽ നടന്ന സ്ത്രീസുരക്ഷാ കൂട്ടായ്മ ഏറെ ശ്രദ്ധേയമായിരുന്നു. –

കലാ-സാംസ്ക്കാരിക-സാമൂഹ്യ-ശാസ്ത്ര രംഗങ്ങളിൽ വ്യക്തിമുദ്രപതിപ്പിച്ച വനിതകളെയും അവരുടെ ജീവിതത്തെയും പരിചയപ്പെടുത്തുന്ന സ്ത്രീശക്തി എക്സിബിഷൻ കൊച്ചി നഗരത്തിൽ സ്ത്രീ സുരക്ഷാ സമിതി ജില്ലാ പ്രസിഡന്റ് ഡോ. വിൻസെന്റ് മാളിയേക്കൽ ഉദ്ഘാടനം ചെയ്തുകൊണ്ടായിരുന്നു സ്ത്രീ സുരക്ഷാ കൂട്ടായ്മയ്ക്ക് തുടക്കമായത്.

പ്രമുഖ ചിത്രകാരനും നവോത്ഥാന ചിത്രകലയുടെ പതാകവാഹകനുമായിരുന്ന സി.എൻ.കരുണാകരന് പ്രണാമം അർപ്പിച്ചു കൊണ്ട് ആരംഭിച്ച സമ്മേളനം പ്രമുഖ സാമ്പത്തിക വിദഗ്ധനും സാമൂഹ്യ പ്രവർത്തകനുമായ പ്രൊഫ.കെ.അരവിന്ദാക്ഷൻ ഉദ്ഘാടനം ചെയ്തു. സമൂഹത്തിൽ മദ്യവും മയക്കുമരുന്നും വ്യാപിപ്പിക്കുന്നതും അശ്ലീലതയും അധാർമികതയും പ്രോത്സാഹിപ്പിക്കുന്നതുമായ അധികാരികളുടെ നയങ്ങളാണ് സ്ത്രീകൾക്കുനേരെ അതിക്രമങ്ങൾ പെരുകാൻ കാരണം. ഇത്തരം നയങ്ങളെ തിരുത്തിക്കുവാൻ കഴിയുന്ന സാംസ്ക്കാരിക മുന്നേറ്റത്തിലൂടെ മാത്രമെ അതിക്രമങ്ങളെ തടയാനാകൂ എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

പ്രമുഖ ഗാന്ധിയനും ഗുജറാത്ത് ഗാന്ധി റിസേർച്ച് ഫൗണ്ടേഷൻ ഡയറക്ടറുമായ പ്രൊഫ. എം.പി.മത്തായി മുഖ്യ പ്രഭാഷണം നടത്തി. നമ്മുടെ പെൺകുട്ടികൾ ഏറ്റവും അധികം പീഡനങ്ങൾ നേരിടുന്നത് അവരുടെ പരിചയക്കാരിൽ നിന്നും ബന്ധുക്കളിൽ നിന്നുമാണെന്ന് പഠനങ്ങൾ വെളിവാക്കുന്നു. പവിത്രമെന്ന് നാം കാണുന്ന കുടുംബബന്ധങ്ങളിൽ പോലും ജീർണ്ണതയാണ് കാണുന്നത്. നമ്മുടെ രാജ്യത്ത് പടർന്നുകൊണ്ടിരിക്കുന്നത് ആഗോളീകരണ നയങ്ങളുടെ ജീർണ്ണ സംസ്കാരമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. കെ.കെ. ഗോപിനായർ(മദ്യവിരുദ്ധ ജനകീയ സമരസമിതി ജില്ലാ പ്രസിഡന്റ്) എം.കെ.ഉഷ (സ്ത്രീ സുരക്ഷാ സമിതി ജില്ലാസെക്രട്ടറി) എന്നിവർ പ്രസംഗിച്ചു. എറണാകുളം സിറ്റിയിൽ ജോലിക്കിടയിൽ ആക്രമിക്കപ്പെട്ട ട്രാഫിക് വാർഡൻ പത്മിനി, നീതിലഭിക്കുന്നതിനുവേണ്ടി നടത്തിക്കൊണ്ടിരിക്കുന്ന പോരാട്ടത്തിൽ നേരിട്ടുകൊണ്ടിരിക്കുന്ന ദുരനുഭവങ്ങൾ വിശദീകരിച്ചു.

ചിത്രകാരന്മാരുടെ കൂട്ടായ്മ പി.വി.നന്ദനൻ ഉദ്ഘാടനം ചെയ്തു. ആർ.പർത്ഥസാരഥി വർമ്മ പ്രഭാഷണം നടത്തി. അശാന്തൻ, സുനിൽ വല്ലാർപാടം, ബിനു.സി.മാധവൻ, ബിബിൻ. കെ.നായർ എന്നീ ചിത്രകാരന്മാർ ചിത്രം വരച്ചുകൊണ്ട് കൂട്ടായ്മയിൽ പങ്കാളികളായി.

ജസ്റ്റിസ്.ജെ.എസ്.വർമ്മാ കമ്മീഷൻ റിപ്പോർട്ടും സ്ത്രീസരുക്ഷയും എന്ന വിഷയത്തിൽ നടന്ന സെമിനാർ ഏറെ ശ്രദ്ധേയമായി. കെ.എസ്.ഹരികുമാർ വിഷയം അവതരിപ്പിച്ചു. ടി.കെ.സുധീർകുമാർ(സംസ്ഥാന ജനകീയ പ്രതിരോധ സമിതി സെക്രട്ടറി)മോഡറേറ്ററായിരുന്നു. പ്രൊഫ.സൂസൻ ജോൺ(സംസ്ഥാന പ്രസിന്റ് മദ്യവിരുദ്ധ ജനകീയ സമരസമിതി), അഡ്വ.കെ.എസ്.മധുസൂദനൻ, അഡ്വ.ബി.കെ.രാജഗോപാൽ, അഡ്വ.വി.മേനോൻ, കെ.ജി. ജോർജ്, ജബ്ബാർ മേത്തർ, കെ.പി.ശാന്തകുമാരി എന്നിവർ പ്രസംഗിച്ചു.

സ്ത്രീ സുരക്ഷാ സമിതി വോളണ്ടിയർമാർ അവതരിപ്പിച്ച നേർക്കാഴ്ച്ചകൾ എന്ന തെരുവു നാടകം സാമൂഹ്യയാഥാർത്ഥ്യങ്ങൾ അനാവരണം ചെയ്യുന്നതും ജനമനസ്സുകളെ പിടിച്ചുലക്കുന്നതുമായിമാറി. തുടർന്ന് നടന്ന ചർച്ചാ സമ്മേളനം- 'സ്ത്രീകൾക്കും കുട്ടികൾക്കും നേരെ പെരുകിവരുന്ന അതിക്രമങ്ങൾ-പരിഹാരമെന്ത്?' സാമൂഹ്യ പ്രവർത്തക ശ്രീമതി ജ്യോതി നാരായണൻ ഉദ്ഘാടനം ചെയ്തു. എൻ.ആർ.മോഹൻകുമാർ, പി.പി.സജീവ് കുമാർ, പ്രൊഫ.കെ.കെ.രാമചന്ദ്രൻ, കെ.ഒ.സുധീർ. ടി.സി.കമല, ഇ.മക്കാരുപിള്ള, ലൈലാ റഷീദ് എന്നിവർ പ്രസംഗിച്ചു. തുടർന്ന് കവിയരങ്ങിൽ വി.എ.കൃഷ്ണകുമാർ അദ്ധ്യക്ഷതവഹിച്ചു. മണർകാട് ശശികുമാർ, അയമനം രവീന്ദ്രൻ, ടി.കെ.രാമകൃഷണൻ റാന്നി, ശശീന്ദ്രൻ കിങ്ങിണിമറ്റം, സതീശൻ പടിയൂർ, കാരിക്കോട് ശശി എന്നിവർ പങ്കെടുത്തു.തുടർന്ന് കലാ സുധാകരൻ., രാജി.കെ.എൻ, രേവതി തോമസ്, കെ.വി.സന്തോഷ്, സുദർശ് സുധാകരൻ. എന്നിവർ അവതരിപ്പിച്ച സംഗീത സന്ധ്യയോടെ സ്ത്രീ സുരക്ഷാ കൂട്ടായ്മക്ക് സമാപനമായി.

**തൃശൂർ**



തൃശൂരിൽ നടന്ന സ്ത്രീസുരക്ഷാ സമ്മേളനത്തിൽ 'രംഗചേതന' അവതരിപ്പിച്ച 'ലുക്ക്ഔട്ട് നോട്ടീസ്-ഒരു പദപ്രശ്നം' നാടകത്തിൽ നിന്ന് ഒരു ദൃശ്യം

നിർഭയ ദിനത്തിൽ തൃശൂർ ജില്ലാ സ്ത്രീസുരക്ഷാ സമിതിയുടെ നേതൃത്വത്തിൽ കോർപ്പറേഷൻ ഓഫീസ് പരിസരത്ത് സ്ത്രീസുരക്ഷാ സംഗമം നടന്നു. സ്ത്രീശക്തി എക്സിബിഷനും കവിയരങ്ങും തെരുവ് നാടകവും പൊതുസമ്മേളനവും നിർഭയ ദിനത്തെ വേറിട്ടതാക്കി.

സ്ത്രീകൾക്കെതിരെ നടക്കുന്ന അതിക്രമങ്ങളുടെ ഭീകരത, ചരിത്രത്തിൽ സ്ത്രീകൾ വഹിച്ച പങ്ക് എന്നിവ അനാവരണം ചെയ്യുന്ന സ്ത്രീശക്തി പ്രദർശനം രാവിലെ പത്തുമണിക്ക് ആരംഭിച്ചു. നിരവധിയാളുകൾ ഈ ചിത്രപ്രദർശനം വീക്ഷിക്കുകയുണ്ടായി. തുടർന്നു നടന്ന കവിയരങ്ങിൽ സി.ആർ.ഉണ്ണികൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. സ്ത്രീകൾക്കെതിരെ നടക്കുന്ന അതിക്രമങ്ങൾക്കെതിരായ ശബ്ദമായി മാറിയ കവിയരങ്ങിൽ പതിനാല് കവികൾ പങ്കെടുത്തു.

തൃശൂർ ഫൈൻ ആർട്സ് കോളജിലെ അദ്ധ്യാപകരും വിദ്യാർത്ഥികളും ഉൾപ്പെടെ ഇരുപത്തിയൊന്നുപേർ പങ്കെടുത്ത സംഘചിത്രരചന പങ്കാളിത്തംകൊണ്ടും വിഷയപ്രസക്തികൊണ്ടും ശ്രദ്ധേയമായി. ഡോ.ഷാജു നെല്ലായി, ഒ.സി. മാർട്ടിൻ, രാഗേഷ് എന്നിവർ സംഘചിത്രരചനയ്ക്ക് നേതൃത്വം നൽകി. നിരവധി ചിത്രകാരികളും പങ്കെടുത്തു. നാടക പ്രവർത്തകൻ കെ.വി.ഗണേഷ് രചനയും സംവിധാനവും നിർവ്വഹിച്ച് രംഗചേതനയിലെ കലാസംഘം 'ലുക്ക് ഔട്ട് നോട്ടീസ്' എന്ന നാടകവും സംഗമത്തോടനുബന്ധിച്ച് അവതരിപ്പിച്ചു.

സമാപനസമ്മേളനം ഡോ.പി.ഗീത ഉദ്ഘാടനം ചെയ്തു. പ്രൊഫ.കെ.ബി.ഉണ്ണിത്താൻ, ഡോ.ഉമാമഹേശ്വരി തങ്കച്ചി, ടി.കെ.വാസു, ജയിംസ് മുട്ടിക്കൽ, ഡോ.പി.എസ്.ബാബു, ശ്രീദേവി അമ്പലപുരം, രവീന്ദ്രൻ ചീയാരത്ത്, ജോയി ചിറമേൽ, സുനിൽ പൂവേലി, രാജേഷ് നാരായണൻ, സി.കെ.ശിവദാസൻ, സുനിത ആർ, സുജ ആന്റണി, എ.വി.ബെന്നി, എം.പ്രദീപൻ, സി.വി.പ്രേംരാജ്, ഇ.എൻ.ശാന്തിരാജ് തുടങ്ങിയവർ പ്രസംഗിച്ചു.

**പാലക്കാട്**




നിർഭയ ദിനാചരണത്തിന്റെ ഭാഗമായി ഡിസംബർ 21ന് പാലക്കാട് ഫൈൻ ആർട്സ് സൊസൈറ്റിഹാളിൽ നടന്ന സ്ത്രീസുരക്ഷാ കൺവൻഷൻ ഡോ.പി.ഗീത ഉൽഘാടനം ചെയ്തു. കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി ജില്ലാപ്രസിഡന്റ് ഡോ.പി.എസ്. പണിക്കർ അദ്ധ്യക്ഷത വഹിച്ചു. അഖിലേന്ത്യ മഹിളാ സാംസ്കാരിക സംഘടന സംസ്ഥാന സെക്രട്ടറി ഷൈല.കെ.ജോൺ വിഷയാവതരണം നടത്തി. ദേശീയ കർഷക സമാജം ജില്ലാ ജനറൽ സെക്രട്ടറി മുതലാംതോട് മണി, രമണീഭായിടീച്ചർ(മുൻ മുനിസിപ്പൽ ചെയർപേഴ്സൺ), പ്രശസ്ത ചിത്രകാരൻ ഷഡാനനൻ ആനിക്കത്ത്, മേജർ.പി.എം.രവീന്ദ്രൻ, കഥാകൃത്ത് ബാലു തൈക്കാട്ടുശ്ശേരി, കെ.അബ്ദുൽ അസീസ്(ജനകീയ പ്രതിരോധ സമിതി ജില്ലാ സെക്രട്ടറി), പ്രിയ ലിബിൻരാജ് തുടങ്ങിയവർ പ്രസംഗിച്ചു. കെ.എം.ബീവി സ്വാഗതവും എ. റജീന നന്ദിയും പറഞ്ഞു.

**കോഴിക്കോട്**



'നിർഭയ'ദിനമായ ഡിസംബർ 16ന് കോഴിക്കോട് സ്പോർട്സ് കൗൺസിൽ ഹാളിൽ വമ്പിച്ച സ്ത്രീസുരക്ഷാ സമ്മേളനം നടന്നു. സമ്മേളന ദിവസം സ്ത്രീകൾക്കെതിരെയുള്ള അതിക്രമണം, എന്ന വിഷയത്തിൽ മാനാഞ്ചിറ സ്ക്വയറിനു ചുറ്റും സംഘചിത്രരചന സംഘടിപ്പിക്കപ്പെട്ടു. അനേകം ചിത്രകാരന്മാർ പങ്കെടുത്ത സംഘചിത്രരചനയുടെ ആദ്യാവസാനം എൽ.ഐ.സി ജംഗ്ഷൻ ജനനിബിഡമായി. ഹൃദയസ്പർശിയായ ഒരു കൊളാഷ് അവതരിപ്പിച്ചുകൊണ്ട് പ്രസിദ്ധ ചിത്രകാരൻ കെ.ഷറീഫാണ് ചിത്രരചന ഉദ്ഘാടനം ചെയ്തത്. ചടങ്ങിൽ എ.ശേഖർ അദ്ധ്യക്ഷത വഹിച്ചു.

സമ്മേളനം ഡോ. ഖദീജാ മുംതാസ് ഉദ്ഘാടനം ചെയ്തു.നിയമമുണ്ടായതുകൊണ്ടുമാത്രം സ്ത്രീകൾക്കെതിരെയുള്ള അതിക്രമം അവസാനിക്കില്ല. സ്ത്രീകൾ കരുത്താർജിക്കണം, സമൂഹത്തിന്റെ, പ്രത്യേകിച്ച് പുരുഷന്മാരുടെ മനോഭാവം മാറണം, സ്ത്രീ സ്വതന്ത്ര വ്യക്തികളാണെന്ന വസ്തുത അംഗീകരിക്കപ്പെടണം എന്നാവശ്യപ്പെട്ടുകൊണ്ടുള്ള ഡോ. ഖദീജ മുംതാസിന്റെ ഉദ്ഘാടന പ്രസംഗം ശ്രദ്ധേയമായിരുന്നു. "സ്ത്രീകൾ കരുത്താർജിച്ചുകൊണ്ട് സ്വന്തം വ്യക്തിത്വം ഉയർത്തിപ്പിടിക്കാൻ തയ്യാറാകണമെന്ന് തുടർന്ന് സംസാരിച്ച കൽപ്പറ്റ നാരായണൻ പറഞ്ഞു. പ്രൊഫ.സി.വി.കുമാരൻ, വി.കെ.രാഘവൻനായർ, സി.ഷീബ, സിന്ധു കോടഞ്ചേരി, സാറ ടീച്ചർ, ഡോ. ഷക്കീല, ജന്നിഫർ എസ്, കെ.ജെ.ജോസി, മോഹൻദാസ്

(ശേഷം പേജ് 11 -ൽ)

# അശ്ലീലതയും ലൈംഗിക വൈകൃതങ്ങളും എരിതീയിൽ എണ്ണയൊഴിക്കുന്നു

(5-ാംപേജിൽ നിന്ന്)

ണ്ട്മാത്രം പ്രശ്നം പരിഹരിക്കാനാവില്ലെന്ന് ചൂണ്ടിക്കാട്ടി. വ്യത്യസ്തരായ കുറ്റവാളികളെയും നിയമലംഘകരെയും പണം തട്ടിപ്പുകാരെയും നികുതിവെട്ടിപ്പുകാരെയും വിചാരണചെയ്യുവാനും ശിക്ഷിക്കുവാനുമുള്ള നിരവധി നിയമങ്ങൾ രാജ്യത്ത് നിലനിൽക്കുന്നുണ്ട്. എന്നാൽ, ഒരു പോറലുപോലുമേൽക്കാതെ കുറ്റവാളികൾ വിലസുന്ന കാഴ്ചയാണ് നാം കാണുന്നത്. കുറ്റകൃത്യങ്ങൾ കുറയുന്നില്ലെന്ന് മാത്രമല്ല, ഭീഷണമായവിധത്തിൽ വർദ്ധിക്കുകയാണ്. കേസന്വേഷണവും വിചാരണയുമെല്ലാം സ്വതന്ത്രവും നിഷ്പക്ഷവുമായി നടക്കുന്നില്ലെന്ന് മാത്രമല്ല, കേസന്വേഷിക്കുന്ന ഉദ്യോഗസ്ഥരും കുറ്റവാളികളും തമ്മിലുള്ള രഹസ്യധാരണകളും ഇടപാടുകളും ഒരു സ്ഥിര പ്രതിഭാസമായി മാറിയിരിക്കുകയാണ്. അതിനാൽ കേസന്വേഷണ പ്രക്രിയയെ സ്വാധീനിക്കാനും പ്രതികൾക്ക് രക്ഷപ്പെടാനും ഇടവരുത്താത്തവിധത്തിൽ നിയമം രൂപകൽപ്പന ചെയ്യണം. അധികാരസ്ഥാനത്തോ ശിക്ഷാ സംവിധാനത്തിലോ ഇരിക്കുന്ന ഒരാൾ ബലാൽസംഗക്കാരെയോ ബലാൽസംഗവും കൊലയും നടത്തുന്നവരെയൊ നിയമവിരുദ്ധമായി സഹായിച്ചാൽ അത്തരം ആളുകൾക്കും കടുത്ത ശിക്ഷ ഉറപ്പാക്കണം. സ്ത്രീപീഡകർക്ക് കർശനശിക്ഷ വ്യവസ്ഥ ചെയ്യുന്നതോടൊപ്പം കേസന്വേഷണ പ്രക്രിയയും പഴുതുകളടച്ചുകൊണ്ടുള്ളതാവണം. അന്വേഷണ ഉദ്യോഗസ്ഥർ നിലവിലുള്ള നിയമം കർശനമായി അനുവർത്തിക്കുന്നുവെന്നും ഉറപ്പാക്കപ്പെടണം.

അന്വേഷണ സംവിധാനവും ശിക്ഷാസംവിധാനവും കുറ്റമറ്റ രീതിയിൽ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതോടൊപ്പം സ്ത്രീകൾക്കെതിരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങളുടെ അടിസ്ഥാന കാരണത്തിലേക്കും നാം കടന്നുചെല്ലുകയും അവ ഇഴപിരിച്ച് പരിശോധിക്കുകയും വേണം. സമൂഹത്തിൽ ഇന്നു കാണുന്ന രോഗങ്ങളുടെയും വ്യതിചലനങ്ങളുടെയും അപഭ്രംശങ്ങളുടെയും മൃഗീയതയുടെയും ദുഷ്ട ചിന്തയുടെയും കാരണം യാതൊരു മാറ്റവുമില്ലാതെ നിലനിന്നാൽ കേവലം നിയമം കർശനമാക്കുന്നതിലൂടെ പ്രശ്നത്തിന് പ്രതീക്ഷിക്കുന്ന ശമനം ഉണ്ടാവുകയില്ല. വർദ്ധിച്ചുവരുന്ന സ്ത്രീപീഡനങ്ങളും സ്ത്രീകൾക്കുനേരെയുള്ള അതിക്രമങ്ങളും വ്യാപകമായിക്കൊണ്ടിരിക്കുന്ന ലൈംഗിക വൈകൃതങ്ങളും, ഒന്നും സംഭവിക്കാത്തമട്ടിൽ നിസ്സംഗമായി നോക്കിനിൽക്കുന്ന കേന്ദ്ര-സംസ്ഥാന സർക്കാരുകളെയും പ്രമുഖ രാഷ്ട്രീയ കക്ഷികളെയും നമ്മുടെ പാർട്ടി നിശിതമായി വിമർശിച്ചു. രാജ്യത്തെമ്പാടും പ്രമുഖ വ്യക്തിത്വങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് എംപവേർഡ് സിറ്റിസൺസ് കമ്മിറ്റികൾക്കും സന്നദ്ധ സംഘങ്ങൾക്കും സ്ത്രീസംഘങ്ങൾക്കും രൂപംകൊടുക്കണമെന്ന് നമ്മൾ ആവശ്യപ്പെട്ടു. സമൂഹത്തിന്റെ സദാചാര-ധാർമ്മിക നട്ടെല്ല് തകർക്കുന്ന ഹീനമായ ലൈംഗിക കുറ്റകൃത്യങ്ങളും പീഡനങ്ങളും ഭീഷണമായ തോതിൽ വ്യാപിക്കുന്നതിനെതിരെ എന്തൊക്കെ ചെയ്യണമെന്ന് സർക്കാരിന് ഈ കമ്മിറ്റികൾ നിർദ്ദേശം സമർപ്പിക്കണമെന്നും നമ്മൾ ആവശ്യപ്പെടുകയുണ്ടായി.

**വർമ്മകമ്മിറ്റി ശുപാർശകൾ**

മുമ്പ് നിയോഗിക്കപ്പെട്ടിട്ടുള്ള കമ്മിറ്റികളിൽനിന്ന് ഭിന്നമായി വർമ്മ കമ്മിറ്റി ഒരു മാസത്തിനുള്ളിൽ വിശദമായ റിപ്പോർട്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ചു. നമ്മുടെ നിർദ്ദേശങ്ങളും വർമ്മ കമ്മീഷൻ പരിഗണിക്കുകയും റിപ്പോർട്ടിൽ അത് പരോക്ഷമായി പരാമർശിച്ചിട്ടുണ്ടെന്നുള്ളതും കാണുവാൻ സാധിക്കും. നിലവിലുള്ള കുറ്റമറ്റ പല നിയമങ്ങളും നടപ്പിലാക്കപ്പെടാത്തതുകൊണ്ടാണ് അവ ഫലപ്രദമാകാതെ പോയതെന്ന് കമ്മീഷൻ നിരീക്ഷിക്കുകയുണ്ടായി. ബലാൽസംഗമോ സ്ത്രീകളുടെ അന്തസ്സിനും ആത്മാഭിമാനത്തിനും നേർക്ക് കടന്നുകയറ്റം നടത്തുന്ന മറ്റ് കുറ്റകൃത്യങ്ങളോ ചെയ്യുന്നവർക്കും കർശനമായ ശിക്ഷ ഉറപ്പാക്കുവാൻ ഇന്ത്യൻ ശിക്ഷാനിയമത്തിൽ ഭേദഗതി വരുത്തുന്നതുൾപ്പെടെയുള്ള സുപ്രധാനമായ നിർദ്ദേശങ്ങൾ വർമ്മ കമ്മീഷൻ മുന്നോട്ടുവയ്ക്കുകയുണ്ടായി. ഭരണഘടന സ്ത്രീകൾക്ക് ഉറപ്പ് നൽകിയിട്ടുള്ള സമത്വം നിഷേധിക്കുകയെന്നാൽ ഭരണഘടനയുടെ ലംഘനവും ഭരണഘടനയോടുള്ള അവഹേളനവുമാണെന്ന് കമ്മീഷൻ ശരിയായി നിരീക്ഷിക്കുകയുണ്ടായി. നിരന്തരമായ ഭരണഘടനാ ലംഘനമെന്നാൽ ഭരണം നടക്കുന്നത് ഭരണഘടന അനുശാസിക്കുന്ന വിധത്തിലല്ല എന്നാണർത്ഥം. എല്ലാറ്റിനുമുപരി, ഭരണകൂടത്തിന്റെ നെടുംതൂണുകളായ ഉദ്യോഗസ്ഥ സംവിധാനവും ജനപ്രതിനിധിസഭകളും കോടതിയും സ്ത്രീകളുടെ അവകാശങ്ങളെ ആദരിക്കണം. അവരോട് വിവേചനപൂർവ്വം പെരുമാറരുത്. സ്ത്രീകൾക്ക് പൂർണ്ണമായ നീതി ലഭിക്കുകയും സ്ത്രീകൾക്ക് അനുകൂലമായി നിയമവാഴ്ചയെ ഉയർത്തിക്കാട്ടുകയും ചെയ്യുമ്പോൾ മാത്രമാണ് സ്ത്രീകളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്താൻ സാധിക്കുന്നത്. ഒരു ബലാൽസംഗ റിപ്പോർട്ട് ചെയ്യപ്പെട്ടാൽ കേസ് രജിസ്റ്റർ ചെയ്യാൻ കൂട്ടാക്കാതിരിക്കുകയോ അന്വേഷണത്തെ അട്ടിമറിക്കാൻ ശ്രമിക്കുകയോ ചെയ്യുന്ന ഉദ്യോഗസ്ഥൻ ശിക്ഷാർഹമായ ഒരു കുറ്റമാണ് ചെയ്യുന്നത്. പോലീസിന്റെ കൃത്യ നിർവ്വഹണത്തെ സ്വാധീനിക്കുന്ന തരത്തിലുള്ള പുറമെനിന്നുള്ള രാഷ്ട്രീയമായ ഇടപെടലുകൾ മാപ്പർഹിക്കാത്ത കുറ്റമാണ്. പോലീസ് സേനയുടെ എല്ലാതലത്തിലുമുള്ള ഉദ്യോഗസ്ഥർ ഈ തത്ത്വം വ്യക്തമായി മനസ്സിലാക്കിയിരിക്കണം. കൃത്യനിർവ്വഹണത്തിലേർപ്പെട്ടിരിക്കുന്ന ഒരു ഉദ്യോഗസ്ഥനെ സംബന്ധിച്ചിടത്തോളം അയാളുടെ വിധേയത്വം നിയമവ്യവസ്ഥയോട് മാത്രമായിരിക്കണം. 2012-ലെ ക്രിമിനൽ നിയമ ഭേദഗതി ആക്ട് ഇത്തരുണത്തിൽ പരിഷ്ക്കരിക്കണം.

എന്നാൽ കർശനമായ ചില വകുപ്പുകൾ ഉൾക്കൊള്ളിച്ചുകൊണ്ട് 2013-ൽ സർക്കാർ ക്രിമിനൽ നിയമം ഭേദഗതി ചെയ്തപ്പോൾ, കൃത്യ നിർവ്വഹണത്തിൽ വീഴ്ചവരുത്തുകയോ കുറ്റവാളികൾക്ക് കൂട്ടുനിൽക്കുകയോചെയ്യുന്ന കുറ്റക്കാരായ പോലീസിനെയോ നിയമം നടപ്പിലാക്കാൻ നിയുക്തരായ ഉദ്യോഗസ്ഥരെയോ ശിക്ഷിക്കുവാൻ വ്യവസ്ഥ ചെയ്യുന്ന വകുപ്പുകൾ ഉൾപ്പെടുത്തിയില്ല. മാത്രവുമല്ല അശ്ലീലതയും ലൈംഗിക വൈകൃതങ്ങളും ബോധപൂർവ്വം വ്യാപകമായി പ്രചരിപ്പിക്കുകയും പ്രോൽസാഹിപ്പിക്കുകയും ചെയ്യുന്നവർക്കെതിരെ നടപടിയെടുക്കുവാനും നിയമഭേദഗതിയിൽ വ്യവസ്ഥയുണ്ടായില്ല. സ്വതന്ത്രമായ കേസന്വേഷണത്തെ സ്വാധീനിക്കാൻ ശ്രമിക്കുന്ന മന്ത്രിമാരോ, ഉന്നത രാഷ്ട്രീയ നേതാക്കളോ, വ്യവസായ പ്രമുഖരോ, ഉദ്യോഗസ്ഥ മേധാവികളോ ആരുമാകട്ടെ, അവർക്ക് കടുത്ത ശിക്ഷ ഉറപ്പാക്കുന്ന ഒരു വ്യവസ്ഥയും പുതിയ നിയമഭേദഗതിയിൽ ഉണ്ടായില്ല. നിയമം അത് പുറമേയ്ക്ക് എത്ര തന്നെ കർശന സ്വഭാവമുള്ളതാണെന്ന് തോന്നിയാലും അവ നടപ്പിലാക്കേണ്ട സംവിധാനം കുറ്റമറ്റതും എല്ലാത്തരം സ്വാധീനങ്ങളിൽനിന്ന് മുക്തവുമായിരിക്കണം. അല്ലാത്തപക്ഷം നിലവിലുള്ള നിയമം ഒരുവിധത്തിലും ഫലപ്രദമാവുകയില്ല.

**നിയമം നടപ്പാക്കൽ സംവിധാനത്തിന്റെ ദുഷിച്ച മനോഘടന**

നിയമം രൂപവൽക്കരിക്കാനും നടപ്പിലാക്കുവാനും നിയോഗിക്കപ്പെട്ടവരുടെ ദുഷിച്ച മനോഘടനയാണ് മറ്റൊരു പ്രശ്നം. പ്രശ്നത്തിന്റെ അടിവേര് അറുത്തുമാറ്റിയില്ലെങ്കിൽ പ്രശ്നത്തിന് പരിഹാരം കാണുവാനാവില്ലെന്ന് നമ്മൾ വർമ്മാ കമ്മീഷനെ സമർപ്പിച്ച നിർദ്ദേശങ്ങളിൽ സൂചിപ്പിച്ചിരുന്നു. നിലനിൽക്കുന്ന മുതലാളിത്ത വ്യവസ്ഥയാണ് സ്ത്രീകൾക്കെതിരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങളുടെ മൂലകാരണം. ചരിത്രത്തിന്റെ അനിവാര്യമായ ഗതിക്രമത്തിൽ മുതലാളിത്തം കാലഹരണപ്പെട്ടിരിക്കുന്നു. അന്തരീക്ഷം മുഴുവൻ ദുർഗ്ഗന്ധം പരത്തിക്കൊണ്ട് വിഘലിപ്തമാക്കുന്ന ഒരു ശവശരീരം പോലെയാണിന്നത്. ഇതിനേക്കുറിച്ച് ബോധവാനല്ലാത്ത ഏതൊരാളും ഈ ദുഷിപ്പിന്റെ ഭാഗമാകും. ഡൽഹി കൂട്ടബലാൽസംഗത്തിൽ തെരുവിലണിനിരന്ന ധീരരായ പ്രതിഷേധക്കാർക്കുനേരെ സർക്കാരും പോലീസും ചാടിവീണത് കുറ്റവാളികൾക്ക് സന്തോഷം പകരുന്നതായിരുന്നു. പ്രതിഷേധക്കാർക്കുനേരെ ചാടിവീണ ഭരണസംവിധാനം ഫലത്തിൽ കുറ്റവാളികളുടെ സംരക്ഷകരായി പ്രവർത്തിക്കുകയായിരുന്നു. ചില ഉദ്യോസ്ഥരും മന്ത്രിമാരും ഇത്തരുണത്തിൽ ചോദിക്കുകയുണ്ടായി, ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയത് അർത്ഥരാത്രിയിലായതുകൊണ്ട് സ്ത്രീകൾക്ക് അർത്ഥരാത്രിയിൽ അലഞ്ഞുതിരിയാൻ സ്വാതന്ത്ര്യം വേണമെന്നാണോ നിങ്ങൾ അർത്ഥമാക്കുന്നത് എന്ന്. സാമൂഹ മനഃശാസ്ത്രത്തിൽ പ്രാവീണ്യമുണ്ടെന്ന് നടിക്കുന്ന മറ്റൊരു വിഭാഗം ആളുകൾ സ്ത്രീകളുടെ വസ്ത്രധാരണ രീതിയാണ് പീഡനങ്ങൾക്ക് കാരണം എന്ന് അഭിപ്രായപ്പെട്ടു. പരമ്പരാഗതമായ രീതിയിൽ വസ്ത്രധാരണം നടത്തുന്ന ഗ്രാമീണ സ്ത്രീകൾ എന്തുകൊണ്ട് പീഡനത്തിനിരയാകുന്നു. എന്തുകൊണ്ട് ശിശുക്കളും കുട്ടികളും പീഡിപ്പിക്കപ്പെടുന്നു. മാന്യമായ സ്കൂൾ യൂണിഫോം ധരിച്ച വിദ്യാർത്ഥിനികൾ എന്തുകൊണ്ട് പീഡിപ്പിക്കപ്പെടുന്നു. വീട്ടമ്മമാരെ വീടുകളിൽനിന്നും തട്ടിക്കൊണ്ടുപോയി പീഡിപ്പിക്കുന്നതെന്തുകൊണ്ട്. സിംഗൂർ-നന്ദിഗ്രാം സമരത്തിലേർപ്പെട്ട സ്ത്രീകൾ എന്തുകൊണ്ട് കൂട്ടബലാൽസംഗത്തിനിരയായി, ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തിട്ടുള്ളവർ എന്തുകൊണ്ട് പീഡിപ്പിക്കപ്പെടുന്നു. അവരുടെ വസ്ത്ര ധാരണത്തിന്റെ രീതിമൂലമാണോ, അതോ അവർ രാത്രിയിൽ ചുറ്റിക്കറങ്ങുന്നതുകൊണ്ടാണോ. നോക്കൂ ഈ രാഷ്ട്രീയ മേലാളന്മാരുടെ മനോഘടന. ഡൽഹി കൂട്ടമാനഭംഗത്തിനെതിരെ ഐതിഹാസികമായ സമരം നടന്നുകൊണ്ടിരിക്കുമ്പോൾ രാജ്യത്തിന്റെ ഭാവി പ്രധാനമന്ത്രിയായി ഭരണമുതലാളിവർഗ്ഗം ഇന്നിപ്പോൾ ഉയർത്തിക്കാട്ടുന്ന ഗുജറാത്ത് മുഖ്യമന്ത്രി നരേന്ദ്രമോഡി തന്റെ രാഷ്ട്രീയ എതിരാളിയെ കളിയാക്കിക്കൊണ്ട് ഇപ്രകാരം പറഞ്ഞു: അദ്ദേഹത്തിന് 50 കോടി കാമിനികളുണ്ട്. ഡൽഹിയിലെ അലയടിച്ചുയരുന്ന പ്രതിഷേധത്തെ അപഹസിച്ചുകൊണ്ട് ഒരു കോൺഗ്രസ്സ് എം.പി. അഭിപ്രായപ്പെട്ടു: വിദ്യാർത്ഥികളെന്ന പേരിൽ റാലിയിൽ പങ്കെടുത്തവർ അണിഞ്ഞൊരുങ്ങിയിറങ്ങിയ സ്ത്രീകളാണ്. കൽക്കത്ത പാർക്ക് സ്ട്രീറ്റ് പീഡനത്തിൽ ഇരയായ സ്ത്രീയെ ഒരു വേശ്യയായി ചിത്രീകരിച്ചുകൊണ്ട് തൃണമൂൽ കോൺഗ്രസ്സ് എം.പി പറഞ്ഞു: അതൊരു പീഡനമല്ല, മറിച്ച് ആ സ്ത്രീയും ഇടപാടുകാരനും തമ്മിലുള്ള കശപിശയായിരുന്നു. മുൻമന്ത്രിയും പശ്ചിമബംഗാൾ അസംബ്ലിയിലെ സി.പി.ഐ(എം) പാർട്ടിയുടെ ഉപനേതാവുമായ വ്യക്തി പൊതുവേദിയിൽ നിന്നുകൊണ്ട് പശ്ചിമബംഗാളിലെ വനിതാ മുഖ്യമന്ത്രി മമതാ ബാനർജിയോട് ചോദിച്ചു: നിങ്ങൾ പീഡനത്തിനിരയായാൽ എത്രതുകയാണ് നിങ്ങൾ നഷ്ടപരിഹാരമായി ആവശ്യപ്പെടുക. ഇക്കൂട്ടരെല്ലാം അതാത് പാർട്ടികളുടെ സമുന്നതരായ നേതാക്കളാണ്. വ്യത്യസ്ത രാഷ്ട്രീയ പാർട്ടികളിൽപ്പെടുന്നവരെങ്കിലും അവരെല്ലാം ജീർണ്ണമായ മുതലാളിത്ത വ്യവസ്ഥയുടെ തരംതാണ സംസ്ക്കാരവും സ്ത്രീവിരുദ്ധ സമീപനവും വച്ചുപുലർത്തുന്നവരാണ്.

സ്ത്രീകളെ കേവലം ലൈംഗിക വസ്തുവായി മാത്രം കാണുക, പുരുഷമേധാവിത്വം സ്ഥാപിക്കുവാൻ സ്ത്രീകളെ ഇടിച്ചുതാഴ്ത്തുക, അങ്ങേയറ്റത്തെ സ്ത്രീവിദ്വേഷം വച്ചുപുലർത്തുക ഇവയെല്ലാം ബൂർഷ്വാ ജനാധിപത്യത്തിന്റെയും ഭരണകൂടത്തിന്റെയും നെടുംതൂണുകളെന്ന് അറിയപ്പെടുന്ന ഉദ്യോഗസ്ഥ സംവിധാനത്തിലും പോലീസ്-മിലിറ്ററി വിഭാഗത്തിലും എന്തിന് കോടതിക്കുള്ളിൽപോലും വ്യാപകമാണ്. സി.ബി.ഐയുടെ ഇപ്പോഴത്തെ മേധാവി ഏതാനുംദിവസങ്ങൾക്കുമുമ്പ് അഭിപ്രായപ്പെട്ടു: നിങ്ങൾക്ക് പീഡനം തടയാൻ കഴിയുന്നില്ലെങ്കിൽ, അത് ആസ്വദിക്കുക. റിട്ടയർ ചെയ്ത ജഡ്ജി തന്നെ പീഡിപ്പിച്ചുവെന്ന് പരാതിപ്പെട്ട ഒരു പെൺകുട്ടിയുടെ ആരോപണത്തെ നിഷേധിച്ചുകൊണ്ട് ഏറെ പ്രശസ്തനായ ഒരു വക്കീൽ തന്റെ റിട്ട് ഹർജിയിൽ ഇപ്രകാരം പറഞ്ഞു: ഒരു സ്ത്രീ ഒരിക്കലും സത്യം പറയുകയില്ല, നിസ്സാരമായ നേട്ടങ്ങൾക്കുവേണ്ടിയോ തന്റെ ആഗ്രഹം നിരസിക്കപ്പെട്ടതിന്റെ പ്രതികാരം തീർക്കുന്നതിനുവേണ്ടിയോ ഏതറ്റംവരെയും പോകാൻ മടിക്കാത്തവരാണ് സ്ത്രീകൾ. ഒരു വനിതാ സേനാമേധാവി ലഫ്റ്റനന്റ് കേണൽ ലൈംഗികാതിക്രമം നടത്തിയെന്ന് പരാതിപ്പെടുന്നു. തന്റെ സുഹൃത്തുക്കളുമായി ലൈംഗികവേഴ്ചയിലേർപ്പെടാൻ ഒരു നാവികസേന ഉദ്യോഗസ്ഥൻ സ്വന്തം ഭാര്യയോട് ആവശ്യപ്പെടുന്നു. ഒരു സീനിയർ പോലീസ് ഉദ്യോഗസ്ഥൻ തന്നെ ലൈംഗികമായി പീഡിപ്പിച്ചതായി യു.പിയിലെ ഒരു വനിതാ കോൺസ്റ്റബിൾ പരാതിപ്പെടുന്നു. ഒരു പെൺകുട്ടിയെ പീഡിപ്പിച്ചതിനും ബ്ലാക്മെയിൽ ചെയ്തതിനും ഒരു മുതിർന്ന ഐ.എ.എസ് ഉദ്യോഗസ്ഥനെതിരെ കേസ് ചാർജ് ചെയ്തിരിക്കുന്നു. ഏറ്റവും ഒടുവിൽ ഒരു വനിതാ മാധ്യമ പ്രവർത്തകയെ വളരെ സീനിയർ ആയ ഒരു മാധ്യമ പ്രവർത്തകൻ ബലംപ്രയോഗിച്ച് പീഡിപ്പിച്ചുവെന്ന പരാതി റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നു. ഉന്നതരായ നിയമജ്ഞന്മാർക്ക് നേരെവരെ ലൈംഗികാതിക്രമത്തിന്റെ പേരിൽ കൈവിരൽ നീണ്ടിരിക്കുകയാണ്. അധികാരസ്ഥാനങ്ങൾ ഉപയോഗപ്പെടുത്തി പീഡനത്തിന് വിധേയമാക്കുക, ജോലിസ്ഥലങ്ങളിലും റോഡിലും പൊതുഗതാഗത സംവിധാനങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ആശുപത്രികളിലും മറ്റു സ്ഥലങ്ങളിലുമെല്ലാം സ്ത്രീകൾ ലൈംഗികാതിക്രമം ഉൾപ്പെടെയുള്ള എല്ലാത്തരം ആക്രമണങ്ങൾക്കും വിധേയരാകുന്നു. സ്ത്രീകൾ നേരിടുന്ന പീഡനത്തിന്റെ ലിസ്റ്റ് അന്തമില്ലാതെ നീളുകയാണ്. പോലീസ് മേധാവികൾ, പട്ടാളമേധാവികൾ, ഉദ്യോഗസ്ഥ മേധാവികളും നിയമ വ്യവസ്ഥയുടെ തലപ്പത്തിരിക്കുന്നവരുമെല്ലാം വികൃതവും പുരുഷമേധാവിത്വപരവുമായ സമീപനമാണ് താലോലിക്കുന്നതെങ്കിൽ ഒരു പീഡനത്തിനും ലൈംഗികാതിക്രമത്തിനും ഇരയായ ഒരാൾക്ക് എങ്ങനെ നീതി പ്രതീക്ഷിക്കുവാനാകും. ശിക്ഷാ സംവിധാനത്തെ ആധുനികവൽക്കരിക്കാനെന്ന പേരിൽ വലിയ കോലാഹലത്തോടെ അവതരിപ്പിച്ച നിർഭയ ഫണ്ടിൽ ചില്ലിക്കാശുപോലും നാളിതുവരെ നീക്കിവച്ചില്ല എന്നത് അധികാരികളുടെ ഈ വിഷയത്തിലുള്ള കാപട്യത്തെയാണ് തുറന്നുകാണിക്കുന്നത്.

സമൂഹത്തിൽ നാമമാത്രമായി ശേഷിക്കുന്ന മാനുഷികഗുണങ്ങളെപ്പോലും തുടച്ചുനീക്കുവാനും മനുഷ്യരെ കേവലം മൃഗീയമായ ചോദനകൾക്കനുസരിച്ച് മാത്രം പ്രവർത്തിക്കുന്ന ഹിംസ്രജന്തുവാക്കി മാറ്റുവാനുമുള്ള ആസൂത്രിതവും കുത്സിതവും ഹീനവുമായ പദ്ധതി ശ്രദ്ധാപൂർവ്വം രൂപകൽപ്പന ചെയ്യപ്പെടുന്നുണ്ടെന്ന വസ്തുത സൂക്ഷ്മമായി നിരീക്ഷിക്കുന്ന ഏതൊരാൾക്കും വ്യക്തമാകും. മുതലാളിത്ത ചൂഷണത്തിലും അടിച്ചമർത്തലിലും അധിഷ്ഠിതമായ ഈ വ്യവസ്ഥക്കെതിരെ പ്രതിഷേധം അണപൊട്ടിയൊഴുകുന്നതിന് തടയിടുവാൻ ജനങ്ങളുടെ സദാചാര-ധാർമ്മിക നട്ടെല്ല് തകർക്കേണ്ടതുണ്ട്. തിന്നുക, കുടിക്കുക, ആനന്ദിക്കുക എന്ന ഏറ്റവും വഷളായ ഭോഗസംസ്ക്കാരം അശ്ലീല പരസ്യങ്ങളിലൂടെയും രതിവൈകൃതങ്ങൾ നിറഞ്ഞ സിനിമകളിലൂടെയും വൃത്തികെട്ട ടി.വി പരിപാടികളിലൂടെയും അശ്ലീല സാഹിത്യങ്ങളിലൂ

(ശേഷം പേജ് 11-ൽ)

# ദിശാബോധം നൽകിയ നിർഭയ ദിനാചരണം

(പേജ് 9-ൽ നിന്ന്)

കായക്കൊടി, രാമവാരിയർ പന്തിരിക്കര, പി.കെ.ആലികുട്ടി പന്തിരിക്കര തുടങ്ങിയവർ പ്രസംഗിച്ചു.

പന്തിരിക്കരയിലും, കായക്കൊടിയിലും നടന്ന സ്ത്രീ പീഡന സംഭവങ്ങളിൽ നടപടി ആവശ്യപ്പെടുന്ന പ്രമേയങ്ങൾ അംഗീകരിക്കപ്പെട്ടു. സ്ത്രീ സുരക്ഷാസമിതിക്കുവേണ്ടി മുഖ്യ പ്രമേയം ശ്രീ കെ.ജെ. ജോസി അവതരിപ്പിച്ചു. സമിതി സെക്രട്ടറി കെ.പി സുബൈദ സ്വാഗതം പറഞ്ഞു. സമ്മേളനാവസാനം പുതിയ സ്ത്രീ സുരക്ഷാ സമിതി രൂപീകരിക്കുകയും ജില്ലയുടെ നാനാഭാഗങ്ങളിലും സ്ത്രീ സുരക്ഷാ സമിതികൾ സംഘടിപ്പിക്കാൻ തിരുമാനിക്കുകയും ചെയ്തു. ശ്രീമതി സജിത നന്ദി പ്രകാശിപ്പിച്ചു.

**വയനാട്**

സ്ത്രീസുരക്ഷാസമിതി വയനാട് ജില്ലാ കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ നിർഭയ ദിനത്തിൽ സ്ത്രീ സുരക്ഷാ കൂട്ടായ്മ നടത്തി. സുൽത്താൻ ബത്തേരി സ്വതന്ത്ര മൈതാനിയിൽ രാവിലെ 10 മണിക്ക് ആരംഭിച്ച കൂട്ടായ്മയിൽ നൂറുകണക്കിന് സ്ത്രീകളും വിദ്യാർത്ഥികളും പങ്കുകൊണ്ടു. നിർഭയ അഥവാ ദാമിനിക്ക് ആദരാഞ്ജലികളർപ്പിച്ചുകൊണ്ടാണ് കൂട്ടായ്മ ആരംഭിച്ചത്. നിർഭയ മണ്ഡപത്തിൽ പുഷ്പാർച്ചനയും നടന്നു.

ശ്രേയസ്സ് ഡയറക്ടർ ഫാദർ ജോർജ്ജ് വെട്ടിക്കാട്ടിൽ കൂട്ടായ്മ ഉദ്ഘാടനം ചെയ്തു. പരമാവധി ലാഭത്തെ അടിസ്ഥാനമാക്കിയുള്ള കമ്പോള സംസ്കാരം സ്ത്രീകളെ കച്ചവടവസ്തുവായിട്ടാണ് കാണുന്നതെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ഈ സംസ്കാരം സ്ത്രീകളെ വ്യക്തികളായി അംഗീകരിക്കുന്നില്ല. ഇത് സമൂഹത്തിന്റെ ദുരവസ്ഥയാണ്. ശപിക്കപ്പെട്ട നിസ്സംഗത കൈവെടിയണമെന്ന ഉൾക്കാഴ്ചയാണ് നമുക്കുണ്ടാകേണ്ടതെന്നും അദ്ദേഹം പറഞ്ഞു.

സി. കസ്തൂരിഭായി ടീച്ചർ, ഫാദർ ടോണി കോഴിമണ്ണിൽ, ഡോ.വി. സത്യാനന്ദൻ നായർ, അഡ്വ.കെ. അബ്ദുറഹ്മാൻ, സുലോചന രാമകൃഷ്ണൻ, പ്രൊഫ.താരാഫിലിപ്പ്, വി. കെ.സദാനന്ദൻ, ടോമി വടക്കുംചേരി, സാലിജോസഫ്, സുമ പള്ളിപ്രം, ടോമി മലവയൽ, ബിനി തോമസ്, എം.എം.ജോസഫ്, നൂർജ്ജഹാൻ തുടങ്ങിയവർ പ്രസംഗിച്ചു. സ്ത്രീസുരക്ഷാ സമിതി ജില്ലാ പ്രസിഡണ്ട് പ്രേംരാജ് ചെറുകര അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ജില്ലാ സെക്രട്ടറി എം.എ. പുഷ്പ സ്വാഗതം ആശംസിച്ചു. ദേവസ്യ പുറ്റനാൽ നന്ദി പറഞ്ഞു. ജില്ലയിലെ എല്ലാ ഭാഗങ്ങളിൽ നിന്നുമുള്ള സാംസ്കാരിക പ്രവർത്തകർ കൂട്ടായ്മയിൽ സംബന്ധിക്കാനെത്തിയിരുന്നു. വിവിധ കോളേജുകളിൽ നിന്നുള്ള വിദ്യാർത്ഥികളും അദ്ധ്യാപകരും പരിപാടിയിൽ പങ്കെടുത്തു.

**കണ്ണൂർ**




ഡിസംബർ 16 ന് നിർഭയ ദിനത്തോടനുബന്ധിച്ച് കണ്ണൂർ മുൻസിപ്പൽ ബസ്സ്റ്റാന്റിൽ പൊതുയോഗം നടന്നു. എസ്.യു.സി.ഐ (കമ്യൂണിസ്റ്റ്) ജില്ലാ സംഘാടക കമ്മിറ്റിയംഗം ഡോ. ഡി.സുരേന്ദ്രനാഥ് യോഗം ഉദ്ഘാടനം ചെയ്തു. എ.ഐ.എം.എസ്.എസ് സംസ്ഥാന കമ്മിറ്റിയംഗം കെ.എം.ബീവി മുഖ്യപ്രഭാഷണം നടത്തി. ജില്ലാ സെക്രട്ടറി മേരി എബ്രഹാം അദ്ധ്യക്ഷത വഹിച്ചു. എ.ഐ.ഡി.എസ്.ഒ ജില്ലാ സെക്രട്ടറി പി.സി.വിവേക്, എ.ഐ.ഡി.വൈ.ഒ ജില്ലാകമ്മിറ്റിയംഗം ഇ. സനൂപ് എന്നിവർ പ്രസംഗിച്ചു. ■



വയനാട് സ്ത്രീ സുരക്ഷാ കൂട്ടായ്മ




(10-പേജിൽ നിന്ന്)

ടെയും ഏറ്റവുമൊടുവിൽ ഇന്റർനെറ്റിലൂടെയും മൊബൈൽ ഫോണുകളിലൂടെയും ഊർജ്ജിതമായി പ്രോൽസാഹിപ്പിക്കപ്പെടുന്നത് അതുകൊണ്ടാണ്. പൊതുമദ്യശാലകളും നിശാക്ലബ്ബുകളും കൂടെക്കൂടെ സന്ദർശിക്കുന്നതും മദ്യപിക്കുന്നതും മയക്കുമരുന്ന് ഉപയോഗിക്കുന്നതും അസഭ്യമായ ലൈംഗിക പ്രദർശനങ്ങൾ നടത്തുന്നതും വിനോദമാണെന്നും സന്തോഷം നേടാനുള്ള മാർഗ്ഗങ്ങളാണെന്നും സ്ഥാപിതകേന്ദ്രങ്ങൾ പ്രചരണം അഴിച്ചുവിടുന്നു. കാമാർത്തിയാണ് ഒരേയൊരു വിനോദമെന്ന് വരുത്തുവാനാണ് എല്ലാ ശ്രമങ്ങളും. അങ്ങനെ മനുഷ്യനെ കേവലം മൃഗീയമായ ചോദനകളുടെ അടിമകളാക്കി മാറ്റുന്നു. ജീവശാസ്ത്രപരമായ ചോദനകളോട് അന്ധമായ ആഭിമുഖ്യം പുലർത്തുന്ന വിധത്തിൽ മനസ്സ് അങ്ങേയറ്റം ദുഷിപ്പിക്കപ്പെടുന്നു. സ്ത്രീകളെ ഭോഗതൃപ്തി വരുത്തുവാനുള്ള ലൈംഗികവസ്തുവായി മാത്രം വീക്ഷിക്കുകയും വന്യമൃഗങ്ങൾ ഇരകൾക്കുമേൽ ചാടിവീഴുന്നതുപോലെ സ്ത്രീകളെ കടന്നാക്രമിക്കുന്നതും ഇന്ന് വ്യാപകമായിരിക്കുകയാണ്. സംസ്കാരത്തിനും നാഗരികതയ്ക്കുംമേൽ നടക്കുന്ന മാരകമായ കടന്നാക്രമണത്തിനെതിരെ ബോധമുള്ളവരുടെയും നേരായ രീതിയിൽ ചിന്തിക്കുന്നവരുടെയും അമർഷവും രോഷവും വർദ്ധിച്ചുവരികയാണ്. എന്നിട്ടും ഭരണാധികാരിവർഗ്ഗം ഒരു ദൃക്സാക്ഷി എന്ന നിലയുംവിട്ട് കുറ്റകൃത്യങ്ങൾക്ക് കൂട്ടുനിൽക്കുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. ജനങ്ങളുടെ താൽപ്പര്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിന് പകരം അങ്ങേയറ്റം ദുഷിച്ചതും കാലഹരണപ്പെട്ടതുമായ മുതലാളിത്തവാഴ്ചയെ സേവിക്കുന്ന കൂട്ടരിൽനിന്ന് വ്യത്യസ്തമായൊന്ന് പ്രതീക്ഷിക്കുവാൻ തരമില്ല. മനുഷ്യന്റെ മൃഗീയതയിലും മൃഗീയവൽക്കരണത്തിലുമാണ് ഈ വ്യവസ്ഥ നിലനിൽക്കുന്നതുപോലും. ഭരണസംവിധാനം അപ്പാടെ ക്രിമിനൽവൽക്കരിക്കപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ അതിന്റെ സംരക്ഷകർ, ആക്രമണത്തിന് വിധേയരാകുന്ന സ്ത്രീകളെ സംരക്ഷിക്കുവാൻ കൂടുതൽ കർശനമായ നിയമം പ്രാവർത്തികമാക്കുമെന്ന് നമുക്ക് പ്രതീക്ഷിക്കാനാവില്ല.

**ശരിയായ പരിഹാരമാർഗ്ഗം കണ്ടെത്തുക**

ജനനം മുതൽ മരണംവരെ ലൈംഗികാതിക്രമങ്ങൾ അടക്കമുള്ള നിരവധിയായ പീഡനങ്ങൾക്ക് സ്ത്രീകൾ ഇരകളാകുന്നുവെന്നത് ഏതൊരു പരിഷ്കൃത സമൂഹത്തെ സംബന്ധിച്ചിടത്തോളവും അപമാനകരമാണ്. ഈ അവസ്ഥ എല്ലാ സാമ്രാജ്യത്വ-മുതലാളിത്ത രാജ്യങ്ങളെയും പ്രതിക്കൂട്ടിൽ നിർത്തിയിരിക്കുകയാണ്. സ്ത്രീകളുടെ വിഷയങ്ങൾ കൈകാര്യം ചെയ്യുമ്പോൾ പുരുഷമേധാവിത്വ മുൻവിധികളും നിഷ്ക്രിയത്വവും സർക്കാരുകളും ഉദ്യോഗസ്ഥസംവിധാനവും പോലീസും എന്തിന് കോടതിപോലും പ്രതിഫലിപ്പിക്കുന്നതെങ്ങനെ എന്നുകൊണ്ടെന്ന് മേൽവിവരിച്ചതിൽനിന്ന് വ്യക്തമാകും. ജീർണ്ണമായ മുതലാളിത്ത വ്യവസ്ഥയെ സംരക്ഷിക്കാൻ ശ്രമിക്കുന്ന ഏതൊരാളും ആ വ്യവസ്ഥ സൃഷ്ടിക്കുന്ന തിൻമകളിൽനിന്ന് മുക്തനാവുകയില്ലെന്നും ഇത് വ്യക്തമാക്കുന്നു. അതുകൊണ്ടാണ് മിക്ക സ്ത്രീപീഡനകേസുകളിലും കുറ്റാരോപിതരാകുന്നത് ഉന്നതരായ രാഷ്ട്രീയ നേതാക്കളോ, അവരുടെ ദല്ലാളുമാരോ രാഷ്ട്രീയ പിന്തുണയുള്ള മാഫിയാ തലവൻമാരോ, പോലീസ് മേധാവികളോ, വ്യവസായികളുടെയും അധികാര സ്ഥാനത്തുള്ളവരുടെയും അടുത്ത ബന്ധുക്കളോ ആണെന്ന് കാണുവാൻ സാധിക്കുന്നത്.

സമൂഹത്തെ ഈ ധാർമ്മികച്യുതിയിൽ നിന്ന് അടിയന്തിരമായി രക്ഷിക്കണമെന്നും സ്ത്രീകളുടെ അന്തസ്സും അഭിമാനവും സംരക്ഷിക്കണമെന്നും സ്ത്രീ പീഡനങ്ങളും കൂട്ടബലാൽസംഗങ്ങളും തടയണമെന്നും കരുതുന്നവർ അനിവാര്യമായി മനസ്സിലാക്കേണ്ട കാര്യം കേവലം നിയമം കർശനമാക്കുന്നതുകൊണ്ടുമാത്രം പ്രശ്നം പരിഹരിക്കാനാവില്ല എന്നതാണ്. മുതലാളിത്തത്തെ തൂത്തെറിയാൻ നടത്തുന്ന വിപ്ലവ സമരങ്ങൾക്കും അതിന് അനുരോധമായി വളർത്തിയെടുക്കപ്പെടുന്ന പ്രത്യയശാസ്ത്ര-സാംസ്കാരിക പ്രസ്ഥാനത്തിനും മാത്രമേ ഈ സാമൂഹ്യരോഗത്തെ തുടച്ചുനീക്കുവാൻ നമുക്ക് സാധിക്കൂ. ദുഷിച്ച പിന്തിരിപ്പൻ ചിന്തകളെ, പുരോഗമനപരമായ ഉയർന്ന ചിന്തകൾ ആർജ്ജിച്ചെടുത്തുകൊണ്ടും, സ്വാംശീകരിച്ചുകൊണ്ടും, നാം ചെറുത്ത് പരാജയപ്പെടുത്തണം. ഉന്നതമായ തൊഴിലാളിവർഗ്ഗ സംസ്കാരത്തിലും നീതിബോധത്തിലും അധിഷ്ഠിതമായ ജനകീയ പ്രസ്ഥാനങ്ങൾ നാടെമ്പാടും വളർന്നുവരണം. താഴെത്തലം മുതൽ ജനകീയ കമ്മിറ്റികൾക്ക് രൂപംനൽകുകയും സുദീർഘവും ശക്തവുമായ പ്രക്ഷോഭത്തിന്റെ സ്വഭാവം കൈക്കൊള്ളുകയും ചെയ്താൽ സ്വേച്ഛാധിപത്യപരമായി പെരുമാറുന്ന സർക്കാർ-ഭരണ സംവിധാനങ്ങൾക്കുമേലുള്ള സമ്മർദ്ദമായി പ്രവർത്തിക്കുകയും ന്യായയുക്തമായി ചില ഡിമാന്റുകളെങ്കിലും നേടിയെടുക്കുവാൻ സാധിക്കുകയും ചെയ്യും. ജനകീയ പ്രതിരോധത്തിന്റെ സമ്മർദ്ദം മൂലം കുറ്റവാളികൾക്കെതിരെ നടപടികൾ കൈക്കൊള്ളുവാൻ അധികാരികൾ നിർബന്ധിതരാവുകയും ആ അളവിൽ പ്രശ്നത്തിന് താൽക്കാലിക പരിഹാരം കാണുവാൻ സാധിക്കുകയും ചെയ്യും. ഒരു ശരിയായ വിപ്ലവ നേതൃത്വത്തിൻകീഴിൽ സുഘടിതവും നീണ്ടുനിൽക്കുന്നതും താഴേത്തലംമുതൽ സംഘടിപ്പിക്കപ്പെടുന്നതുമായ ജനാധിപത്യ-ബഹുജന പ്രക്ഷോഭണങ്ങൾ ഉന്നതവും ഉദാത്തവുമായ ചിന്ത പ്രദാനം ചെയ്യാനുതകുന്ന അനുകൂലമായ സാഹചര്യം സൃഷ്ടിക്കുകയും ചെയ്യും. ഈ യുഗത്തിലെ ഏറ്റവും മഹത്തായ ആശയമായ മാർക്സിസം-ലെനിനിസത്തെ അടിസ്ഥാനമാക്കി തീക്ഷ്ണവും സർവ്വസ്പർശിയുമായ പ്രത്യയശാസ്ത്ര-സാംസ്കാരിക പ്രസ്ഥാനം താഴേത്തലം മുതൽ വളർത്തിയെടുക്കുകയും കൂടി ചെയ്താൽ ഇന്നത്തെ ദുഷിച്ചുനാറിയ ബൂർഷ്വാ ചിന്തകളെയും സംസ്കാരത്തെയും ഫലപ്രദമായി ചെറുക്കുവാനും ആത്യന്തികമായി മറികടക്കുവാനും സാധിക്കും. എങ്കിൽമാത്രമേ സ്ത്രീകൾക്ക് സമൂഹത്തിൽ തുല്യതയും മാന്യതയും നേടിയെടുക്കാൻ കഴിയൂ. ഒരുവർഷം മുമ്പ് ഈജിപ്റ്റിലെ ഹോസ്നി മുബാരക്കിന്റെ ഏകാധിപത്യ വാഴ്ചക്കെതിരെ ആയിരക്കണക്കിന് യുവാക്കളും യുവതികളും താൽക്കാലികമായ ടെന്റുകെട്ടി രാവും പകലുമായി ദിവസങ്ങളോളം സമരം ചെയ്യുകയുണ്ടായി. അറബ് വസന്തമെന്ന പേരിൽ അറിയപ്പെട്ട ഈ പ്രക്ഷോഭസമരത്തിൽനിന്ന് സ്ത്രീപീഡനമോ സ്ത്രീകളോട് മോശമായി പെരുമാറിയതോ ആയ ഒരു സംഭവംപോലും റിപ്പോർട്ട് ചെയ്യപ്പെട്ടില്ല. അറബ് വസന്തം മുതലാളിത്തവിരുദ്ധ സോഷ്യലിസ്റ്റ് പ്രക്ഷോഭമൊന്നും ആയിരുന്നില്ല. മാനവവാദത്തിൽ അധിഷ്ഠിതമായ ഒരു ജനാധിപത്യ പ്രക്ഷോഭം മാത്രമായിരുന്നു അത്. അത്തരമൊരു പ്രക്ഷോഭത്തിന്റെ സാഹചര്യം ജനമനസ്സിൽനിന്നും എല്ലാ ദുഷിച്ച ചിന്തകളെയും അകറ്റി നിർത്തി. ഐതിഹാസികമായ സിംഗൂർ-നന്ദിഗ്രാം സമരവേളയിലും സമാനമായ സാഹചര്യം നമുക്ക് ദർശിക്കുവാൻ സാധിച്ചു. സാമൂഹികനീതിക്കുവേണ്ടിയുള്ള പ്രക്ഷോഭസമരത്തിന്റെ മധ്യത്തിലായിരിക്കുമ്പോൾ ജനങ്ങൾക്ക് അത് ധാർമ്മിക കരുത്ത് പകർന്നുനൽകും. ഈ യുഗത്തിലെ ഏറ്റവും മഹോന്നതമായ മാർക്സിസം-ലെനിനിസമെന്ന ആശയത്താൽ നയിക്കപ്പെട്ടാൽ മനുഷ്യമനസ്സിലെ എല്ലാത്തരം ദുഷ്ചിന്തകൾക്കുമെതിരെയുള്ള ഒരു സംരക്ഷണ കവചമായി അത് പ്രവർത്തിക്കും. ശരിയായ ദിശയിലുള്ള ജനകീയ പ്രക്ഷോഭണത്തിന്റെ മുന്നേറ്റത്തിലാണ് പ്രശ്നത്തിന്റെ പരിഹാരം കുടികൊള്ളുന്നത്. നിർഭയ ദാമിനി ദാരുണമായി കൊലചെയ്യപ്പെട്ടിട്ട് ഒരു വർഷം പിന്നിടുന്ന ഈ വേളയിൽ ഈ സത്യത്താൽ പ്രചോദിതരാകുകയും തദനുസരണമായി പ്രവർത്തിക്കുകയും ചെയ്യുമെന്ന് നമുക്ക് പ്രതിജ്ഞയെടുക്കാം. ■

# മുതലാളിത്ത വ്യവസ്ഥിതിയിൽ അഴിമതി തുടച്ചുനീക്കാനാവില്ല

(1-ാം പേജിൽ നിന്ന്)

നൽകിയതുമവരാണ്. പിന്നീട് ഇത്തരം ഹീനമായ ചെയ്തികൾ പലമടങ്ങ് വർദ്ധിപ്പിക്കാൻ സാമൂഹ്യ വിരുദ്ധർക്ക് മൗനാനുവാദം നൽകിക്കൊണ്ട് ആ വാഗ്ദാനങ്ങൾ നിർലജ്ജം ലംഘിച്ചവരുമാണവർ. ഔദ്യോഗികമായി പ്രസിദ്ധീകരിച്ച കുറ്റകൃത്യങ്ങളുടെ സൂചിക ഇത് വ്യക്തമാക്കുന്നുമുണ്ട്. എല്ലാവിധ വിശ്വാസ്യതയും നഷ്ടപ്പെട്ട ഒരു പാർട്ടിയും അതിന്റെ നേതാക്കളുമായി കോൺഗ്രസ്സ് തരംതാണു. എന്തിനേറെ, ഭരണമുന്നണിയിലെ സഖ്യകക്ഷികൾ വരെ കോൺഗ്രസ്സിനെ കുറ്റപ്പെടുത്താൻ തുടങ്ങി. ജനങ്ങളിൽ പതഞ്ഞുപൊന്തുന്ന കോൺഗ്രസ്സ്‌വിരുദ്ധ വികാരം കണ്ടില്ലെന്നുനടിക്കാൻ ഭരിക്കുന്ന കുത്തക മുതലാളിമാർക്ക് കഴിഞ്ഞില്ല. ഒന്നുകൂടി ഈ പാർട്ടിയെ അധികാരത്തിലേറ്റുന്നത് കഠിനമായ പ്രതികൂല പ്രതികരണം ക്ഷണിച്ചുവരുത്തുമെന്ന് അവർ തിരിച്ചറിഞ്ഞു. അതുകൊണ്ട് ഭരിക്കുന്ന കുത്തക മുതലാളിമാരിൽ ഗണ്യമായ ഒരു വിഭാഗം അവർ ഈ രാജ്യത്ത് ദീർഘകാലമായി സ്ഥാപിക്കാനുദ്ദേശിക്കുന്ന ദ്വികക്ഷി സമ്പ്രദായത്തിൽ അവരുടെ ഇതര വിശ്വസ്ത പ്രതിനിധിയായ ബി.ജെ.പിയെ പിന്തുണയ്ക്കാൻ തീരുമാനിച്ചു. പക്ഷേ, അതിന് ഒരല്പം സൂത്രവിദ്യകൾ വേണ്ടിവന്നു. തനി വർഗ്ഗീയമായ അടിവേരുകളുള്ളതുകൊണ്ടും വർഗ്ഗീയ സംഘർഷങ്ങൾ കുത്തിപ്പൊക്കിയ മുൻകാല ചരിത്രം കൊണ്ടും ഭീകരമായ ന്യൂനപക്ഷ വിരുദ്ധ കൂട്ടക്കൊലവരെ ആസൂത്രണം ചെയ്തതിനാലും ജനങ്ങൾ ബി.ജെ.പിയെ വെറുത്ത് തള്ളിക്കളഞ്ഞിരുന്നു. അത്തരമൊരു പാർട്ടിയെ വോട്ടർമാർക്ക് സ്വീകാര്യമാക്കാനായി ഭരണവർഗ്ഗം അതിന്റെ പ്രതിച്ഛായ മിനുക്കാൻ തീരുമാനിച്ചു. ഒന്നാമത്തെ പണി വർഗ്ഗീയതയുടെ നിറവും ദുർഗന്ധവും മാറ്റിയെടുക്കുക എന്നതായിരുന്നു. അതിന് വേണ്ടി വികസനം എന്ന മുദ്രാവാക്യമുയർത്തി. നഗരങ്ങളിലെ സമ്പന്നർക്ക് വേണ്ടിയുള്ള സൗകര്യങ്ങളൊരുക്കുന്നതിനാണ് വികസനം എന്ന് വിളിക്കുന്നത്. പിന്നീട് അത്തരം വികസനത്തിന്റെ മാതൃകയായി ഗുജറാത്ത് ഉയർത്തിക്കാട്ടപ്പെട്ടു. നിരപരാധികളുടെ രക്തക്കറപുരണ്ട കൈകളോടുകൂടിയ ആളാണെങ്കിലും, ഗുജറാത്ത് മുഖ്യമന്ത്രി നരേന്ദ്രമോഡിയെത്തന്നെ രാജ്യത്തിന്റെ അടുത്ത പ്രധാനമന്ത്രിക്കസേരയിലേക്കുള്ള ആളെന്ന നിലയിൽ ഭരണവർഗ്ഗം ഉയർത്തിക്കാട്ടാൻ തുടങ്ങി. അവരുടെ കുടിലമായ വർഗ്ഗതാൽപര്യങ്ങൾ സംരക്ഷിക്കാൻ പ്രാപ്തിയുള്ളയാളാണ് മോഡിയെന്ന് വർഗ്ഗസഹജാവബോധം മൂലം അവർക്ക് മനസ്സിലായി. അതോടെ അദ്ദേഹത്തിന്റെ ഭൂതകാല ദുഷ്ചെയ്തികൾ മായ്ച്ചുകളയാനും വികസനശിൽപിയായി ഉയർത്തിക്കാട്ടാനുമുള്ള എല്ലാ ശ്രമങ്ങളും നടത്താൻ അവർ ബാദ്ധ്യസ്ഥരായി. ഇങ്ങനെ മോഡിക്ക് ശ്രദ്ധാപൂർവ്വം സൃഷ്ടിച്ചുകൊടുത്ത പ്രതിച്ഛായ വച്ചുകൊണ്ട് ഭരണവർഗ്ഗം അതിന്റെ പ്രചരണയന്ത്രം മുഴുവനായി മോഡിക്കും അദ്ദേഹത്തിന്റെ പാർട്ടിക്കും വേണ്ടി വിനിയോഗിച്ചു. ഒരു മോഡി തരംഗം വീശിയടിക്കുന്നു എന്ന മട്ടിലൊരു വികാരം ജനിപ്പിക്കാൻ ശ്രമിച്ചു. ഈ പശ്ചാത്തലത്തിലാണ് അഞ്ച് സംസ്ഥാനങ്ങളിൽ തിരഞ്ഞെടുപ്പ് നടന്നത്.

### പ്രചാരണ പ്രക്രിയ

പ്രചാരണ പ്രക്രിയ ചൂടുപിടിച്ചപ്പോൾ പതിവുപോലെ മാധ്യമ-മാഫിയ -പണച്ചാക്ക് കൂട്ടുകെട്ട് പ്രകടമായും ഗോപ്യമായും പ്രചാരണത്തെ സ്വാധീനിക്കാൻ പണിയെടുത്തു. ഭരണവർഗ്ഗത്തിന്റെ ആഗ്രഹവും ആജ്ഞയും അനുസരിച്ച് മാധ്യമങ്ങൾ അഭിപ്രായങ്ങൾ രൂപീകരിക്കാനും, വോട്ടർമാരുടെ വൈകാരികനില പരുവപ്പെടുത്താനും, അവരുടെ പദ്ധതിക്കിണങ്ങും വിധമുള്ള തിരഞ്ഞെടുപ്പ് വിഷയങ്ങൾക്ക് അടിവരയിടാനും, നേതാക്കളെ തമ്മിൽ പോരിനിറക്കാനുമുള്ള ചുമതലകൾ ഏറ്റെടുത്തു. കുത്തക മുതലാളിമാരിലും വ്യവസായ കുടുംബങ്ങളിലുംപെട്ട പണച്ചാക്കുകൾ മൽസരിക്കുന്നവരെയും വോട്ട് ചെയ്യേണ്ടവരെയും പണമിറക്കി വശീകരിക്കാൻ രംഗത്തിറങ്ങി. മാഫിയ അഥവാ ഗുണ്ടകൾ അവരിപ്പോൾ വോട്ടർമാരെ ഭീഷണിപ്പെടുത്താനുള്ള കൂലിക്കാർ എന്ന നിലയിൽ നിന്നൊക്കെ ഉയർന്ന് കുത്തകകളോടും അവരുടെ പ്രതിനിധികളോടുമൊപ്പം പാർട്ടിയിൽ സ്ഥാനമാനങ്ങളുള്ളവരെന്ന നിലയിൽ സ്വീകരിച്ചിരുത്തപ്പെട്ടു. ഡൽഹിയിൽ തിരഞ്ഞെടുപ്പ് രംഗത്ത് ക്രിമിനൽ കേസുള്ള സ്ഥാനാർത്ഥികളുടെ അനുപാതം ഏറ്റവും കൂടുതൽ ബി.ജെ.പിക്കാണെങ്കിൽ (46%) കോൺഗ്രസ്സിനത് 21% മാണ്. ആം ആദ്മി പാർട്ടിക്കും അത്തരം അഞ്ച് സ്ഥാനാർത്ഥികൾ ഉണ്ടായിരുന്നു. ഈ പണ - മാധ്യമ - മാഫിയ ത്രിശൂലം ജനങ്ങളെ ദ്വികക്ഷി സമ്പ്രദായത്തിന്റെ ഇടുങ്ങിയ പാതയിലേക്ക് ആട്ടിത്തെളിക്കാൻ ആവത് ശ്രമിച്ചു. അതിനുവേണ്ടി കുത്തക മുതലാളിമാർക്ക് വിശ്വസിക്കാവുന്ന രണ്ടോ പരമാവധി മൂന്നോ രാഷ്ട്രീയ ശക്തികളിൽ ഒന്നിനെയാണ് തിരഞ്ഞെടുക്കേണ്ടതെന്ന് ജനങ്ങളെ വിശ്വസിപ്പിക്കാനുതകുന്ന അഭിപ്രായ സർവ്വേകൾ നടത്തി. പ്രധാനമായും സർവ്വേകൾ ബി.ജെ.പിക്ക് കോൺഗ്രസ്സിനേക്കാൾ മുൻതൂക്കം കാണിച്ചു. മദ്ധ്യപ്രദേശിലും രാജസ്ഥാനിലും കോൺഗ്രസ്സിന്റെ പരാജയവും ഛത്തീസ്ഗഢിൽ ഒപ്പത്തിനൊപ്പമുള്ള നിലയും പുതതായി രൂപം കൊണ്ട ആം ആദ്മി പാർട്ടി ഡൽഹിയിൽ നല്ല പോരാട്ടം നടത്തുമെന്നും സർവ്വേകൾ കാണിച്ചു. ഇവയൊഴിച്ചാൽ മറ്റൊന്നുമുണ്ടായിരുന്നില്ല, മറ്റൊരു വീക്ഷണവും രാഷ്ട്രീയ അഭിപ്രായവും ജനമനസ്സുകളിൽ പ്രവേശിക്കാൻ അനുവദിക്കപ്പെട്ടില്ല.

### അഞ്ച് സംസ്ഥാനങ്ങളിലെ തിരഞ്ഞെടുപ്പ് ഫലം

ഫലങ്ങൾ ഏറിയപങ്കും സർവേകളിൽ പറഞ്ഞുവച്ചതുതന്നെയായിരുന്നു. രാജസ്ഥാനിൽ ബി.ജെ.പി കോൺഗ്രസ്സിനെ പരാജയപ്പെടുത്തി, മദ്ധ്യപ്രദേശിൽ നിലവിലിരുന്ന ബി.ജെപി സർക്കാരിന് അഴിമതിയും പിടിപ്പുകേടും വർഗ്ഗീയ രാഷ്ടീയവും മൂലം കുപ്രസിദ്ധി മാത്രമേ സമ്പാദിക്കാൻ കഴിഞ്ഞുള്ളൂവെങ്കിലും അവിടെ ബി.ജെ.പി നില മെച്ചപ്പെടുത്തി. ഛത്തീസ്ഗഢിൽ കോൺഗ്രസ്സും ബി.ജെ.പിയും ഒപ്പത്തിനൊപ്പമായി. ശക്തി കുറഞ്ഞ ബി.ജെ.പിക്ക് നേരിയ ഭൂരിപക്ഷത്തിന് ഭരണം നിലനിർത്താനായപ്പോൾ കോൺഗ്രസ്സിന് ഒരു സീറ്റ് കൂടുതൽ ലഭിച്ചു. ഇതിനൊരപവാദം ഡൽഹി മാത്രമായിരുന്നു. അവിടെ കോൺഗ്രസ്സിന്റെ നഷ്ടം ലാഭമാക്കി കൊണ്ട് എ.എ.പി ശക്തമായ വിജയം നേടുകയും ബി.ജെ.പിയുടെ അധികാരത്തിലേക്കുള്ള സുഗമമായ യാത്രയ്ക്ക് ഭംഗം വരുത്തുകയും ചെയ്തു. മിസോറമിൽ ഭരിക്കുന്ന കോൺഗ്രസ്സിന് അതിനെ അധികാരത്തിൽ നിന്ന് നീക്കം ചെയ്യാൻ പര്യപ്തമായ പറയത്തക്ക ഒരു രാഷ്ട്രീയ എതിരാളി ഇല്ലായിരുന്നു. ഈ ഫലങ്ങളിൽ നിന്ന് ബൂർഷ്വാ തിരഞ്ഞെടുപ്പ് പണ്ഡിതർ വരുന്ന ലോക്സഭ തിരഞ്ഞെടുപ്പിൽ പ്രഭാവം ചെലുത്തിയേക്കാമെന്ന് അവർ കരുതുന്ന ചില സൂചനകൾ കണ്ടെടുത്തു. ഒന്നാമതായി, കോൺഗ്രസ്സിനോ ബി.ജെ.പിക്കോ ഭൂരിപക്ഷം ലഭിക്കാൻ പോകുന്നില്ല. രണ്ടാമതായി മോഡിതരംഗം ഏശിയിട്ടില്ല. ഛത്തീസ്ഗഢിൽ ബി.ജെ.പി കഷ്ടിച്ച് കടന്നു കൂടുകയായിരുന്നു. ഡൽഹി അവർക്ക് പിടിച്ചെടുക്കാൻ കഴിഞ്ഞുമില്ല. മദ്ധ്യപ്രദേശിൽ തെരഞ്ഞെടുപ്പ് രംഗത്ത് പോലും കോൺഗ്രസ്സ് ഒരു എതിർശക്തിയേ അല്ലാത്തതിനാൽ കഴിഞ്ഞ രണ്ട് പതിറ്റാണ്ടായി അവിടം ബി.ജെ.പിയുടെ ശക്തികേന്ദ്രമാണ്. എന്നുമല്ല അവിടത്തെ കോൺഗ്രസ്സ് നേതാക്കൾ ഹിന്ദു വർഗ്ഗീയതയും മതവികാരങ്ങളും ജാതീയതയും ഉപയോഗിച്ച് വോട്ടുബാങ്ക് രാഷ്ട്രീയം കളിക്കുന്ന അതേ നയമാണ് പിന്തുടർന്നത്. കഴിഞ്ഞ തവണ ബി.ജെ.പി യിലെ ഉൾപ്പോര് മാനം മുട്ടെ വളർന്നതുമൂലം (ഏതൊരു ബൂർഷ്വാ പാർട്ടിയും ഏറെക്കാലം അധികാരത്തിൽ ഇരിക്കുമ്പോൾ സാധാരണയാണിത്) കോൺഗ്രസ്സിന് ലഭിച്ച രാജസ്ഥാൻ ഇത്തവണ തിരികെ ബി.ജെ.പിക്ക് കിട്ടി. രാജസ്ഥാനിൽ ഡൽഹിയുടെ അയൽ സംസ്ഥാനം എന്ന നിലയിൽ കേന്ദ്രത്തിലെ കോൺഗ്രസ്സ് ദുർഭരണവും അഴിമതിയുടെ വിഷയവും സ്വാധീനം ചെലുത്തിയിട്ടുണ്ടാവാം. തീർച്ചയായും ഈ ബൂർഷ്വാ പാർട്ടികളിൽ സാധാരണ കാണുന്ന പിന്നാമ്പുറ ഗ്രൂപ്പ് വഴക്കുകളും നേതൃത്വത്തിന് വേണ്ടിയുള്ള പോരും ഇനിയുമൊരു ഘടകമായി പ്രവർത്തിച്ചിട്ടുണ്ട്. മൊത്തത്തിലെടുത്താൽ ജനങ്ങളിൽ വിമർശനവും അസംതൃപ്തിയും പുകയുന്നത് കോൺഗ്രസ്സിനെക്കുറിച്ച് മാത്രമല്ല ജനങ്ങളിൽ ബി.ജെ.പിയുടെ വിശ്വാസ്യതയും ഉലയുകയാണ് എന്നാണ് വ്യക്തമാകുന്നത്. ഭരിക്കുന്ന കുത്തകളും ചാഞ്ചാടുകയാണ്.

മോഡിയിൽ നിന്ന് പ്രതീക്ഷിക്കപ്പെടുന്ന പ്രകടനം ലഭിക്കില്ല എന്ന് വ്യക്തമായപ്പോൾ അദ്ദേഹം വളരെ തിരക്കിട്ട് ഹിന്ദുത്വത്തിൽനിന്ന് വികസനത്തിലേക്ക് മാറാൻ ശ്രമിച്ചെങ്കിലും വർഗ്ഗീയ കൂട്ടക്കൊലയ്ക്ക് നേതൃത്വം നൽകിയ ഒരു വർഗ്ഗീയ നേതാവായാണ് ജനങ്ങൾ അദ്ദേഹത്തെ കണക്കാക്കുന്നത് എന്ന് വ്യക്തമായപ്പോൾ, ഭരണവർഗ്ഗം രാഹുൽ ഗാന്ധിയെ മുന്നോട്ടുകൊണ്ടുവരാനുള്ള ശ്രമം വീണ്ടുമാരംഭിച്ചു. തിരഞ്ഞെടുപ്പ് പരാജയത്തിന് തൊട്ടുപുറകെ ദീർഘനാളായി അവർ തടസ്സപ്പെടുത്തിയിരുന്ന ലോക്പാൽ ബിൽ ധൃതിയിൽ പാസ്സാക്കിയെടുത്തു. സമാന്യബോധമുള്ള ഏതൊരാൾക്കും ഉദ്ദേശ്യം വ്യക്തമാകും. രാഹുലിന്റെയും അദ്ദേഹത്തിന്റെ ചെറുപ്പക്കാരായ സംഘത്തിന്റെയും കൈയിലേക്ക് നേതൃത്വം വരുന്നതോടെ അഴിമതിക്കെതിരെ പാർട്ടി വാളെടുക്കുകയാണെന്ന പ്രതീതി സൃഷ്ടിക്കുക. വീണ്ടും, അമേരിക്കൻ സാമ്രാജ്യത്വ ഭരണ കർത്താക്കളോട് ഇന്നുവരെ മൃദുവായ പ്രീണനനയം പുലർത്തിയിരുന്ന കോൺഗ്രസ്സ് നേതൃത്വം നയതന്ത്ര ഉദ്യോഗസ്ഥ ദേവയാനിയുമായി ബന്ധപ്പെട്ട സംഭവത്തോടെ പൊടുന്നനെ എതിർപ്പിന്റെ സ്വരം കേൾപ്പിക്കാൻ തുടങ്ങി. നാടിന് ഏറ്റ അപമാനത്തിൽ അവരെത്ര രോഷാകുലരാണ് എന്ന് കാണിക്കാനായി. എങ്കിലും അടുത്ത നിമിഷം അത്തരം പൊട്ടിത്തെറികൾക്കുപരിയായി സൗഹാർദ്ദപരമായ കച്ചവട ബന്ധങ്ങൾ ഒരിക്കലും ഉലയില്ല എന്ന് ഇരു രാജ്യങ്ങളിലെയും കുത്തകകൾക്കും വ്യവസായ കുടുംബങ്ങൾക്കും അവർ ഉറപ്പുനൽകി. വർഗ്ഗീയ ആക്രമണങ്ങളെ സംബന്ധിച്ച ബിൽ അവതരിപ്പിക്കാൻ കോൺഗ്രസ്സ് പെട്ടെന്ന് കാണിച്ച ഉൽസാഹത്തിലും ഈ പ്രതിഛായാനിർമ്മാണ യത്നം വ്യക്തമായിരുന്നു. വ്യവസായ കുടുംബങ്ങളുടെ പ്രമുഖ സംഘടനയായ ഫിക്കിയുമായി രാഹുൽ നടത്തിയ കൂടിക്കാഴ്ച കുത്തകകളുമായി ഒത്തു തീർപ്പിലെത്താനും അവരുടെ വിശ്വാസവും പിന്തുണയും തിരിച്ചുപിടിക്കാനുമുള്ള പ്രധാനപ്പെട്ട ഒരു ശ്രമമായിരുന്നു.

### ഡൽഹി തിരഞ്ഞെടുപ്പ് ഫലം ഒട്ടുവ്യത്യസ്തമായ ഒന്ന്

പക്ഷേ ഡൽഹിയിൽ സംഭവിച്ചത് ബൂർഷ്വാ തിരഞ്ഞെടുപ്പ് പണ്ഡിതന്മാരോ എ. എ. പി നേതാക്കൾപോലുമോ പ്രതീക്ഷിച്ചതല്ല. കോൺഗ്രസ്സിനും ബി.ജെ.പിക്കും ഇടയിൽ ഒരു മൂന്നാം ശക്തിയെന്ന നിലയിൽ വന്ന എ.എ.പി ഈ തിരഞ്ഞെടുപ്പിൽ കോൺഗ്രസ്സിനെ ദയനീയമായ മൂന്നാം സ്ഥാനത്തേക്ക് തള്ളിക്കൊണ്ട് ഈ നഗരസംസ്ഥാനത്ത് രണ്ടാമത്തെ വലിയ പാർട്ടിയായി മാറിയിരിക്കുന്നു. ബി.ജെ.പി എ.എ.പിയുടെ ഒരൽപം മുന്നിലാണ്. ഇന്ത്യയിലെ മറ്റേതൊരിടത്തെയുംപോലെ രണ്ട് പതിറ്റാണ്ട് നീണ്ട അവിടത്തെ കോൺഗ്രസ്സ് ഭരണം സാധാരണ ജനങ്ങൾക്ക് അതേ ജീവിത ദുരിതങ്ങളാണ് നൽകിയത്. ഇതിനുമുൻപ് ബി.ജെ.പിയുടെ ദുർഭരണവും അനുഭവിച്ചിട്ടുള്ളവരാണ് ഡൽഹി ജനത. കോൺഗ്രസ്സും ബി.ജെ.പിയും ഗവൺമെന്റിലും നഗരസഭയിലും യഥാക്രമം അധികാരത്തിലിരുന്നുകൊണ്ട് രാജ്യത്തിന്റെ തലസ്ഥാന നഗരത്തെ അന്തർദ്ദേശീയ നിലവാരത്തിലുള്ള ഒരു ആധുനിക വൻനഗരമാക്കാനായി വീതിയേറിയ റോഡുകളും നിരവധി ഫ്ളൈഓവറുകളും അണ്ടർപാസ്സുകളും മനോഹരമായ പാർക്കുകളും തിളങ്ങുന്ന തെരുവ് വിളക്കുകളും പ്രൗഢിയുള്ള ബംഗ്ലാവുകളും ആഡംബര ഹോട്ടൽ റസ്റ്റോറന്റുകളും നിർമ്മിച്ചതിന്റെ കണക്കുകൾ പറഞ്ഞുകൊണ്ടിരുന്നു. ഇവയൊക്കെ തിളങ്ങുന്ന വികസനമായി വാഴ്ത്തപ്പെട്ടുകൊണ്ടിരുന്നപ്പോൾ ജനസംഖ്യയിൽ ഭൂരിപക്ഷം വരുന്ന സാധാരണക്കാർക്കും ദരിദ്രരായ ചേരിനിവാസികൾക്കും യാഥാർത്ഥ്യം തീർത്തും വ്യത്യസ്തമായിരുന്നു. വികസനത്തിന്റെയും ആധുനികവൽക്കരണത്തിന്റെയും പേരിലുള്ള ക്രൂരമായ കുടിയൊഴിപ്പിക്കൽ ദരിദ്രരെ മാത്രമല്ല ചെറുകിട കച്ചവടക്കാരെയും വ്യാപാരികളെയും വരെ ബാധിച്ചു. ഏറിവരുന്ന അഴിമതിയും അതിനെ തടയുന്നതിൽ സർക്കാരുകളുടെ കുറ്റകരമായ അനാസ്ഥയും മൗനവും മൂലം മടുത്ത ഡൽഹി ജനത രാജ്യത്തെ ഇതര ഭാഗങ്ങളിലെ ജനങ്ങളെപ്പോലെ അവരുടെ ക്ഷമയുടെ നെല്ലിപ്പലക കണ്ടു കഴിഞ്ഞു. അതുകൊണ്ട് അഴിമതിക്കെതിരെ ബഹുജന പ്രതിഷേധത്തിന് അണ്ണാ ഹസാരെ ആഹ്വാനം ചെയ്തപ്പോൾ, സർക്കാരുകളും അവരുടെ പോലീസും പതിവ് ബല പ്രയോഗവും മുഷ്കുമായി പ്രതികരിച്ചപ്പോൾ ജനങ്ങൾ വമ്പിച്ച ഒരു പ്രവാഹമായി തെരുവിലേക്കിറങ്ങി. അതിന് ശേഷം, 23 വയസ്സുള്ള പാരാ-മെഡിക്കൽ വിദ്യാർത്ഥിനി നിർഭയാ-ദാമിനിയുടെ ക്രൂരമായ കൂട്ടബലാൽസംഗത്തെയും കൊലപാതകത്തെയും തുടർന്ന്, സ്ത്രീകൾ നേരിടുന്ന ഭയാനകമായ അരക്ഷിതാവസ്ഥക്കും പീഡനത്തിനുമെതിരെ വളർന്നു വന്ന പ്രതിഷേധം സ്വാഭാവകമായും വീറുറ്റ ഒരു ബഹുജന പ്രക്ഷോഭണമായി പൊട്ടിത്തെറിച്ചു. ദരിദ്രർക്കിടയിൽ മാത്രമല്ല, കാര്യങ്ങൾ പരിധിവിട്ടു പോവുകയാണെന്ന് കരുതിയ സമൂഹത്തിലെ സമ്പന്നരിലെ ഒരു വിഭാഗത്തിനിടയിലും പ്രതിഷേധം ഏറിവരികയായിരുന്നു. ഡൽഹിയിലെ ജനങ്ങൾ ഭരിക്കുന്ന കോൺഗ്രസ്സിനെ മാത്രമല്ല, കഴിയുമെങ്കിൽ ബി.ജെ.പി യേയും മാറ്റാനാഗ്രഹിക്കുന്നു എന്ന് വ്യക്തമായിരുന്നു. ഈ ഒരു ശൂന്യത നികത്തിയത് എ.എ.പി ആണ്. അതിന്റെ നേതാവ് കെജ്‌രിവാൾ അണ്ണാ ഹസാരെ പ്രക്ഷോഭവുമായുള്ള ബന്ധം മൂലം അറിയപ്പെടുന്ന ഒരാളായിരുന്നു. അഴിമതിക്കെതിരെ കുരിശുയുദ്ധവുമായി ഭരണസംവിധാനത്തിൽ അടിഞ്ഞുകൂടിയ അഴുക്ക് തൂത്തുവാരിക്കളഞ്ഞ് അതിനെ പരിഷ്കരിക്കും എന്ന പ്രഖ്യാപിക്കുന്ന ആം ആദ്മി പാർട്ടി പക്ഷേ മുതലാളിത്ത വ്യവസ്ഥയെ ചോദ്യം ചെയ്യുന്നുമില്ല. ആ നിലയ്ക്ക് അവർക്ക് ഒരൽപം പ്രചാരണം കൊടുക്കുന്നത് നല്ലതാണെന്ന് മുതലാളിത്ത മാധ്യമങ്ങളും തിരിച്ചറിഞ്ഞു.

ആരാണ് വർഗ്ഗ ശത്രു, ആരാണ് മിത്രം എന്ന് തിരിച്ചറിയാനുള്ള സഹജാവബോധം ഭരണ മുതലാളിവർഗ്ഗത്തിനുണ്ട്. മുതലാളിത്തവിരുദ്ധ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ അടിസ്ഥാന രാഷ്ട്രീയ ലൈനോടുകൂടി ഉയർന്ന തൊഴിലാളിവർഗ്ഗ സംസ്കാരത്തിലും ധാർമ്മികതയിലും അടിസ്ഥാനപ്പെടുത്തിയ നീണ്ടുനിൽക്കുന്ന ശക്തമായ വർഗ്ഗ ബഹുജന സമരങ്ങൾ വളർത്തിയെടുക്കാൻ പ്രതിജ്ഞാബദ്ധമായ നമ്മുടെ പാർട്ടി എസ്.യു.സി.ഐ (കമ്മ്യൂണിസ്റ്റ്) 2012 മാർച്ച് 14 ന് സംഘടിപ്പിച്ച ഐതിഹാസികമായ പാർലമെന്റ് മാർച്ച് അവർ കണ്ടതാണ്. രാജ്യത്തെ മറ്റെല്ലായിടത്തും മാത്രമല്ല ഡൽഹിയിലും പാർട്ടിക്ക് ഏറിവരുന്ന സ്വീകാര്യ

(ശേഷം പേജ് 13-ൽ)

# മുതലാളിവർഗ്ഗം ജനങ്ങളെ പാർലമെന്ററി വ്യാമോഹത്തിൽ തളച്ചിടുന്നു

(12-ാം പേജിൽ നിന്ന്)

തയും അവർക്കറിയുന്നതാണ്. അതുകൊണ്ട് ഔദ്യോഗിക ഇടതുപക്ഷം ഉൾപ്പെടെയുള്ള പാർട്ടികൾ അനുവർത്തിച്ചുവരുന്നതും ഇന്ന് പ്രമുഖമായിരിക്കുന്നതുമായ ദുഷിച്ച ബൂർഷ്വാ വോട്ടു രാഷ്ട്രീയത്തിൽ നിന്ന് വ്യത്യസ്തമായി, എസ്.യു.സി.ഐ(സി) യുടെ യഥാർത്ഥ വിപ്ലവ രാഷ്ട്രീയത്തിന്റെ ബദൽ ഒരു സാഹചര്യത്തിലും മുന്നോട്ടു വരാനും ജനരോഷത്തെ ശരിയായ പാതയിൽ ആവിഷ്കരിക്കാനും ഇടയാകരുത് എന്നുറപ്പുവരുത്താൻ ഭരണവർഗ്ഗം വളരെ കരുതലും ശ്രദ്ധയും പുലർത്തിയിരുന്നു. വ്യക്തിപരമായ ആക്രമണവും ചെളിവാരിയെറിയലും സ്വഭാവഹത്യയും ഗ്രൂപ്പുപോരും സ്വയം ഊതിപെരുപ്പിച്ചുകാട്ടലുമെല്ലാം മുഖ്യമായുപയോഗിക്കുന്ന തീർത്തും ആദർശരഹിതമായ അവസരവാദ അധികാര രാഷ്ട്രീയത്തിന്റെ വേലിയേറ്റത്തിൽ നിന്ന് നേർവിപരീതമായി എസ്.യു.സി.ഐ (സി) ഉന്നതമായ സംസ്കാരത്തിൽ അധിഷ്ഠിതമായ രാഷ്ട്രീയലൈനിനെ അടിസ്ഥാനമാക്കി നയിച്ച വിവിധ സമരങ്ങളുടെ വാർത്തകൾ തമസ്കരിക്കാൻ ഭരണവർഗ്ഗം എല്ലാ നിലയിലും ശ്രമിച്ചു. അതിനാൽ മാറ്റത്തിന്റെ മുദ്രാവാക്യവുമായി കുറച്ചൊരു കോളിളക്കം സൃഷ്ടിക്കാനും അതിലൂടെ താൽക്കാലികമായെങ്കിലും വിപ്ലവ രാഷ്ട്രീയം പ്രചരിക്കുന്നതിന് തടയിടാനും, ചീഞ്ഞുനാറുന്ന മുതലാളിത്തത്തിന്റെ വികൃതമുഖം മറച്ചുവയ്ക്കാനും സഹായിക്കുന്ന ശക്തികൾക്കുവേണ്ടിയുള്ള അന്വേഷണം മുതലാളിവർഗ്ഗം തിരക്കിട്ട് നടത്തി.

**ആം ആദ്മി പാർട്ടി പ്രതിഭാസം**

ഈ പരിപ്രേക്ഷ്യവും വിപ്ലവത്തെ അകറ്റിനിർത്താനുള്ള ഭരണ മുതലാളിവർഗ്ഗത്തിന്റെ വർഗ്ഗപരമായ ആവശ്യകതയും ഡൽഹി തിരഞ്ഞെടുപ്പ് ഫലം വിലയിരുത്തുമ്പോൾ കണക്കിലെടുക്കേണ്ടതുണ്ട്. തൊട്ടുമുൻപു നടന്ന ജനകീയ സമരങ്ങളുടെ, പ്രത്യേകിച്ചും അണ്ണാ ഹസാരെ സമരത്തിന്റെ, തുടർച്ചയായിട്ടാണ് ആം ആദ്മി പാർട്ടി ഉയർന്നുവന്നത്. അഴിമതിയും അഹങ്കാരവും അനാസ്ഥയും പാവപ്പെട്ട സാധാരണ ജനങ്ങളോട് കുറ്റകരമായ അവഗണനയും നിറഞ്ഞുനിന്ന ഒരു പരിതസ്ഥിതിയിൽ നിന്ന്, ഒപ്പം തന്നെ പ്രതിഷേധിക്കാനും നീതി ചോദിച്ചു വാങ്ങാനുമായി ജനങ്ങൾ നിശ്ചയദാർഢ്യം നേടി വന്നിരുന്ന ഒരു മണ്ണിൽ നിന്ന്, അത് ഉയർന്നു വന്നു. അതുകൊണ്ട് ജനകീയമായ പല ഡിമാന്റുകളും ഉയർത്തി ഒരു മാറ്റത്തിന് ആഹ്വാനം ചെയ്ത് എ.എ.പി ജനങ്ങളുടെ മനസ്സിൽ ഇടം നേടി. അതേസമയം അഴിമതിക്കെതിരെയും വിവിധ ജനകീയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടുമുള്ള അതിന്റെ പ്രഖ്യാപനങ്ങൾ ഒക്കെയുണ്ടെങ്കിലും അടിസ്ഥാനപരമായി ബൂർഷ്വാ വോട്ടു രാഷ്ട്രീയത്തിന്റെ പരിസരത്താണ് അത് നിൽക്കുന്നത്. ഈ ബൂർഷ്വാ രാഷ്ട്രീയമാകട്ടെ അതിന്റെ സ്ഥാപകർ മുന്നോട്ടുവച്ച അടിസ്ഥാനതത്വങ്ങളിൽ നിന്നൊക്കെയകന്ന് മലിനമായിരിക്കുകയുമാണ്. മാധ്യമ റിപ്പോർട്ടുകൾ പ്രകാരം എ.എ.പി ദരിദ്രരുടെയും മദ്ധ്യവർഗ്ഗത്തിന്റെയും, അവരിൽ തന്നെ മേലെത്തട്ടിൽ നിൽക്കുന്നവരുടെ വലിയൊരു വിഭാഗത്തിന്റെ, പിന്തുണ നേടിയതിനു പുറമേ പണം ധാരാളമുള്ള നിരവധി എൻ.ജി.ഒകളുടേയും പിന്തുണ നേടിയിരുന്നു. വലിയ ചിലവുള്ള അത്യാധുനിക പ്രചാരണയന്ത്രം ഉപയോഗിച്ചാണ് അതിന്റെ സന്ദേശം ജനങ്ങളിലെത്തിച്ചത്. എ.എ.പി ഇന്ത്യയിലെ രാഷ്ട്രീയക്കാരുടെ കണ്ണുതുറപ്പിക്കും എന്നും, രാഷ്ട്രീയത്തിലെ അജണ്ടതീരുമാനിക്കുന്ന പാർട്ടി അതാണെന്നും വാഴ്ത്തപ്പെടുന്ന രീതിയാണ് പരിഗണിക്കപ്പെടേണ്ട മറ്റൊരു കാര്യം. വ്യവസ്ഥിതിയെ ശുദ്ധീകരിക്കുമെന്നും അടിയന്തിര ആശ്വാസനടപടികളായി വൈദ്യുതി നിരക്ക് കാര്യമായി കുറക്കുമെന്നും, 700 ലിറ്റർ കുടിവെള്ളം നൽകുമെന്നും, 500 പുതിയ സ്കൂളുകൾ തുടങ്ങുമെന്നും മറ്റും അവർ വാഗ്ദാനം ചെയ്യുന്നുണ്ട്. ഇതെല്ലാം സ്വാഗതാർഹമാണ്. പക്ഷേ ഉത്തരം കിട്ടേണ്ട ചോദ്യം എങ്ങിനെ ഏത് മൂർത്തമായ നയം പിന്തുടർന്നുകൊണ്ട് ഇതെല്ലാം സാധിക്കും എന്നുള്ളതാണ്. എ.എ.പി ഇതുവരെ ഒരു നയപ്രഖ്യാപനം നടത്തിയിട്ടില്ല. മുതലാളിത്ത ആഗോളവൽക്കരണത്തിനും ജനജീവിതത്തിൽ നാശം വിതക്കുന്ന അതിന്റെ നടപടിയായ ഉദാരവൽക്കരണത്തിനും സ്വകാര്യവൽക്കരണത്തിനും തങ്ങൾ എതിരാണോ എന്ന് അവർ വ്യക്തമാക്കിയിട്ടില്ല. സ്വകാര്യവൽക്കരണത്തിന്റെയും കച്ചവടവൽക്കരണത്തിന്റെയും നയങ്ങൾ തിരുത്താതെ വെള്ളത്തിന്റെയും വൈദ്യുതിയുടെയും വിലകുറയുന്നതെങ്ങിനെ? ഒരു മുതലാളിത്ത വ്യവസ്ഥിതിയിൽ അഴിമതി തുടച്ചുനീക്കുന്നതെങ്ങിനെ? അഴിമതി എന്നത് മുതലാളിത്തത്തിന് മേൽ അടിഞ്ഞ അഴുക്കുമാത്രമല്ല. അത് ഒരുചൂലുകൊണ്ട് തൂത്തുകളഞ്ഞാൽ എല്ലാം കേമമാകും എന്നുമല്ല. അഴിമതിയും അതോടൊപ്പം മറ്റ് വ്യാധികളും വീഴ്ചകളും ഊട്ടിവളർത്തുന്നത് മുതലാളിത്തമാണ്. മരണാസന്നമായ, രോഗാതുരമായ മുതലാളിത്ത വ്യവസ്ഥിതിക്കെതിരെ പോരാടാതെ, പ്രധാനപ്രഹരം അതിന്റെ എല്ലാ ദുഷിച്ച നയങ്ങൾക്കും നടപടികൾക്കുമെതിരെ നൽകാതെ സമൂഹത്തെയും വ്യവസ്ഥയെയും തിന്മകളിൽനിന്ന് മോചിപ്പിക്കുന്നതെങ്ങിനെ?

എ.എ.പി നേതാവ് അരവിന്ദ് കെജ്രിവാൾ പറയുന്നത്, ഇന്ന് നിലവിലുള്ള വ്യവസ്ഥിതിയിൽ നല്ലഭരണം നടത്താൻ എ.എ.പിക്കാവില്ല, കാരണം വ്യവസ്ഥിതി താമസിയാതെ അവരെ കീഴ്പ്പെടുത്തും എന്നാണ്. അതിനാൽ ഒരു സ്വരാജിലൂടെ വ്യവസ്ഥിതിയെ പൂർണ്ണമായി മാറ്റേണ്ടിവരും. ഈ സ്വരാജ് എങ്ങിനെ നടപ്പിലാക്കും? എ.എ.പി പറയുന്നു: നിയമങ്ങൾ പാസാക്കിക്കൊണ്ട്, വികേന്ദ്രീകൃതമായ ഒരു സംവിധാനത്തിന്റെ സഹായത്തോടെ അവ നടപ്പിലാക്കിക്കൊണ്ട്. ഈ വികേന്ദ്രീകൃതമായ സംവിധാനം തന്നെ തെറ്റുകാരായ ആളുകളെ അരിച്ചുമാറ്റും. പുറമേക്ക് സദുദ്ദേശഭരിതമായ ഈ വാക്കുകൾ മറച്ചുവക്കുന്ന വസ്തുത ഇന്ത്യ ഒരു മുതലാളിത്ത രാഷ്ട്രമാണെന്നതാണ്. സ്വാതന്ത്ര്യത്തിനുശേഷം ഇവിടെ പ്രത്യക്ഷത്തിൽ ജനാനുകൂലമായ പല നിയമങ്ങളും ഉണ്ടായിട്ടുണ്ട്. പക്ഷെ, മുതലാളിത്ത വ്യവസ്ഥയുടെ അധികാര ഇടനാഴിയിലെ ഒരോ നട്ടും ബോൾട്ടും ചേരുന്ന ദുഷിച്ച കൂട്ടുകെട്ട് അവ നടപ്പിലാക്കുന്നത് തടഞ്ഞു. വ്യവസ്ഥിതി തീർച്ചയായും അരിച്ചുമാറ്റുന്നുണ്ട്, പക്ഷേ അത്

യഥാർത്ഥത്തിൽ മാറ്റത്തിന് വേണ്ടി നിലകൊള്ളുന്നവരെന്നും, അതിനാൽത്തന്നെ അപകടകാരികളെന്നും ഈ വ്യവസ്ഥിതിയുടെ ഉടമസ്ഥരും കാര്യസ്ഥൻമാരും കരുതുന്നവരെയാണ്. അതുകൊണ്ട്, എ.എ.പി മേധാവിയുടെ ഈ ഇഷ്ടസിദ്ധാന്തം പരാജയപ്പെടുന്ന ചില പരിശ്രമങ്ങളിൽ ചെന്നവസാനിക്കാനുള്ള എല്ലാ സാധ്യതയുമുണ്ട്. അങ്ങനെവന്നാൽ ജനങ്ങളുടെ മുമ്പിൽ സൃഷ്ടിക്കപ്പെട്ട പ്രഭാവലയം മങ്ങുകയും ജനങ്ങൾ നിരാശയിലേക്ക് വഴുതിവീഴുകയും ചെയ്യാം. അതുപോലെ, നമ്മുടേതുപോലെ വർഗ്ഗവിഭജിതമായ ഒരു സമൂഹത്തിൽ ഒരു പാർട്ടിക്കും വർഗ്ഗാതീതമായിരിക്കാൻ ആവില്ല. അത് ഒന്നുകിൽ, ഭരിക്കുന്ന മുതലാളി വർഗ്ഗത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കുന്ന പാർട്ടികളുടെ കൂട്ടത്തിൽ പെടുന്നു. അതല്ലെങ്കിൽ, വിപ്ലവ തൊഴിലാളിവർഗ്ഗത്തിന്റെ താൽപര്യങ്ങളെ പ്രതിനിധീകരിക്കുന്നു. ഉദാരജനാധിപത്യവാദികൾ പോലും അന്തിമ വിശകലനത്തിൽ മുതലാളിവർഗ്ഗ താൽപര്യമാണ് സേവിക്കുന്നത്. ഇതാണ് വസ്തുനിഷ്ഠ സത്യം. കാലഹരണപ്പെട്ട ഈ മുതലാളിത്ത വ്യവസ്ഥയെ നിയമങ്ങൾ മാറ്റിക്കൊണ്ട് പരിഷ്കരിക്കാൻ ഒരു സാധ്യതയുമില്ല. ഈ വ്യവസ്ഥയെ വിപ്ലവത്തിന്റെ പ്രഹരത്താൽ മുതലാളിത്തത്തെ തകർത്ത് പൂർണ്ണമായി മാറ്റാനേ സാധിക്കൂ. ഈ വിപ്ലവം, ശരിയായ വിപ്ലവ പ്രത്യയ ശാസ്ത്രത്താൽ നയിക്കപ്പെടുന്ന ഒരു യഥാർത്ഥ വിപ്ലവ പാർട്ടിക്കേ നയിക്കാനാവൂ, ഏതെങ്കിലും ബൂർഷ്വാ പാർട്ടിക്ക്, അതിനെത്ര ഉൽസാഹമുണ്ടെങ്കിലും, അത് കഴിയില്ല. എങ്കിലും പശ്ചിമബംഗാളിലെ കഴിഞ്ഞ അസംബ്ലി തിരഞ്ഞെടുപ്പിന് മുൻപ് ഞങ്ങൾ പറഞ്ഞതു പോലെ ഈ ബൂർഷ്വാ സംവിധാനത്തിലെ ഒരു സർക്കാരിനു പോലും കുറച്ച് ആശ്വാസം ജനങ്ങൾക്ക് നൽകാൻ കഴിയും. സത്യസന്ധതയേടെ ഭരിച്ചുകൊണ്ട്, ചില മേഖലകളിൽ കുറച്ചൊക്കെ അഴിമതി നിയന്ത്രിച്ചുകൊണ്ട്, കൈക്കൂലി വാങ്ങുന്നതിൽ നിന്ന് പോലീസിനെ വിലക്കിക്കൊണ്ട്, പോലീസ് ഉദ്യോഗസ്ഥ സംവിധാനത്തിൽ സാപേക്ഷ നിഷ്പക്ഷത കൊണ്ടുവന്നുകൊണ്ട്, രാഷ്ട്രീയ അക്രമങ്ങൾ തടഞ്ഞുകൊണ്ട്, നിർബന്ധിത ഗുണ്ടാപിരിവിനും പിടിച്ചുപറിക്കും കടിഞ്ഞാണിട്ടുകൊണ്ട്, ഗുണ്ടകളുടെ വിഹാരം നിയന്ത്രിച്ചുകൊണ്ട്, ന്യായമായ ജനാധിപത്യ സമരങ്ങളുടെ വളർച്ചയ്ക്കും വികാസത്തിനും ഇന്നുള്ള എല്ലാ തടസ്സങ്ങളും നീക്കം ചെയ്തുകൊണ്ട്, അനീതിക്കെതിരെ പ്രതിഷേധിക്കാൻ ജനങ്ങളെ അനുവദിച്ചുകൊണ്ട്. ആ ഗവണ്മെന്റ് അങ്ങനെ താല്പര്യപ്പെടുന്നുവെങ്കിൽ മാത്രം. "എങ്കിൽ" എന്നതാണ് ഇവിടെ പ്രധാനപ്രശ്നം. എ.എ.പിക്കും അത് ബാധകമാണ്.

**ആം ആദ്മി പാർട്ടിയിലെ ചില വൈരുദ്ധ്യങ്ങൾ**

ആം ആദ്മി പാർട്ടിയുടെ പ്രഖ്യാപിത ആദർശങ്ങളും അവരുടെ പ്രവൃത്തിയും തമ്മിലുള്ള ചില വൈരുദ്ധ്യങ്ങൾ ഇതിനകം പ്രത്യക്ഷപ്പെട്ടുകഴിഞ്ഞു. എ എ പിയുടെ രൂപീകരണവേളയിൽ അരവിന്ദ് കെജ്രിവാൾ പറഞ്ഞത് തങ്ങൾ രാഷ്ട്രീയത്തിൽ ചേരുകയില്ല എന്നായിരുന്നു. പിന്നീട് അദ്ദേഹം നിലപാട് മാറ്റുകയും തെരഞ്ഞെടുപ്പിൽ മത്സരിക്കുകയും ചെയ്തു. അതിന് ശേഷം എ.എ.പിക്ക് സർക്കാർ രൂപീകരിക്കാനുള്ള അവസരമുണ്ടായപ്പോൾ അവർ ആദ്യം വിമുഖത കാട്ടുകയാണുണ്ടായത്. പിന്നീട് ആ നിലപാടിലും പൊടുന്നനെ മാറ്റമുണ്ടായി. ഗവണ്മെന്റ് രൂപീകരിക്കണമോ വേണ്ടയോ എന്നത് സംബന്ധിച്ച് എസ്.എം.എസിലൂടെയും അതുപോലെയുള്ള പുതിയ സംവിധാനങ്ങളിലൂടെയും ജനഹിത പരിശോധന നടത്തുന്നതാണെന്ന് പ്രഖ്യാപിച്ചു. വോട്ടിലൂടെ പ്രകടിപ്പിക്കപ്പെട്ടതും ജനഹിതമാണെന്ന വസ്തുത വിസ്മരിച്ചുകൊണ്ട്, തങ്ങൾ എത്രമാത്രം ജനാധിപത്യവാദികളാണെന്ന് കാണിക്കാനായി അവർ അങ്ങനെ ചെയ്തു. കോൺഗ്രസ്സും ബിജെപിയും അഴിമതി നിറഞ്ഞവയും സമാനമായ പ്രത്യയശാസ്ത്രമുള്ളവയുമായ പാർട്ടികളാണെന്നാണ് കെജ്രിവാൾ പറഞ്ഞിരുന്നത്. എന്നാൽ, തത്വദീക്ഷയുള്ള വ്യക്തി എന്ന് മാധ്യമങ്ങൾ പ്രശംസിക്കുന്ന കെജ്രിവാൾ, എഎപി കോൺഗ്രസ്സിന്റെ പിന്തുണയോടുകൂടിയ ന്യൂനപക്ഷ ഗവണ്മെന്റ് രൂപീകരിക്കുന്നതിൽ

അധാർമ്മികമായി യാതൊന്നുമില്ല എന്ന് പ്രഖ്യാപിച്ചു. തുടർന്ന്, മറ്റ് ബൂർഷ്വാപാർട്ടികളിൽ സംഭവിക്കുന്നതുപോലെ തന്നെ എ.എ.പിക്കുള്ളിലും, ക്യാബിനറ്റിലെ പദവികൾ പങ്ക് വയ്ക്കുന്നത് സംബന്ധിച്ച് തർക്കവും കലഹവും ഉടലെടുത്തു. ക്യാബിനറ്റിൽ സ്ഥാനം കിട്ടാത്തതിൽ ക്ഷുഭിതനായ ഒരു പ്രമുഖ നേതാവ് പലതും തുറന്നുകാട്ടും എന്ന ഭീഷണിപോലും പുറപ്പെടുവിച്ചു. പെട്ടെന്ന് ഒരൊത്തുതീർപ്പുണ്ടാക്കി അദ്ദേഹത്തെ നിശ്ശബ്ദനാക്കി. ഈ ലക്ഷണങ്ങളെല്ലാം വച്ച് നോക്കുമ്പോൾ, ജനങ്ങളെ സങ്കുചിതമായ ബൂർഷ്വാ വോട്ട് രാഷ്ട്രീയത്തിന്റെ നാലതിരുകൾക്കുള്ളിൽ തളച്ചിടാൻ സഹായകമായ സംഘടന എന്ന നിലയിൽ പരീക്ഷിച്ചുനോക്കാവുന്ന ഒന്നായി എ.എ.പി-യെ സ്വീകരിക്കാൻ ഭരണവർഗ്ഗത്തിന് ബുദ്ധിമുട്ടുണ്ടെന്ന് തോന്നുന്നില്ല. തിരഞ്ഞെടുപ്പിനുമുമ്പത്തെ കണക്കുകൂട്ടലുകളെയെല്ലാം തെറ്റിച്ചുകൊണ്ട് ചില പാർട്ടികളോ ശക്തികളോ തിളങ്ങുന്ന വിജയം കൈവരിച്ചിട്ടുള്ള സന്ദർഭങ്ങൾ മുമ്പും ഉണ്ടായിട്ടുണ്ട്. തുടക്കത്തിൽ വലിയ പ്രതീക്ഷകൾ ജനിപ്പിക്കുമെങ്കിലും കാലം കടന്നുപോകുമ്പോൾ, നിർദ്ദയമായ മുതലാളിത്ത ചൂഷണനുകത്തിൻ കീഴിൽ ഞെരിഞ്ഞമരുന്ന ജനങ്ങളെ സംബന്ധിച്ചിടത്തോളം സ്ഥിതിഗതികൾ പഴയപടി തുടരുന്ന അനുഭവമാണുണ്ടായിട്ടുള്ളത്. എന്തുകൊണ്ടെന്നാൽ, മാറ്റം വന്നത് ഗവണ്മെന്റിന് മാത്രമാണ്, വ്യവസ്ഥിതിക്കല്ല. ഇങ്ങനെയൊക്കെയാണെങ്കിലും, ജനകീയ പ്രക്ഷോഭങ്ങളുടെ രൂപത്തിൽ തെരുവിൽ പ്രകടിപ്പിക്കപ്പെടുന്ന ബഹുജനാഭിപ്രായത്തിന് ഭരണവർഗ്ഗത്തിന്റെ പദ്ധതികളെ തകിടം മറിക്കാൻ കഴിയുമെന്ന് എ.എ.പിയുടെ വിജയം ഒരിക്കൽക്കൂടി തെളിയിച്ചിരിക്കുകയാണ്.

**കുത്തകകളും പ്രാദേശിക മുതലാളിമാരും തമ്മിലുള്ള വൈരുദ്ധ്യം**

രാഷ്ട്രീയപ്രാധാന്യമുള്ളതും അവഗണിച്ചുകൂടാത്തതുമായ മറ്റൊരു കാര്യം കൂടിയുണ്ട്. അങ്ങേയറ്റം രൂക്ഷമായ പ്രതിസന്ധിയിൽ ആണ്ടുമുങ്ങിയിരിക്കുന്ന ലോക മുതലാളിത്ത-സാമ്രാജ്യത്വ വ്യവസ്ഥിതിയുടെ അവിഭാജ്യ ഭാഗമായ ഇന്ത്യൻ മുതലാളിത്ത രാഷ്ട്രം നൈസർഗ്ഗികമായ വൈരുദ്ധ്യങ്ങളിൽപ്പെട്ടുഴലുകയാണ്. കടുത്ത കമ്പോളപ്രതിസന്ധിയെ അതിജീവിക്കാൻ വേണ്ടി കുത്തകമൂലധനം കേന്ദ്രീകച്ച് ദൃഢീകരിക്കാനുള്ള പ്രവണത അതിനുണ്ട്. അതേ സമയം തന്നെ, ചരിത്രപരമായ കാരണങ്ങളാൽ, ഇൻഡ്യൻ മുതലാളിത്ത രാഷ്ട്രത്തിൽ പ്രാദേശികമൂലധനം ഗണ്യമായ പങ്ക് വഹിക്കുന്നുണ്ട്. അതിനാൽ, കുത്തകമൂലധനം കേന്ദ്രീകരിച്ച് ദൃഢീകരിക്കാനുള്ള ശ്രമം എത്ര മാത്രം നടക്കുന്നുവോ അത്രയും കണ്ട്, കുത്തകകളും പ്രാദേശിക ബൂർഷ്വാസിയും തമ്മിലുള്ള വൈരുദ്ധ്യവും രൂക്ഷമാകുന്നു. വിവിധ സംസ്ഥാനങ്ങളിൽ പ്രാദേശിക രാഷ്ട്രീയപ്പാർട്ടികൾ വളർന്നുവരുകയും രാഷ്ട്രീയമായി നല്ല സ്വാധീനമുറപ്പിക്കുകയും ചെയ്യുന്നതിലൂടെ ഈ വൈരുദ്ധ്യമാണ് പ്രകടമാകുന്നത്. എങ്കിലും ഈ പാർട്ടികൾ കേന്ദ്രത്തിലോ സംസ്ഥാനങ്ങളിലോ അധികാരത്തിലേറുന്നതിന് വേണ്ടി പലപ്പോഴും കോൺഗ്രസ്സുമായോ ബിജെപിയുമായോ സഖ്യത്തിലേർപ്പെടുന്നു. എങ്ങനെയും അധികാരത്തിലേറുക, അധികാരത്തിന്റെ ഇടനാഴികളിൽ നിന്ന് കിട്ടുന്ന വിശേഷാവകാശങ്ങൾ അനുഭവിക്കുക എന്ന ഒറ്റ കാര്യപരിപാടിയേ അവർക്കുള്ളൂ. തെരഞ്ഞെടുപ്പിനെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന പാർട്ടികൾ, ഏതൊരു പാർട്ടിയുമായും സഖ്യമുണ്ടാക്കുന്നതിന് വേണ്ടി, മിക്കപ്പോഴും, രാഷ്ട്രീയത്തിൽ സ്ഥായിയായ ശത്രുക്കളോ മിത്രങ്ങളോ ഇല്ല എന്ന അവസരവാദപരമായ മുദ്രാവാക്യമുയർത്തുന്നതായി കാണാം.

പ്രധാനപ്പെട്ട രണ്ട് ബൂർഷ്വാ പാർട്ടികളിൽ ഒന്നിനും അടുത്ത ലോക്സഭാ തെരഞ്ഞെടുപ്പിൽ കേവലഭൂരിപക്ഷമുണ്ടാകാൻ സാദ്ധ്യതയില്ല. ഈയവസരം മുതലെടുക്കാൻ പ്രാദേശികപാർട്ടികൾ തുനിഞ്ഞിറങ്ങുകയാണ്. അതാത് സംസ്ഥാനങ്ങളിൽ അവർക്കുള്ള എം.എൽ.എമാരുടെയും എംപിമാരുടെയും എണ്ണം എടുത്ത് പറഞ്ഞ്, പ്രധാനമന്ത്രി സ്ഥാനാർത്ഥികളായി സ്വന്തം പാർട്ടിനേതാക്കളെ ഉയർത്തിക്കാട്ടുന്നു. എസ്.പി മുലായത്തെയും ടിഎംസി മമതയെയും എ.ഐ.എ.ഡി.എം.കെ ജയലളിതയെയും അങ്ങനെ അവതരിപ്പിക്കുന്നു. എന്നാൽ, പ്രധാനമന്ത്രിപദത്തിലേയ്ക്ക് എത്തിച്ചേരാൻ വേണ്ടി ആവിഷ്കരിച്ചിട്ടുള്ള തന്ത്രമെന്തെന്ന് ആരും വെളിപ്പെടുത്തുന്നില്ല. അഞ്ച് സംസ്ഥാന നിയമസഭകളിലേയ്ക്ക് നടന്ന തിരഞ്ഞെടുപ്പിന് ശേഷമുള്ള സാഹചര്യത്തിൽ, ഭാഗ്യപരീക്ഷണത്തിനിറങ്ങിയിട്ടുള്ള എല്ലാ പാർട്ടികളിലും മുഖ്യമായി കാണുന്ന സ്വഭാവവിശേഷം ഇതാ

(ശേഷം പേജ് 15-ൽ)

## സഖാവ് പ്രതിഭാകുമാരി അനുസ്മരണം

# ഉദാത്ത മനുഷ്യനെ സൃഷ്ടിക്കുന്നത് തൊഴിലാളിവർഗ്ഗ മൂല്യങ്ങൾ

(6-ാം പേജിൽനിന്ന്)

പലർക്കും അറിയാവുന്ന സൗരവ് ബോസ്, തമിഴ്നാട്ടിൽ ഏറെക്കാലം പ്രവർത്തിച്ച സഖാവ്, വലിയൊരു മസ്തിഷ്കാഘാതത്തെത്തുടർന്ന് വീണു, പിന്നീടന്തരിച്ചു. ഈ രണ്ടു സംഭവങ്ങളും എത്ര പൊടുന്നനെയുള്ള എത്ര വേദനാകരമായവയായിരുന്നു. ഇതെല്ലാം പാർട്ടിക്കും വിപ്ലവത്തിനും അളക്കാനാവാത്ത നഷ്ടം വരുത്തി. മുതലാളിത്ത സമൂഹത്തിൽ ശാസ്ത്രത്തിന് സ്വതന്ത്രമായി വളരാനാവില്ല, രണ്ട് കാരണങ്ങളാൽ. ഒന്നാമതായി പരമാവധി ലാഭമെന്ന തങ്ങളുടെ ലക്ഷ്യത്തിനു വേണ്ടി മുതലാളിവർഗ്ഗം ശാസ്ത്രത്തെ നിയന്ത്രിക്കുന്നു. ഗവേഷണം ഏതുവഴിക്ക് പോകണമെന്ന് വ്യവസായികൾ നിശ്ചയിക്കുന്നു. ശാസ്ത്രജ്ഞർക്കും ഗവേഷകർക്കും സ്വാതന്ത്ര്യമില്ല. രണ്ടാമതായി, മുതലാളിത്ത സമൂഹത്തിൽ നൽകപ്പെടുന്ന വിദ്യാഭ്യാസം ശാസ്ത്രീയചിന്താരീതി വളർത്തുന്നില്ല. നിലനിൽക്കുന്ന സാമൂഹ്യ അന്തരീക്ഷത്തിൽ നിന്ന് വിദ്യാർത്ഥികൾ വഹിക്കുന്ന മുൻവിധികളിൽ നിന്നും അന്ധവിശ്വാസങ്ങളിൽ നിന്നും അവരെ അത് സ്വതന്ത്രമാക്കുന്നുമില്ല. സ്വാഭാവികമായും നല്ലൊരു പങ്ക് ഡോക്ടർമാരും ശാസ്ത്രജ്ഞരും അത്തരം മുൻവിധികളിൽ നിന്ന് മുക്തരല്ല. പദാർത്ഥലോകത്തിന്റെ സത്യം കണ്ടെത്താൻ സഹായിക്കുന്ന ദ്വന്ദ്വാത്മക സമീപനം പുലർത്തുകയും ദ്വന്ദാത്മക പഠനരീതി പിന്തുടരുകയും ചെയ്യുന്ന ശാസ്ത്രജ്ഞർ തീരെ കുറവാണെന്ന് എംഗൽസ് ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ചൂഷണത്തിൽ അധിഷ്ഠിതമായ മുതലാളിത്ത വ്യവസ്ഥയിൽ നിന്ന് സമൂഹം സ്വതന്ത്രമാകുമ്പോൾ, സോഷ്യലിസം വരുമ്പോൾ, മുൻവിധികളുടെയും അന്ധവിശ്വാസങ്ങളുടെയും കൂച്ചുവിലങ്ങുകളിൽ നിന്ന് ശാസ്ത്രം സ്വതന്ത്രമായി പരിമിതികളില്ലാതെ അത് വികസിക്കുമ്പോൾ അത്തരം മരണങ്ങൾ സംഭവിക്കില്ല. മനുഷ്യന് ദീർഘായുസ്സ് നൽകാൻ കഴിയുംവിധമുള്ള ശാസ്ത്രവികാസം സോഷ്യലിസത്തിൽ സാധ്യമാകും. പക്ഷേ, അതിനും വിപ്ലവം ആവശ്യമാണ്. പലരും കരുതുന്നത് ദരിദ്രർമാത്രമാണ് വിപ്ലവത്തിനു വേണ്ടി പോരാടുന്നത് എന്നാണ്. അത് ശരിയായ ധാരണയല്ല. വിപ്ലവം ഉണ്ടാവുന്നത് സമൂഹത്തിന്റെ വസ്തുനിഷ്ഠ നിയമം മൂലമാണ്. അതെപ്പറ്റി ബോധവാനാകുന്നയാൾ വിപ്ലവകാരിയാകുന്നു. മാർക്സ് ഒരു ദരിദ്രനയിരുന്നില്ല. മാർക്സ് ഒരു മദ്ധ്യ വർഗ്ഗ കുടുംബത്തിൽ നിന്നാണ് വന്നത് എംഗൽസ് ഒരു വ്യവസായ കുടുംബത്തിലെ അംഗമായിരുന്നു. ലെനിനും മദ്ധ്യവർഗ്ഗകുടുംബത്തിൽ നിന്നാണ് വന്നത്. ഇന്നത്തെ വിപ്ലവം ചരിത്രപരമായി തൊഴിലാളിവർഗ്ഗത്തിന്റെ നേതൃത്വത്തിൽ മാത്രം വിജയിപ്പിക്കാൻ സാധിക്കുന്ന തൊഴിലാളിവർഗ്ഗവിപ്ലവമാണ്. അപ്പോൾ ദരിദ്രരുടെ മാത്രം കാര്യമാണ് വിപ്ലവമെന്ന് പറയുന്നവർ വിപ്ലവത്തെക്കുറിച്ചുള്ള ധാരണ വികലമാക്കുകയാണ്. സാമൂഹ്യമാറ്റത്തെക്കുറിച്ചും പുരോഗതിയെക്കുറിച്ചും ചിന്തിക്കുന്നവർ, സത്യത്തിനും നീതിക്കും വേണ്ടി പോരാടുന്നവർ, ഉയർന്ന മൂല്യങ്ങളെ സ്നേഹിക്കുന്നവർ, അവർ വിപ്ലവത്തിനു വേണ്ടി അണിചേരുന്നു. കമ്മ്യൂണിസ്റ്റ് സമരപാത ഉദാത്തമായ ഒന്നാണ്. ശാസ്ത്രത്തെ സ്നേഹിക്കുന്നവരും മനസ്സിലാക്കേണ്ടതുണ്ട്, ലാഭമെന്ന മുതലാളിത്ത ചാലക ശക്തിയിൽ നിന്ന് മോചിതമകാത്തിടത്തോളം ശാസ്ത്രത്തിന്റെ വികാസവും അസാദ്ധ്യമായിരിക്കുന്നു. ലാഭാർത്തിയിൽ നിന്ന് ശാസ്ത്രം സ്വതന്ത്രമാകുമ്പോൾ, അന്ന് ഇത്തരം വേദനാകരമായ മരണങ്ങൾ സംഭവിക്കില്ല.

അതുകൊണ്ട് പ്രതിഭാകുമാരി തന്റെ ജീവിതം സമർപ്പിക്കുകയും മരിക്കുകയും ചെയ്തത് ഒരു ഉദാത്തമായ പോരാട്ടത്തിന് വേണ്ടിയാണ്. അവരുടെ പ്രയത്നത്തിലെ ശേഷിച്ച കർത്തവ്യങ്ങൾ നമ്മൾ ഏറ്റെടുക്കേണ്ടിയിരിക്കുന്നു. ആ സമരം സഖാക്കൾ മുന്നോട്ടു കൊണ്ടുപോകണം. നിങ്ങൾ ഈ സമരത്തെ വീണ്ടും മുന്നോട്ടു നയിക്കണം. നൂറുകണക്കിന് ആയിരക്കണക്കിന് പ്രതിഭാകുമാരിമാരെ സൃഷ്ടിച്ച് വിപ്ലവത്തെ യാഥാർത്ഥ്യമാക്കാൻ, അതിനെ വിജയത്തിലെത്തിക്കാൻ നമ്മൾ ആ സമരം ഏറ്റെടുക്കുമെങ്കിൽ, എങ്കിൽ മാത്രമേ അവർക്ക് യഥാർത്ഥ വിപ്ലവ പ്രണാമം നൽകാൻ നമുക്കാവൂ. വിട്ടുപോകുന്ന ഒരു സഖാവിന് നാം ആദരവർപ്പിക്കുന്നത് അദ്ദേഹത്തിന്റെ സമരം മുന്നോട്ടുനയിച്ചുകൊണ്ടാണ്. മഹനീയമായ ജീവിതമാണ് കമ്മ്യൂണിസ്റ്റ് ജീവിതം.

പ്രതിഭാകുമാരിക്ക് ഒരു കുഞ്ഞുണ്ട്, മേഘ്ന. നമ്മുടെ സുഹൃത്തുക്കളും അഭ്യുദയകാംക്ഷികളുമായ നിരവധിപേർ അവൾക്കെന്തു സംഭവിക്കുമെന്ന ഉൽകണ്ഠയും വിഷമവും പ്രകടിപ്പിച്ചു. അവരുടെ ഈ ഉൽക്കണ്ഠ കാണിക്കുന്നത്, പ്രതിഭയോടും കുഞ്ഞിനോടുമുള്ള അവരുടെ ആഴമാർന്ന സഹതാപവും സ്നേഹവുമാണ്. സാധാരണ കുടുംബങ്ങളിൽ ഒരു അമ്മ മരിക്കുമ്പോൾ കുഞ്ഞിനത് ഏളുപ്പം നികത്താനാവാത്ത വലിയൊരു നഷ്ടമാണ്. പക്ഷേ നമ്മെ അടുത്തറിയുന്നവർക്ക് പ്രത്യേകിച്ചും നമ്മുടെ സെന്ററുകളിൽ താമസിക്കുന്ന സഖാക്കളെ അറിയുന്നവർക്ക് അറിയാം. നമ്മുടെ പാർട്ടി ജീവിതത്തിൽ ഒരു അമ്മ മരിക്കുമ്പോൾ, അത് വലിയ ഒരു നഷ്ടം തന്നെ സംശയമില്ല. പക്ഷേ പാർട്ടിയിൽ നിരവധി അമ്മമാരുണ്ട് ആ കുഞ്ഞിന്. അമ്മ നഷ്ടപ്പെട്ടുവെന്ന വേദന നിലനിൽക്കുമെങ്കിലും അത് നികത്താനാവും. ധാരാളം അമ്മമാർ, യഥാർത്ഥ അമ്മമാർ, ധാർമ്മിക മാതൃത്വം പേറുന്ന അമ്മമാർ ഈ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ മഹത്തായ സൃഷ്ടിയാണ്. ഞാനെന്റെ കുഞ്ഞിനെ സ്നേഹിക്കുന്നു, പക്ഷേ മറ്റൊരാളുടെ കുഞ്ഞിനെ ഞാനൊട്ടും കുറയാതെ സ്നേഹിക്കുന്നു. ഈ ജീവിത സങ്കൽപം എല്ലാ ധാർമ്മിക ബന്ധങ്ങളിലുമുണ്ട്. ബൂർഷ്വാ മാനവവാദം ബന്ധത്തെക്കുറിച്ചുള്ള ഈ ധാർമ്മിക ധാരണകൂടി കൊണ്ടുവന്നു. ബൂർഷ്വാ മാനവവാദത്തിലും മൂല്യങ്ങളുടെ പരസ്പര അംഗീകാരമാണ് ധാർമ്മിക ബന്ധങ്ങളുടെ അടിസ്ഥാനം. പക്ഷേ അത് വ്യക്തിവാദത്തിലും വ്യക്തിസ്വാതന്ത്ര്യത്തിലും അടിസ്ഥാനപ്പെടുത്തിയതാണെന്നതിനാൽ രണ്ട് വ്യക്തികൾക്ക് തത്വചിന്താപരമായി രണ്ട് വ്യത്യസ്ത വീക്ഷണങ്ങൾ നിലനിർത്താൻ സ്വാതന്ത്ര്യമുണ്ട്. എങ്കിലും അവർക്ക് ആത്മാർത്ഥ സുഹൃത്തുക്കളായിരിക്കാം. യഥാർത്ഥത്തിൽ അവർക്ക് ജീവിതത്തിൽ ഒരുമിച്ച് പോകാനാവില്ല; രണ്ട് വ്യത്യസ്ത വീക്ഷണങ്ങളുമായി അവർ രണ്ട് വ്യത്യസ്ത ലക്ഷ്യങ്ങളിൽ എത്തിയേ മതിയാകൂ. നേരെ മറിച്ച് കമ്മ്യൂണിസ്റ്റ് ബന്ധം ഏറെ ധാർമ്മികമാണ്, കൂടുതലുയർന്ന ധാർമ്മിക മൂല്യങ്ങളിൽ അധിഷ്ഠിതമാണത്. അതിനാൽ ഒരേ തത്വചിന്താപരമായ സമീപനത്തോടെ ഒരേ പ്രത്യയശാസ്ത്രവും ജീവിത ലക്ഷ്യവുമായി ഈ ബന്ധങ്ങൾ വളർന്ന് വികസിക്കുന്നു. അതുകൊണ്ട് നാമെല്ലാവർക്കും അന്ത്യം വരെ ഒരുമിച്ച് പോകാൻ കഴിയും. ഇതാണ് ബന്ധത്തെക്കുറിച്ചുള്ള കമ്മ്യൂണിസ്റ്റ് ധാരണ. ആ ബന്ധത്തിന്റ ഏറ്റവും ഉയർന്ന രൂപം മാർക്സും എംഗൽസും തമ്മിലുള്ള ബന്ധത്തിൽ കാണാം. എംഗൽസില്ലായിരുന്നെങ്കിൽ മാർക്സ് പട്ടിണി കാരണം മരിച്ചേനെ. ഒരു ധനിക കുടുംബത്തിൽ നിന്ന് വന്നയാളായിരുന്നെങ്കിലും എംഗൽസ്, മാർക്സിനെയും കുടുംബത്തെയും രക്ഷിക്കാൻ വേണ്ടി മാത്രം ഒരു ജോലി സ്വീകരിച്ചു. മാർക്സിന്റെ എല്ലാ കൃതികളും അദ്ദേഹം സൂക്ഷിക്കുകയും സംരക്ഷിക്കുകയും ചെയ്തു. അവ അദ്ദേഹത്തിനേറ്റവും പ്രിയപ്പെട്ടവയായിരുന്നു. മാർക്സിന്റെ മരണശേഷം അദ്ദേഹം അവ പരിശോധിച്ച്, മെച്ചപ്പെടുത്തി പ്രസിദ്ധീകരിച്ചു. നമുക്ക് എംഗൽസില്ലാതെ മാർക്സിനെ സങ്കൽപ്പിക്കാനാവില്ല. അത്തരത്തിലുള്ളതാണ് കമ്മ്യൂണിസ്റ്റ് ബന്ധം. ഇവിടെ നാം ഉയർന്ന രൂപത്തിലുള്ള ഒരു സ്നേഹത്തെ, അവൈയക്തികമായ രൂപമുള്ള സ്നേഹത്തെ കാണുന്നു. സ്വകാര്യ സ്വത്തുടമാ മനോഘടനയിൽനിന്ന് മുക്തമായത്, സ്നേഹത്തെയും ബന്ധങ്ങളെയും സംബന്ധിച്ച ബൂർഷ്വാ ധാരണയേക്കാൾ മഹത്തായ ഒന്ന്. ചിന്തയിലും പെരുമാറ്റത്തിലും ശീലങ്ങളിലും പ്രവർത്തനങ്ങളിലും ഉള്ള പഴയ സങ്കൽപത്തിൽ നിന്ന് തീർത്തും വിഭിന്നമായ, ഉദാത്തമായ ജീവിതസങ്കൽപമാണിത്. ലോകത്തെ എല്ലാ കമ്മ്യൂണിസ്റ്റ് പാർട്ടികളുടെയും വിവിധരാജ്യങ്ങളിലെ എല്ലാ വിപ്ലവകാരികളുടെയും സമരമാണിത്. വിവിധരാജ്യങ്ങളിൽ സോഷ്യലിസം സ്ഥാപിച്ചു കഴിയുമ്പോൾ, നിരവധി രാജ്യങ്ങളിലെ സോഷ്യലിസം വർഗ്ഗങ്ങൾ ഇല്ലാതാകാനുള്ള സാഹചര്യം സൃഷ്ടിക്കുമ്പോൾ, കമ്മ്യൂണിസം യാഥാർത്ഥ്യമാകും. അന്ന് വിപ്ലവജീവിതം വളരെ സാധാരണവും വളരെ സ്വാഭാവികവുമാകും. ഇതാണ് നമ്മുടെ സമരം, ഉദാത്തമായ ഒരു സമരം.

പ്രതിഭാകുമാരിയുടെ മരണം സഖാക്കളിൽ ആഴ്ന്നിറങ്ങുന്ന വേദനയുണ്ടാക്കിയിട്ടുണ്ട്. ഈ വേദനയിൽനിന്ന് സഖാക്കൾ കൂടുതൽ ആഴമുള്ള ഒരുകാര്യം മനസ്സിലാക്കേണ്ടതുണ്ട്. സഖാവ് ശിബ്ദാസ്ഘോഷ് അന്തരിച്ചപ്പോൾ, അതും വളരെ പെട്ടന്ന്, പാർട്ടിയിലാകമാനമത് അചിന്ത്യമായ വേദനയുളവാക്കി. എനിക്ക് മാസങ്ങളോളം കണ്ണീർ നിയന്ത്രിക്കാനായില്ല; ഇന്നും അദ്ദേഹത്തിന്റെ ജീവിതവും സമരവും ഒർത്താൽ എനിക്ക് കണ്ണ് നനയും. ആ വേദന എത്ര ആഴത്തിലുള്ളതാണെന്ന് എനിക്ക് വിശദീകരിക്കാനാവില്ല. പക്ഷേ ഒരിക്കലും അതെന്നെ നിസ്സഹായനാക്കിയില്ല. പാർട്ടിക്കും വിപ്ലവത്തിനും വേണ്ടി കൂടുതൽ സ്വയം സമർപ്പിക്കാനുള്ള പ്രചോദനമായിത്തീർന്നു ആ വേദന. വേദനക്ക് സഖാക്കളെ പ്രചോദിപ്പിക്കാൻ കഴിയും എന്ന് അന്നെനിക്ക് മനസ്സിലായി. അദ്ദേഹത്തിന്റെ നിര്യാണത്തിന് ശേഷം എന്റെ ഗുരുനാഥനായ അദ്ദേഹത്തിൽനിന്ന് പഠിച്ചത് ജനങ്ങളിലെത്തിക്കണമെന്ന് എനിക്ക് കൂടുതൽ ബോധ്യപ്പെട്ടു. ഒരോനിമിഷവും അദ്ദേഹത്തിന്റെ ചിന്തകൾ മുന്നോട്ടുകൊണ്ടുപോകേണ്ടതുണ്ട്. അന്നെനിക്ക് മനസ്സിലായി, വേദന ഒരാളെ കരയിച്ചേക്കാമെങ്കിലും അതിന് പ്രചോദിപ്പിക്കാനും കഴിയും. പക്ഷേ അത്, വേദനയെ അവൈയക്തികമായി സ്വീകരിക്കുമ്പോൾ മാത്രമാണ്. സ്നേഹത്തിന്റെ വ്യക്തിപരമായ രൂപവും വേദനസ്വീകരിക്കുന്നതിന്റെ വ്യക്തിപരമായ രീതിയും ആണ് നിസ്സഹായതയുണ്ടാക്കുന്നത്. അവൈയക്തികമായ വേദന മനുഷ്യനെ നിസ്സഹായനാക്കുകയല്ല, മറിച്ച് പ്രചോദിപ്പിക്കുകയാണ് ചെയ്യുക. പ്രതിഭാകുമാരി എല്ലാ സഖാക്കളെയും കരയിപ്പിച്ചു, പക്ഷേ ഒരു സഖാവും നിസ്സഹായനായില്ലെന്ന് ഞാൻ കണ്ടു. മറിച്ച് സമരം മുന്നോട്ടുകൊണ്ടു പോകാനും വിപ്ലവത്തിനുവേണ്ടി കൂടുതൽ സമർപ്പിക്കാനുമുള്ള കൂടുതൽ ദൃഢമായ പ്രതിജ്ഞകൾ അവർ എടുക്കുകയാണ് ചെയ്തത്. നിരവധി അനുഭാവികളെയും പാർട്ടി സുഹൃത്തുകളെയും സ്വന്തം മരണത്തിലൂടെ അവർ പാർട്ടിയോടടുപ്പിച്ചു. ഇത് വെറുമൊരു മരണമല്ല, ഒരുവിപ്ലവകാരിയുടെ മരണം വിപ്ലവത്തെ സഹായിക്കുന്ന ഒരു അന്തരീക്ഷവുമുണ്ടാക്കുന്നു.

ദുഃഖത്തിന്റെയും വേദനയുടെയും ഈ നിമിഷത്തിൽ പാർട്ടിയെ ആഴത്തിൽ മനസ്സിലാക്കാൻ സഖാക്കളോടഭ്യർത്ഥിക്കുന്നു. വിപ്ലവത്തിനുവേണ്ടി കൂടുതൽ സമർപ്പിക്കുമെന്ന് സഖാക്കൾ പ്രതിജ്ഞ എടുക്കുമെന്നും, അവർ നടത്തിയ സമരം മുന്നോട്ടുകൊണ്ടു പോകുമെന്നും, സഖാവ് ശിബ്ദാസ് ഘോഷ് കാണിച്ചുതന്ന വിപ്ലവപാതയിൽ മുന്നേറുമെന്നും എനിക്കുറപ്പുണ്ട്. സഖാവ് പ്രതിഭാകുമാരിക്ക് വിപ്ലവ പ്രണാമങ്ങൾ അർപ്പിക്കുന്നു.

സഖാവ് പ്രതിഭാകുമാരിക്ക് ലാൽസലാം

മഹാനായ തൊഴിലാളിവർഗ്ഗ നേതാവ്

സഖാവ് ശിബ്ദാസ്ഘോഷിന് ലാൽസലാം. ■



പാചകവാതകവിലവർദ്ധനവിനെതിരെ അഞ്ചലിൽ നടന്ന പ്രതിഷേധയോഗത്തിൽ സഖാവ് ജി.ധ്രുവകുമാർ പ്രസംഗിക്കുന്നു.



വിലക്കയറ്റത്തിനെതിരെ കൊയിലാണ്ടിയിൽ നടന്ന മിനി സിവിൽസ്റ്റേഷൻ മാർച്ച്



രാജ്യാന്തര വിദ്യാഭ്യാസ കച്ചവടമേളയ്ക്കെതിരെ എഐഡിഎസ്ഒയുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് സെക്രട്ടറിയറ്റിനുമുന്നിൽ നടന്ന വിദ്യാഭ്യാസ സംരക്ഷണ സംഗമം ഡോ. എൻ.എ.കരിം ഉദ്ഘാടനം ചെയ്യുന്നു. സേവ് എജ്യൂക്കേഷൻ കമ്മിറ്റി സംസ്ഥാന സെക്രട്ടറി എം.ഷാജർഖാൻ, എഐഎസ്എഫ് ജില്ലാ സെക്രട്ടറി ആദർശ്കൃഷ്ണ, എഐഡിഎസ്ഒ സംസ്ഥാന പ്രസിഡന്റ് ഇ.എൻ.ശാന്തിരാജ്, സെക്രട്ടറി ബിനുബേബി തുടങ്ങിയവർ പ്രസംഗിച്ചു. ■

# പാചകവാതക വിലവർദ്ധനവ് പിൻവലിക്കുക
# വ്യാപകമായ പ്രതിഷേധപരിപാടികൾ

**ഭീകരമായ പാചകവാതക വിലവർദ്ധനവിനും ആധാർ അടിച്ചേൽപ്പിച്ചുകൊണ്ട് ബാങ്ക് അക്കൗണ്ടുമായി ബന്ധപ്പെടുത്തി സബ്സിഡി നിഷേധിക്കുവാനുള്ള ഹീനനീക്കത്തിനുമെതിരെ രാജ്യവ്യാപകമായി ജനങ്ങളുടെ പ്രതിഷേധം വളർന്നുവരികയാണ്. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ ആഭിമുഖ്യത്തിൽ സംസ്ഥാന വ്യാപകമായി പ്രതിഷേധ പരിപാടികൾ നടന്നു. വിവിധ ജില്ലകളിൽ പാചകവാതക ഉപഭോക്തൃസമിതികൾക്ക് രൂപംകൊടുത്തുകൊണ്ട് ശക്തമായ ജനകീയപ്രക്ഷോഭം വളർത്തിയെടുക്കാനുള്ള പരിശ്രമം നടക്കുകയാണ്.**



കൊല്ലം ജില്ലാ പാചകവാതക ഉപഭോക്തൃസമിതിയുടെ ആഭിമുഖ്യത്തിൽ പ്രകടനവും ഹെഡ്പോസ്റ്റോഫീസിനുമുന്നിൽ പ്രതിഷേധയോഗവും നടന്നു. യോഗം കെ. ഭാസ്കരൻ ഉദ്ഘാടനം ചെയ്തു. ജനകീയപ്രതിരോധ സമിതി ജില്ലാ പ്രസിഡന്റ് എ. ജയിംസ്, ജനകീയ ഉപഭോക്തൃ സമിതി നേതാവ് അഡ്വ. സുഗതൻ ചിറ്റുമല, സമിതി ജില്ലാപ്രസിഡന്റ് കെ.ഒ. മാത്യു പണിക്കർ, സെക്രട്ടറി ജി.ധ്രുവകുമാർ, എസ്.രാധാകൃഷ്ണൻ, ഫാദർ ഗീവർഗ്ഗീസ് തരകൻ, ഡോ. കുഞ്ഞാണ്ടിച്ചൻ, വൈ.റോബർട്ട്, എസ്.രാഘവൻ, വി.ആന്റണി തുടങ്ങിയവർ നേതൃത്വം നൽകി.




പാചകവാതക വിലവർദ്ധനവിനെതിരെ പാലക്കാട് നഗരത്തിൽ പ്രതിഷേധ പ്രകടനം നടത്തി. പ്രകടനത്തെ തുടർന്ന് നടന്ന പ്രതിഷേധയോഗത്തിൽ എസ്.യു.സി.ഐ കമ്മ്യൂണിസ്റ്റ് ജില്ലാ സെക്രട്ടറി കെ.അബ്ദുൾ അസീസ് പ്രസംഗിച്ചു. ജില്ലാകമ്മിറ്റിയംഗങ്ങളായ സഖാക്കൾ കെ.എം.ബീവി, എ.റജീന, കെ.പ്രദീപ് എന്നിവർ പ്രകടനത്തിന് നേതൃത്ത്വം നൽകി.




തിരുവനന്തപുരം നഗരത്തിൽ എസ്‌യുസിഐ(സി) ജില്ലാകമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടന്ന പ്രതിഷേധ പ്രകടനം ജില്ലാസെക്രട്ടറി സഖാവ് ജി.എസ്.പത്മകുമാർ, ജില്ലാ കമ്മിറ്റിയംഗങ്ങളായ സഖാക്കൾ ആർ.ബിജു, ജി.ആർ.സുഭാഷ്, ബെന്നി ജോസഫ്, എം.ഷാജർഖാൻ, ഗോപകുമാർ തുടങ്ങിയവർ നയിക്കുന്നു.



എസ്‌യുസിഐ(സി)പ്രവർത്തകർ ചങ്ങനാശ്ശേരി ടൗണിൽ നടത്തിയ പ്രകടനം. സഖാക്കൾ ടി.ജെ.ജോണിക്കുട്ടി, കെ.സദാനന്ദൻ, എം.രാജൻ, കെ.എസ്.ശശികല തുടങ്ങിയവർ മുൻനിരയിൽ



അങ്കമാലിയിൽ നടന്ന പ്രതിഷേധ യോഗത്തിൽ പാർട്ടി ജില്ലാ കമ്മിറ്റിയംഗം സഖാവ് പി.പി. അഗസ്റ്റിൻ പ്രസംഗിക്കുന്നു. പ്രതിഷേധപ്രകടനത്തിന് സഖാക്കൾ കെ.സി.ജയൻ, ബിന്ദു.വി.പി, പി.വി.രജീഷ്, കെ.പി.പരമേശ്വരൻ, വി.കെ.മോഹനൻ തുടങ്ങിയവർ നേതൃത്വം നൽകി.

## അസംബ്ലി തെരഞ്ഞെടുപ്പുകൾ

(13-ാം പേജിൽ നിന്ന്)

ണ്. വഞ്ചനയുടെയും ചരടുവലികളുടേതുമായ ഈ വൃത്തികെട്ട അധികാര രാഷ്ട്രീയത്തിൽ കപട മാർക്സിസ്റ്റ് പാർട്ടികളും ഒട്ടും പിന്നിലല്ല. ദേശീയതലത്തിലോ പ്രാദേശികമായോ മറ്റേതെങ്കിലുമൊക്കെ പാർട്ടികളുമായി സഖ്യമുണ്ടാക്കിയില്ലെങ്കിൽ, തങ്ങൾക്ക് സീറ്റ് നേടാനാവുകയില്ലെന്ന് സി.പി.ഐ(എം)നെയും സി.പി.ഐയെയും പോലുള്ള പാർട്ടികൾക്ക് അറിയാം. അതിനാൽ, അത്തരം പാർട്ടികളുമായി എന്ത് വ്യവസ്ഥയിലും എന്ത് വിലകൊടുത്തും തെരഞ്ഞെടുപ്പ് സഖ്യമുണ്ടാക്കാൻ അവർ കിണഞ്ഞ് ശ്രമിക്കുന്നു. ഇത്തരത്തിൽ പ്രാദേശിക പാർട്ടികൾ എന്തെങ്കിലും കൂട്ടുകെട്ടുണ്ടാക്കുകയാണെങ്കിൽ, അതുമായോ അതല്ലെങ്കിൽ പ്രധാനപ്പെട്ട രണ്ട് പാർട്ടികളിൽ ഏതെങ്കിലുമായോ എ.എ.പി കൂട്ടുകെട്ടുണ്ടാക്കുമോ അതോ അവർ ഒറ്റയ്ക്ക് മത്സരിക്കുമോ എന്നൊക്കെ കണ്ടറിയേണ്ടതാണ്. എന്നാൽ, ഒരു കാര്യത്തിൽ സംശയമില്ല. ഈ അവസരവാദപരമായ തെരഞ്ഞെടുപ്പ് സഖ്യങ്ങൾക്കൊന്നും തന്നെ ജനങ്ങളുടെ താല്പര്യവുമായി യാതൊരു ബന്ധവുമില്ല എന്നതാണത്.

### ജനങ്ങൾ ഉൾക്കൊള്ളേണ്ട പാഠങ്ങൾ

വോട്ടുപിടിത്തത്തിന്റേതായ ഈ രാഷ്ട്രീയവും, ഗവണ്മെന്റ് മാറ്റവും, തെരഞ്ഞെടുപ്പിന് മുമ്പുള്ള വാഗ്ദാനങ്ങളും, അതിന് ശേഷമുള്ള ഉറപ്പുകളും ഒന്നുംതന്നെ ജനങ്ങൾക്ക് തരിമ്പും ആശ്വാസം നൽകാൻ പോകുന്നില്ല എന്ന് ജനങ്ങൾ മനസ്സിലാക്കേണ്ട കാലമായിരിക്കുന്നു. സംസ്ഥാനതലത്തിൽ പ്രവർത്തിക്കുന്ന പ്രാദേശികപ്പാർട്ടികളെ അധികാരത്തിലേറ്റിയാലും തങ്ങളുടെ യാതനകൾക്ക് ഒരു ഇളവുമുണ്ടാകുന്നില്ലെന്ന് ജനങ്ങൾ കണ്ടുകഴിഞ്ഞു. അഴിമതിയും കൃത്രിമങ്ങളും അധികാര ദുർവിനിയോഗവും മാഫിയാപ്രവർത്തനങ്ങളും ഗുണ്ടായിസവും വിലക്കയറ്റവും തൊഴിലില്ലായ്മയും സ്ത്രീകൾക്കെതിരായ അതിക്രമങ്ങളും എല്ലാം പഴയപോലെ തുടരുന്നു. തെരഞ്ഞെടുപ്പിന് മുമ്പ് മാദ്ധ്യമങ്ങൾ ജനങ്ങളുടെ ഈ പ്രശ്നങ്ങൾക്കോ ബുദ്ധിമുട്ടുകൾക്കോ ആവശ്യങ്ങൾക്കോ ഒരു പ്രാധാന്യവും നൽകുന്നില്ല. പകരം, ആരാണ് ഗവണ്മെന്റ് രൂപീകരിക്കേണ്ടത്, ആർക്കാണ് അവസരം നൽകേണ്ടത്, എ അധികാരത്തിൽ വരുന്നതാണോ ബി വരുന്നതാണോ അതുമല്ല ഇനി പുതുതായി ഉയർന്നുവന്നിട്ടുള്ള സി വരുന്നതാണോ കൂടുതൽ മെച്ചം എന്നിങ്ങനെയുള്ള വിഷയങ്ങളിൽ ജനങ്ങളുടെ ശ്രദ്ധയെ തളച്ചിടാൻ അവർ ശ്രമിക്കുന്നു. ബൂർഷ്വാ രാഷ്ട്രീയക്കാരും ബൂർഷ്വാ മാദ്ധ്യമങ്ങളും ജനങ്ങൾക്ക് തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്യാനുള്ള പരിപാവനമായ അവകാശത്തെപ്പറ്റിയും വോട്ടെടുപ്പിലൂടെയുള്ള ഗവണ്മെന്റ് രൂപീകരണത്തെ സഹായിക്കാനുള്ള കർത്തവ്യത്തെപ്പറ്റിയും ആവർത്തിച്ച് ഓർമ്മപ്പെടുത്താറുണ്ട്. പക്ഷെ, ജനങ്ങൾക്ക് ഈയൊരു അവകാശവും ഉത്തരവാദിത്വവും മാത്രം മതിയോ? ജനങ്ങളെ ചൂഷണം ചെയ്തും അടിച്ചമർത്തിയും ഭരിക്കാനുള്ളവരെ നിശ്ചിത ഇടവേളകളിൽ തെരഞ്ഞെടുക്കാനുള്ള അവകാശമാണോ ജനാധിപത്യ വ്യവസ്ഥിതിയിൽ ജനങ്ങൾക്കുണ്ടാകേണ്ട ഒരേയൊരവകാശം? അവരുടെ മറ്റ് അവകാശങ്ങളുടെ കാര്യമോ? ഭക്ഷണത്തിനും വസ്ത്രത്തിനും പാർപ്പിടത്തിനും തൊഴിലിനുമുള്ള അവകാശം? സർവ്വോപരി, ജീവിക്കാനുള്ള അവകാശം? അവയൊന്നും പരിപാവനങ്ങളായ അവകാശങ്ങളല്ലേ? യഥാർത്ഥത്തിൽ, വോട്ട് ചെയ്യാനുള്ള അവകാശത്തിന്റെ പരിപാവനതയെപ്പറ്റി നിരന്തരം പറയുകയും മറ്റ് അവകാശങ്ങളെപ്പറ്റി മൗനം പാലിക്കുകയും ചെയ്യുന്നതിലൂടെ ഭരണവർഗ്ഗം ജനങ്ങളിൽ പാർലമെന്ററി വ്യവസ്ഥിതിയെപ്പറ്റി വ്യാമോഹം സൃഷ്ടിക്കാനാണ് ശ്രമിക്കുന്നത്.

തെരഞ്ഞെടുപ്പ് ആസന്നമായിരിക്കുന്ന അവസരത്തിൽ, ചെറുതെങ്കിലും ഒരു മാറ്റം അതിലൂടെയുണ്ടാകണമെന്ന് ജനങ്ങൾ ആഗ്രഹിക്കുന്ന സന്ദർഭത്തിൽ, പോലും ജീവിതത്തിലെ നീറുന്ന പ്രശ്നങ്ങളുയർത്തിക്കൊണ്ടുള്ള ജനാധിപത്യ ബഹുജനപ്രക്ഷോഭങ്ങളുടെ പ്രാധാന്യം ജനങ്ങൾ ഓർത്തിരിക്കേണ്ടതുണ്ട്. ഈ കാലഘട്ടത്തിലെ ഉന്നതമായ പ്രത്യയശാസ്ത്രത്തിന്റെയും സംസ്കാരത്തിന്റെയും ധാർമ്മികതയുടെയും അടിസ്ഥാനത്തിൽ വളർത്തിയെടുക്കപ്പെടുന്ന ആ ജനാധിപത്യ സമരങ്ങളിലൂടെ മാറ്റുരയ്ക്കപ്പെട്ട സമരസേനാനികളെ വേണം ജനപ്രതിനിധി സഭകളിലേയ്ക്ക് തെരഞ്ഞെടുത്തയയ്ക്കാൻ. ജനപ്രതിനിധിസഭകളിൽ വന്നുനിറയുന്ന സ്വാർത്ഥമതികളും അധികാരമോഹികളുമൊക്കെച്ചേർന്ന് സഭാനടപടികളെ അപഹാസ്യമാക്കിത്തീർക്കുകയും, ഭരണം തന്നെ പ്രഹസനമാക്കുകയും ചെയ്യുമ്പോൾ, നിസ്വാർത്ഥരും ജനങ്ങളോട് പ്രതിജ്ഞാബദ്ധരുമായ ആ യഥാർത്ഥ ജനപ്രതിനിധികൾ അതിന് തടയിടും. പാർലമെന്റിന് പുറത്ത് നടക്കുന്ന ശക്തമായ ജനാധിപത്യസമരത്തിന്റെ പിൻബലത്തോടെ അവർ പാർലമെന്ററി വേദികളിൽ ജനങ്ങളുടെ യഥാർത്ഥ ശബ്ദമുയർത്തും. ജനവിരുദ്ധമായ നയങ്ങളെ ഏതെങ്കിലും അളവിൽ പ്രതിരോധിക്കാനും, എന്തെങ്കിലും ആശ്വാസം ജനങ്ങൾക്കുവേണ്ടി നേടിയെടുക്കാനും കഴിയണമെങ്കിലും അത് ആവശ്യമാണ്.

■

*Date of Posting 9 th & 10 th of every month at RMS, Trivandrum.*
*Date of publishing January1st, 2014.*
P.R. No. KL/TV(N)/452/2012-2014
R. N. 24773/1992

# UNITY
MALAYALAM MONTHLY

Vol 40 No.10
Price : Rs 5.00
January 2014

# മഹാനായ അയ്യൻകാളി നയിച്ച കാർഷിക പണിമുടക്കത്തിന്റെ 100–ാം വാർഷികാചരണം




തിരുവനന്തപുരം മുട്ടത്തറയിൽ അയ്യൻകാളിയും കേരള നവോത്ഥാനവും എന്ന വിഷയത്തിൽ നടന്ന ചർച്ചയിൽ ജി.എസ്.പത്മകുമാർ വിഷയാവതരണം നടത്തുന്നു.

മഹാനായ അയ്യൻകാളി നയിച്ച കാർഷിക പണിമുടക്കത്തിന്റെ നൂറാം വാർഷികാചരണത്തോടനുബന്ധിച്ച് ഡിസംബർ 21 ന് മുട്ടത്തറ എൻ. ഗംഗാധരൻ സ്മാരക ഹാളിൽ അയ്യൻകാളിയും കേരള നവോത്ഥാനവും എന്ന വിഷയത്തിൽ ചർച്ച നടന്നു. ആചരണകമ്മിറ്റി സംസ്ഥാന കൺവീനർ ജി.എസ്. പത്മകുമാർ വിഷയാവതരണം നടത്തി.

എസ് വിജയകുമാർ (കൗൺസിലർ,ശ്രീവരാഹം വാർഡ്), ബി.എസ്.സതീശൻ (ജില്ലാ പ്രസിഡന്റ് KPMS), ഡോ.ശിശുപാല പണിക്കർ, വേട്ടക്കുളം ശിവാനന്ദൻ, എം.ഷാജർഖാൻ, ശ്രീവരാഹം മുരളി, വടുവത്ത് കൃഷ്ണകുമാർ (INTUC സംസ്ഥാന ജനറൽ കൗൺസിൽ അംഗം), കെ.രാജൻ (അഖില കേരള പരവർ സമുദായസംഘടന മുൻ ജില്ലാ സെക്രട്ടറി), എ.എൽ.എം കാസിം (INL ജില്ലാ ജനറൽ സെക്രട്ടറി), എ.സബൂറ (AIMSS ജില്ലാ സെക്രട്ടറി), പെരുന്നെല്ലി കൃഷ്ണകുമാർ (കേരള തണ്ടാർ സർവ്വീസ് സൊസൈറ്റി) എന്നിവർ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചു. ആചരണ കമ്മിറ്റി ജില്ലാ കൺവീനർ ആർ ബിജു അദ്ധ്യക്ഷത വഹിച്ചു. തിരുവനന്തപുരം വെസ്റ്റ് മേഖലാ കൺവീനർ പി.എസ്. ഗോപകുമാർ സ്വാഗതം പറഞ്ഞു.

ഡിസംബർ 15 ന് ബാലരാമപുരം എസ്.എൻ.ഡി.പി ഹാളിൽ, നെയ്യാറ്റിൻകര മേഖലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടന്ന പരിപാടിയിൽ ജി.എസ്. പത്മകുമാർ മുഖ്യ പ്രസംഗം നടത്തി. പി.പി.ഗോപി ഐ.എ.എസ്, എൽ.പി.അതിയന്നൂർ എന്നിവർ സംസാരിച്ചു. ആർ.ബിജു അദ്ധ്യക്ഷത വഹിച്ചു. മേഖലാ കമ്മിറ്റി കൺവീനർ ഡി. ഹരികൃഷ്ണൻ സ്വാഗതം പറഞ്ഞു.

ഡിസംബർ 19 ന് വെള്ളനാട് പബ്ലിക് ലൈബ്രറി ഹാളിൽ അയ്യൻകാളിയും കേരള നവോത്ഥാനവും എന്ന വിഷയത്തിൽ ചർച്ച നടന്നു. വെള്ളനാട് മേഖലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടന്ന ചർച്ചയിൽ ജി.എസ്. പത്മകുമാർ വിഷയാവതരണം നടത്തി. വെള്ളനാട് രാമചന്ദ്രൻ അദ്ധ്യക്ഷത വഹിച്ചു. വിളപ്പിൽശാല ജനകീയസമിതി പ്രസിഡന്റ് എസ്. ബുർഹാൻ, നാഗേഷ്, ആർ.ബിജു, ജി.ആർ.സുഭാഷ്, എസ്.ശ്രീകുമാർ എന്നിവർ ചർച്ചയിൽ പങ്കെടുത്തു സംസാരിച്ചു. ■



## നെൽസൺ മണ്ടേലയുടെ നിര്യാണത്തിൽ അനുശോചിച്ചു.

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ്ഘോഷ് ഡിസംബർ 6 ന് പുറപ്പെടുവിച്ച പ്രസ്താവനയിൽ, വർണ്ണ വിവേചനത്തിനും സാമ്രാജ്യത്വത്തിനുമെതിരെ ഐതിഹാസികമായ പോരാട്ടം നയിച്ച നെൽസൺ മണ്ടേലയുടെ നിര്യാണത്തിൽ അഗാധമായ ദുഃഖം രേഖപ്പെടുത്തി. ■

# സ്വവർഗ്ഗരതി പോലുള്ള അധഃപതിച്ച ചിന്തകൾ പടർന്നുപിടിക്കുന്നത് തടയാൻ ഉയർന്ന സംസ്കാരത്തിലും നീതിബോധത്തിലും അധിഷ്ഠിതമായ ശക്തമായ സാമൂഹ്യ–സാംസ്കാരിക പ്രസ്ഥാനം കെട്ടിപ്പടുക്കുക

*എസ്.യു.സി.ഐ(സി) ജനറൽസെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ് 2013 ഡിസംബർ 15ന് പുറപ്പെടുവിച്ച പ്രസ്താവന*

സ്വവർഗ്ഗരതി പ്രകൃതിവിരുദ്ധവും രോഗാതുരവും വൈകൃതം നിറഞ്ഞതുമായ ജീവിതശൈലിയാണ്. മുൻകാലങ്ങളിലും ഇത്തരം അധഃപതിച്ച പെരുമാറ്റം ഒറ്റപ്പെട്ട സംഭവങ്ങളെന്ന നിലയിൽ ഉണ്ടായിരുന്നു. സ്വാഭാവികമായ സ്ത്രീപുരുഷ ലൈംഗികബന്ധത്തിനുള്ള സാഹചര്യം ദീർഘകാലത്തേയ്ക്ക് നിഷേധിക്കപ്പെടുന്ന കൂലിപ്പട്ടാളത്തിലോ അതുപോലുള്ള മറ്റ് സംഘങ്ങളിലോ ഇടങ്ങളിലോ ഒക്കെയാണ് അത് കാണപ്പെട്ടിരുന്നത്. എന്നാൽ, മനോവൈകൃതത്തിന്റെയും ജീർണ്ണതയുടെയും പ്രകടനമായ ഈ പെരുമാറ്റം ഒരിക്കലും സാമൂഹ്യാംഗീകാരം നേടിയിരുന്നില്ല. അത്തരം പ്രവൃത്തികളിലേർപ്പെടുന്നവരെ സമൂഹം നിന്ദാപൂർവ്വമാണ് വീക്ഷിച്ചിരുന്നത്. പക്ഷെ, ഇന്ന് ചിലർ വ്യക്തിസ്വാതന്ത്ര്യവും ജനാധിപത്യാവകാശവും സംരക്ഷിക്കുന്നതിന്റെ പേരിൽ സ്വവർഗ്ഗരതിയെ പിന്തുണയ്ക്കുകയാണ്. എന്നാൽ, അവർ ഒരു സുപ്രധാന വസ്തുത വിസ്മരിക്കുന്നു. അതായത്, പാശ്ചാത്യരാജ്യങ്ങളിൽ, അന്ന് പുരോഗമനകാരിയായിരുന്ന ബൂർഷ്വാസിയുടെ നേതൃത്വത്തിൽ ഉയർന്നുവന്ന ജനാധിപത്യ പ്രസ്ഥാനം പുരോഗമനപരമായ നവോത്ഥാനാശയങ്ങളുടെ പിൻബലത്തിലാണ് വളർന്നുവന്നത്. അത്, കാലഹരണപ്പെട്ടതും അന്ധവിശ്വാസജഡിലവും മതാധിഷ്ഠിതവുമായിരുന്ന ഫ്യൂഡൽവ്യവസ്ഥിതിക്കെതിരായി പുതിയ ഒരു യുഗത്തിന്റെ പിറവി കുറിച്ചു. ആ പ്രസ്ഥാനം ആധുനിക ജനാധിപത്യത്തിന്റെയും മതേതര തത്ത്വങ്ങളുടെയും വ്യക്തിസ്വാതന്ത്ര്യത്തിന്റെയും സ്ത്രീസ്വാതന്ത്ര്യത്തിന്റെയും ഉദാത്തമായ ആദർശങ്ങൾ ഉയർത്തിപ്പിടിച്ചു. അതുപോലെ തന്നെ, ജാതിക്കും ആചാരങ്ങൾക്കും ദേശീയതയ്ക്കും മതത്തിനും മറ്റും അതീതമായ സ്ത്രീപുരുഷാനുരാഗത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടിയും ആ പ്രസ്ഥാനം നിലകൊണ്ടു. പക്ഷെ, സ്വവർഗ്ഗരതിക്കുള്ള സ്വാതന്ത്ര്യം വേണമെന്ന ആവശ്യം അന്ന് ഉയർത്തപ്പെട്ടതേയില്ല. പിൽക്കാലത്ത്, പ്രതിലോമകാരിയായിത്തീർന്ന ബൂർഷ്വാസിയുടെ ചൂഷണവാഴ്ചയ്ക്കുകീഴിൽ, സർവ്വാശ്ലേഷിയായ സാമൂഹ്യജീർണ്ണതയുടെ സാഹചര്യത്തിൽ, വ്യക്തിസ്വാതന്ത്ര്യമെന്നത് യാതൊരുവിധ സാമൂഹ്യ ഉത്തരവാദിത്വമോ മാനുഷിക മൂല്യമോ ഇല്ലാത്ത വിശേഷാവകാശം മാത്രമായി അധഃപതിച്ചു. അധാർമ്മികമായ സ്വകേന്ദ്രീയതയിലും വഷളൻ ഉപഭോഗചിന്തയിലും ഒതുങ്ങിക്കൂടുന്ന ഒന്നായി അത് മാറി. മനുഷ്യാവകാശത്തിന്റെയും വിനോദത്തിന്റെയും പ്രശ്നത്തെ നിരങ്കുശമായ ഭോഗാസക്തിയുമായും വഴിവിട്ടതും അധാർമ്മികവുമായ ജീവിതവുമായും വിവാഹേതര ലൈംഗികബന്ധം ജാരവൃത്തി തുടങ്ങിയവയുമായും തുലനപ്പെടുത്തുന്ന സ്ഥിതി വന്നിരിക്കുന്നു. ജീർണ്ണവും വിഷലിപ്തവുമായ ഈ സാഹചര്യത്തിന്റെ ദുഷിച്ച സ്വാധീനം മൂലമാണ് ജനങ്ങളിൽ ഒരു വിഭാഗത്തിനിടയിൽ സ്വവർഗ്ഗരതിയോടുള്ള ആഭിമുഖ്യം വളർന്നുവരുന്നത്. അധാർമ്മികവും നീതിബോധത്തിന് നിരക്കാത്തതും സാമൂഹ്യമായി ഹാനികരവും പ്രതിലോമകരവുമായ ഏതെങ്കിലും പ്രവൃത്തിയെയോ ജീവിതരീതിയെയോ, കാലം മാറിയിരിക്കുന്നുവെന്ന വാദമുയർത്തി പിന്തുണയ്ക്കാനാവില്ല എന്നോർക്കണം. അത്തരം അധാർമ്മികമായ ജീവിതരീതി സമൂഹത്തിന്റെ താല്പര്യത്തിന് അളവറ്റ ഹാനി വരുത്തുന്നതും അതുകൊണ്ട് തന്നെ, ശിക്ഷാർഹവുമാണെന്നതാണ് ഞങ്ങളുടെ ദൃഢമായ അഭിപ്രായം. പക്ഷെ, നിയമം കൊണ്ടുമാത്രം ഈ വിപത്തിനെ ഇല്ലാതാക്കാൻ സാധിക്കുകയില്ല. ഉന്നതമായ മൂല്യങ്ങളിൽ അധിഷ്ഠിതമായ ശക്തമായ ഒരു സാമൂഹ്യ–സാംസ്കാരിക പ്രസ്ഥാനത്തിന്റെ വേലിയേറ്റത്തിന് മാത്രമേ ഈ ജീർണ്ണതയ്ക്കെതിരെ പര്യാപ്തമായ ബഹുജനാഭിപ്രായം സൃഷ്ടിക്കാനും ഇത്തരം അധഃപതിച്ച ആശയങ്ങൾ പടർന്നുപിടിക്കുന്നത് തടയാനും കഴിയുകയുള്ളൂ. ■




ഗാഡ്ഗിൽ റിപ്പോർട്ട് നടപ്പിലാക്കാനാവശ്യപ്പെട്ടുകൊണ്ട് *പശ്ചിമഘട്ട സംരക്ഷണ ഏകോപനസമിതി*യുടെ ആഭിമുഖ്യത്തിൽ ജനുവരി 8–ന് നടന്ന നിയമസഭാ മാർച്ചിനെ എസ്.യു.സി.ഐ(കമ്മ്യൂണിസ്റ്റ്) കേന്ദ്രക്കമ്മിറ്റിയംഗവും സംസ്ഥാനസെക്രട്ടറിയുമായ സഖാവ് സി.കെ.ലൂക്കോസ് അഭിസംബോധന ചെയ്യുന്നു. സുഗതകുമാരി ഉദ്ഘാടനം ചെയ്ത പരിപാടിയിൽ ഗാഡ്ഗിൽ കമ്മിറ്റിയംഗം ഡോ.വി.എസ്.വിജയൻ, സാറാ ജോസഫ്, ചെങ്ങറ സമരനായകൻ ളാഹ ഗോപാലൻ, വിളപ്പിൽശാല ജനകീയസമിതി പ്രസിഡന്റ് എസ്.ബുർഹാൻ, ഡോ.ഡി.സുരേന്ദ്രനാഥ്, എൻഡോസൾഫാൻ പീഡിത ജനകീയസമിതി നേതാവ് അമ്പലത്തറ കുഞ്ഞികൃഷ്ണൻ, ടി.പീറ്റർ, കെ.അജിത തുടങ്ങിയവരുൾപ്പെടെ സാമൂഹ്യ–സാംസ്കാരിക–രാഷ്ട്രീയ രംഗങ്ങളിലെ നിരവധി പ്രമുഖർ പ്രസംഗിച്ചു. ■

## വിലക്കയറ്റം തടയുക. പാചകവാതക വിലവർദ്ധനവ് പിൻവലിക്കുക. ആധാർ അടിച്ചേൽപ്പിക്കരുത്.

ജനുവരി **31**

## സംസ്ഥാന വ്യാപകമായി ജില്ലാ കേന്ദ്രങ്ങളിൽ കേന്ദ്രസർക്കാർ ഓഫീസുകളിലേക്ക്

# പ്രതിഷേധമാർച്ച്

Edited, Printed & Published by C. K. Lukose, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum - 695 035. *Ph:* 0471-2307151;
*E-mail:* unitymagazine@gmail.com; *Website:* **www.kerala.sucicommunist.org** on behalf of Kerala State Committee, SUCI(C).
Printed at Cochin Printech Pvt Ltd, Kochi.